

# വൈരിവിജയം.


CHANDRIKA
AYURVEDIC SOAP
CHANDRIKA SOAP
AYURVEDIC TOILET
ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
ചന്ദ്രിക ഔഷധസ്സോപ്പ്
പതിവായി ഉപയോഗിക്കുക


നവദമ്പതിമാർക്ക്
ഞങ്ങളുടെ
മധുരാശംസകൾ.
കല്ല്യാണസാരികൾക്കും
മററെല്ലാ തുണിത്തരങ്ങൾ
ക്കും: ചാക്കോളാസ് സില്ക്ക് ഹൌസ്
Chakolas
SILK HOUSE
TRICHUR & ERNAKULAM

അഖിലകേരള സൊഡാലിററി മാസിക

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി. എ.

ഒററപ്രതി: 17ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

# മേരിവിജയം

PHONE: 603
TRICHUR

പുസ്തകം XIV ★ 1964 ഒക്ടോബർ ★ ലക്കം X

# പത്രാധിപപംക്തി

## ദിവ്യകാരുണ്യകോൺഗ്രസ്സ്

ചിരപ്രതീക്ഷിതമായ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സ് ഇതാ ആസന്നമായിരിക്കുന്നു. രണ്ടു മാസം തികച്ചില്ല ആ മഹൽസംഭവത്തിന്. ലോകവും, ഭാരതവും, സർവ്വോപരി ബോംബെ നഗരവും അണിഞ്ഞൊരുങ്ങിക്കൊണ്ടിരിക്കയാണ് ആ ലോകമഹാപ്രകടനത്തിന്റെ വിജയകരമായ പരിസമാപ്തിക്കുവേണ്ടി. കപ്പലിലും, തീവണ്ടിയിലും, ബസ്സിലും, കാറിലും, വിമാനത്തിലും മററുമായി പതിനായിരത്തോളം പേർ കേരളത്തിൽ നിന്നുതന്നെ ഈ കോൺഗ്രസ്സിൽ സംബന്ധിക്കുവാനായി പോകുന്നതായിരിക്കും; അതുപോലെ തന്നെ ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽനിന്നും, ക്രൈസ്തവലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം തീർത്ഥകർ അതിൽ സംബന്ധിക്കും. ഈ വലിയ സംഭവത്തിന്റെ വിജയകരമായ നടത്തിപ്പിനും അതുവഴിയായി ഭാരതത്തിനും ലോകത്തിനുതന്നെയും ആദ്ധ്യാത്മികമായ അഭിവൃദ്ധി കൈവരുന്നതിനും വേണ്ടി നാം കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥനയും പ്രായശ്ചിത്തവും നിർവ്വഹിക്കേണ്ടതായ ദിവസങ്ങളാണിവ.

## “എക്ലേസിയാം സുവാം”

ആറാം പോൾ മാർപ്പാപ്പ ആദ്യമായി പ്രസിദ്ധീകരിച്ചിരിക്കുന്ന തന്റെ ചാക്രിക ലേഖനത്തിന്റെ ആദ്യത്തെ വാക്കുകളാണ് "എക്ലേസിയാം സുവാം" (സ്വന്തം സഭ). പാരമ്പര്യമനുസരിച്ച്, ഈ വാക്കുകളാണ് ഈ വിശ്വലേഖനത്തിന്റെ പേരായി അറിയപ്പെടുക. 15000 വാക്കുകളുള്ള പ്രസ്തുത ലേഖനത്തിൽ ഗണനീയമായ ഒരു ഭാഗം നിരീശ്വരത്വത്തെക്കുറിച്ച് പ്രതിപാദിക്കുവാനാണ് തിരുമേനി ഉപയോഗിച്ചിരിക്കുന്നത്. നിരീശ്വരത്വമാണ് നമ്മുടെ യുഗത്തിന്റെ ഏററം ഗുരുതരമായ പ്രശ്നം എന്നും തിരുമേനി പ്രസ്താവിക്കുന്നുണ്ട്. പൊതുവായ ലക്ഷ്യങ്ങളെ വിജയിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും തന്നോട് സഹകരിക്കുവാനായി തിരുമേനി യഹൂദന്മാരേയും മുസ്ലീമുകളേയും എല്ലാ ആഫ്രോ-ഏഷ്യൻ മതാനുയായികളേയും അതിൽ ആഹ്വാനം ചെയ്യുന്നുണ്ട്. മതസ്വാതന്ത്ര്യം, സാർവ്വലൌകികസാഹോദര്യം, സുഭഗസുന്ദരമായ സംസ്കാരം, സാമൂഹ്യഭദ്രത, പൌരസ്വാതന്ത്ര്യം എന്നിവയാണ് എല്ലാ മതാനുയായികളുടേയും സഹകരണത്തോടെ നേടേണ്ടതായ പൊതുലക്ഷ്യങ്ങളായി തിരുമേനി നിർദ്ദേശിച്ചിരിക്കുന്നത്. ആധുനികലോകത്തിൽ റോമൻ കത്തോലിക്കാസഭ നിർവ്വഹിക്കേണ്ട ചുമതലകളെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ ലോകസമാധാനത്തിനുവേണ്ടി താൻ ആത്മാർപ്പണംചെയ്തു പ്രവർത്തിക്കുമെന്നും തിരുമേനി വാഗ്ദാനം ചെയ്യുന്നുണ്ട്. തർക്കങ്ങൾ പരിഹരിക്കുന്നതിന് മാദ്ധ്യസ്ഥ്യം വഹിക്കാൻ കത്തോലിക്കാസഭ സന്നദ്ധമാണെന്നും തിരുമേനി വിശ്വലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്. കാലോചിതങ്ങളും ആധുനികപ്രവണതകളെ മനസ്സിൽ കണ്ടുകൊണ്ടുള്ളവയുമായ പോൾ ആറാമന്റെ ഈ പ്രഥമ വിശ്വലേഖനത്തിലെ നിർദ്ദേശങ്ങൾ ലോകവും കത്തോലിക്കാസഭയും സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്താൽ അതു് ലോകപുരോഗതിക്കുള്ള ഒരു കാൽവെപ്പായിരിക്കും.

---

**കവർചിത്രം:**

വി. കൊച്ചുത്രേസ്യ, കർമ്മലമഠത്തിൽവച്ച്, താൻ തന്നെ എഴുതിയ ഒരു പ്രഹസനത്തിൽ, ജയിൽവാസമനുഭവിക്കുന്ന വി. ജോവാൻ ഓഫ് ആർക്കിന്റെ ഭാഗം അഭിനയിക്കുന്നു. മറെറാരു കന്യാസ്ത്രീ എടുത്ത ഈ ഫോട്ടോ അടുത്ത കാലത്തുമാത്രമാണ് പ്രസിദ്ധപ്പെടുത്തിയത്.

# ദിവ്യകാരുണ്യകോൺഗ്രസ് വാർത്തകൾ

— ഫ്രാൻസിസ് കെ. പറപ്പൂക്കര —

അഖില ലോകാടിസ്ഥാനത്തിൽ നടത്തുന്ന 38-ാമത്തെ ദിവ്യകാരുണ്യകോൺഗ്രസ്സ് ഇക്കൊല്ലം നവമ്പർ 28 മുതൽ ഡിസംബർ 6 വരെ ബോംബെയിൽ സമ്മേളിക്കും. അതിൽ പ. പിതാവ് സംബന്ധിക്കുമെന്ന് പരക്കെ പറയപ്പെടുന്നു. എങ്കിലും ഇക്കാര്യം ഇനിയും വിശ്വസനീയമാംവിധം സ്ഥിരീകൃതമായിട്ടില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് 14 കർദ്ദിനാളന്മാർ സമ്മേളനത്തിൽ സംബന്ധിക്കുമെന്ന് ഉറപ്പു പറഞ്ഞിട്ടുണ്ട്. നൂറുകണക്കിനു മെത്രാന്മാരും ആയിരക്കണക്കിനു വൈദികരും പങ്കെടുക്കുമെന്നു കണക്കാക്കപ്പെടുന്നു. കന്യാസ്ത്രീകളും എണ്ണത്തിൽ കുറയാൻ വഴിയില്ല. അത്മേനികളുടെ സംഖ്യ ലക്ഷക്കണക്കിലായിരിക്കും.

**ക്ഷണം:** കോൺഗ്രസ്സിന്റെ സ്ഥിരം കമ്മിററി പ്രസിഡന്റ് ബർസലോണിയ ആർച്ച് ബിഷപ്പ് കാർഡിനൽ മെഡർഗാ കത്തോലിക്കാ ലോകത്തിലെ എല്ലാ രൂപതകളിലേയ്ക്കും ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്.

**വർക്കിംഗ് കമ്മിററി:** സംഘാടകസമിതിയിൽ ഇപ്പോൾ 500 പേർ രാപകൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. കോൺഗ്രസ്സ് കഴിയുംവരെ അവർക്കു വിശ്രമം എന്തെന്നറിയുക അസാദ്ധ്യമാണ്. 600 ദ്വിഭാഷികൾ വിവിധ ഭാഷകൾ അഭ്യസിച്ചു വരുന്നു. ലോകത്തിലെ വിവിധ ഭാഷക്കാരായ തീർത്ഥകരെ സഹായിക്കാൻ ഇത്തരം ഒരു സംരംഭം തികച്ചും ആവശ്യകമാണ്. അച്ചടക്കവും ക്രമസമാധാനവും പാലിക്കാൻ സന്നദ്ധഭടന്മാർ ആവശ്യകമാണെന്ന് ആരും സമ്മതിക്കും. 4000 പേരാണ് ഇതിനായി ഇപ്പോൾ ശിക്ഷണം നേടുന്നത്. സമ്മേളനദിനങ്ങളിൽ ഇവരായിരിക്കും പോലീസിന്റെ മേൽനോട്ടത്തിൽ പട്ടണം നിയന്ത്രിക്കുക.

**ചർച്ചാവിഷയവും മുദ്രാവാക്യങ്ങളും:** തികച്ചും ആനുകാലികമായ ഒരു വിഷയമാണ് ഈ കോൺഗ്രസ്സിൽ ചർച്ചചെയ്യപ്പെടുക: "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും." വഞ്ചനാപരമായ ദുരാസക്തികളാൽ ദുഷിച്ച പഴയ മനുഷ്യനെ ഊരിമാററി, പുത്തൻ സംവിധാനത്തിനും പാരത്രികപവിത്രതയ്ക്കും പററിയ പുതിയ മനുഷ്യനെ ധരിക്കുക. ചർച്ചാവിഷയം മാത്രമല്ല, പുതിയ കോൺഗ്രസ്സിന്റെ മുദ്രാവാക്യങ്ങളും ഈ പുതിയ മനുഷ്യനെയാണ് ഉന്നംവയ്ക്കുന്നത്: "അവൻ എന്നിൽ ജീവിക്കും" (യോ. 6-58). "സ്നേഹത്തിൽ നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുക" (എഫേ. 5:2).

**യാത്ര:** വിമാനം, തീവണ്ടി, കപ്പൽ, ബസ്സ്, കാർ തുടങ്ങിയ നിരവധി വാഹനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും തീർത്ഥകരെ ബോംബെയിൽ എത്തിക്കും. മിക്ക രൂപതകളിൽനിന്നും സംഘംചേർന്നു പോകുന്ന തീർത്ഥകരുണ്ടായിരിക്കും. കേരളത്തിലെ തീർത്ഥകസംഘങ്ങൾ അധികവും പോകുക കപ്പലിലാണ്. രൂപതാപ്രതിനിധികളുടെ മേൽനോട്ടത്തിൽ പോകുന്ന തീർത്ഥാടകർക്ക് ഭക്ഷണം, താമസസൗകര്യങ്ങൾ എന്നിവ അവർതന്നെ ഏർപ്പാടുചെയ്യും. സെപ്റ്റമ്പർ 30നു ശേഷം ബോംബെയിൽ സൗകര്യം ഏർപ്പാടുചെയ്യുക സാദ്ധ്യമല്ല. തീവണ്ടിയിൽ പോകാൻ ആഗ്രഹിക്കുന്നവർക്ക് മടക്കത്തിനുള്ള ടിക്കററ് സൗജന്യമായി കിട്ടും. രൂപതാപ്രതിനിധികളുടെ മുദ്രയോടുകൂടിയ ഫോറമുണ്ടെങ്കിലേ, അതു സാദ്ധ്യമാകൂ. സൗജന്യ ടിക്കററുമായി എന്നു തിരിച്ചുപോരാമെന്ന് ആരും ഉറപ്പു പറയുന്നില്ല. വിചാരിക്കുന്ന അവസരത്തിൽ തിരിച്ചുപോരാനൊക്കാത്തതിന്റെ പേരിൽ വളരെ കുറച്ചുപേരേ തീവണ്ടിക്ക് ആവശ്യപ്പെടുകയുള്ളൂ. ബസ്സും കാറും മററും യാത്രക്കാരെ കൂടുതൽ ക്ഷീണിപ്പിക്കുമെങ്കിലും, സൗകര്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയുംപേരിൽ വളരെ യാത്രക്കാർക്കതു സ്വീകാര്യമായിതോന്നുന്നുണ്ട്.

**താമസസൗകര്യം:** ബോംബെയിലെ ഹോട്ടലുകളിലെ എല്ലാ മുറികളും കോൺഗ്രസ്സ് ദിവസങ്ങളിൽ തീർത്ഥകർക്കായി റിസർവ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബോംബെയിലെ എല്ലാ കത്തോലിക്കാ സ്കൂളുകൾക്കും കോളെജുകൾക്കും മററു സ്ഥാപനങ്ങൾക്കും കോൺഗ്രസ്സ് ദിവസങ്ങളിൽ അവധി നൽകുന്നതാണ്. തന്നിമിത്തം അവയിലെല്ലാം താമസസൗകര്യങ്ങൾ ഏർപ്പാടുചെയ്യാൻ കഴിയും. ഗവമ്മെണ്ടുവകയായ കോളെജുകളും സ്കൂളുകളും സ്ഥാപനങ്ങളുംകൂടി ആ ദിവസങ്ങളിൽ മുടക്കി അവയിൽ താമസസൗകര്യങ്ങൾ ഏർപ്പാടുചെയ്യാനുള്ള എഴുത്തുകുത്തുകൾ വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കയാണ്. കൂടാതെ, കപ്പലുകളിൽത്തന്നെ താമസിക്കുവാനുള്ള (Floating Ships) സൗകര്യങ്ങളും ഏർപ്പാടുചെയ്തിട്ടുണ്ട്. ഇതിനുംപുറമെ വളരെയേറെ വീട്ടുകാർ അതിഥികളെ തങ്ങളുടെ വീടുകളിൽ പാർപ്പിക്കുവാനുള്ള (Paying guests) സന്മനസ്സ് പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

**കുത്തിവയ്പ്:** ഏതു വാഹനത്തിലായാലും കൊള്ളാം, പോകുന്നവർ ഒരു കാര്യം ഓർത്തിരിക്കണം. ബോംബെയിൽ ഇറങ്ങും മുമ്പ് 6 മാസത്തിനുള്ളിൽ കോളറയുടേയും, ഒരു കൊല്ലത്തിനുള്ളിൽ മസൂരിയുടേയും കുത്തിവയ്പുകൾ നടത്തിയിരിക്കണം. ആവശ്യപ്പെട്ടാൽ,

*(ശേഷം 317-ാം പേജിൽ)*

# ★ ഹൃദയഗീതം ★

ഫാദർ എസ്. തേർമഠം എം. ഒ. എൽ.

1

വിറന്ന നാട്ടിൽ ഞാനൊരു യാത്രികനാണ്. ഒരിക്കലും തൃപ്തിവരാത്ത ഒരു യാത്രികൻ. ഇരവുപകൽ ഇടതടവില്ലാതെ ഞാൻ യാത്രചെയ്യുകയാണ്. എനിക്കാവശ്യമുള്ള പദാർത്ഥങ്ങൾ എന്റെ അമ്മ എനിക്കു വിളമ്പിത്തരുന്നുണ്ട്. എന്നാലും ഞാനൊന്നിലും തൃപ്തനല്ല. ഞാനാകെ മടുത്തുവശായി. അന്യദിക്കിലേയ്ക്കു പോകണമെങ്കിൽ കൂലം തകർത്തു പാഞ്ഞൊഴുകുന്ന ഒരു നദി കടക്കണം. ഞാൻ പുഴയരികെ ചെന്ന് ഉറങ്ങുന്ന തോണിക്കാരനെ വിളിച്ചുണർത്തി എന്നെ അക്കരെ കടത്തുവാൻ അപേക്ഷിച്ചു. അവൻ കണ്ണുരുട്ടി എന്നെ ആകെയൊന്നു നോക്കി. എന്നിട്ട് ദൃഢസ്വരത്തിൽ എന്നോടു പറഞ്ഞു: "എനിക്കു വിരോധമില്ല; പക്ഷെ നിങ്ങളെ കടത്തുവാൻ സമയമായിട്ടില്ലെന്നാണ് എന്റെ മുതലാളി എന്നോടു പറഞ്ഞത്." നിരാശനായ ഞാനെന്റെ ഊഴം കാത്തിരിക്കയാണിപ്പോൾ.

2

പ്രഭോ! അങ്ങുണ്ടാക്കിയ മൺപാത്രത്തിൽ ഏററവും വെണ്മയുള്ള ഒരു സ്ഫടികപ്പാത്രമുണ്ട്. അതിൽ തെളിവുള്ള മുന്തിരിച്ചാറു അങ്ങു പകർന്നു. അതു കുറഞ്ഞുപോകുന്നുണ്ടോയെന്ന് രാപ്പകൽ അങ്ങ് നോക്കിക്കൊണ്ടിരിക്കുന്നുണ്ട്. താരങ്ങൾ ആ സ്ഫടികപ്പാത്രത്തെ നോക്കി പുഞ്ചിരിതൂകി. മൺപാത്രത്തിലെ ദ്വാരങ്ങളിൽക്കൂടി മലിനദ്രാവകം കടന്നുകൂടാതിരിക്കുവാൻ അവിടുന്ന് കാവൽക്കാരെ നിർത്തിയിട്ടുണ്ട്. ദിവസത്തിന്റെ അന്ത്യത്തിൽ ആ മൺപാത്രത്തെ തകർത്ത് സ്ഫടികപ്പാത്രം അങ്ങ് കൊണ്ടുപോകും. അതിനെ നോക്കിക്കൊണ്ടിരിക്കുന്നത് അങ്ങേയ്ക്കാനന്ദമാണ്. അങ്ങ് നിശ്ചയിച്ച ദിവസം വരുമ്പോൾ തകർത്തുകളഞ്ഞ മൺപാത്രത്തിന്റെ കഷണങ്ങൾ കൂട്ടിച്ചേർത്ത് വീണ്ടും ഒന്നുണ്ടാക്കി സ്ഫടികപ്പാത്രത്തെ അതിൽ വെയ്ക്കും. അവിടുത്തെ നിത്യഭാസ്സുകൊണ്ട് അതിനെ പൊതിയും. അവിടുത്തെ സന്നിധിയിൽ സൂര്യൻ ഒരിക്കലും അസ്തമിക്കുകയില്ല.

3

നാഥാ! അങ്ങെവിടെയാണ്? അങ്ങെന്റെ അരികത്തുണ്ടെങ്കിൽ എന്താനന്ദമാണ് ഞാൻ അനുഭവിക്കുന്നത്! സൂര്യചന്ദ്രാദികളിൽ ഞാനങ്ങയെ തിരഞ്ഞുനോക്കി. അങ്ങയുടെ ചൈതന്യമല്ലാതെ സാന്നിദ്ധ്യം ഞാൻ കണ്ടില്ല. താരമണ്ഡലത്തിലും അങ്ങില്ലെന്നു നക്ഷത്രങ്ങൾ കണ്ണു ചിമ്മി എന്നെ അടയാളം കാണിച്ചു. ആർത്തിരമ്പുന്ന സമുദ്രത്തിൽ അവിടുത്തെ പ്രാഭവം മാത്രം ഞാൻ കണ്ടു. ആഴിയുടെ അടിത്തട്ടിൽനിന്ന് അവിടുത്തെ ഗാംഭീര്യം എനിക്കു മനസ്സിലായി. പുഞ്ചിരിതൂകി നില്ക്കുന്ന പുഷ്പങ്ങളിൽ അങ്ങയുടെ സൌന്ദര്യം ഞാൻ കണ്ടു. തരംഗിണികളുടെ സംഗീതത്തിലും കിളികളുടെ കളകൂജിതത്തിലും അങ്ങയുടെ മധുരസ്വരം ഞാൻ കേട്ടു. മന്ദമാരുതനിൽക്കൂടി അങ്ങയുടെ പരിമളം പരത്തുന്ന നിശ്വാസം എനിക്കനുഭവപ്പെട്ടു. പക്ഷെ എവിടേയും അങ്ങയെ കാണുന്നില്ല. നാഥാ! അങ്ങെവിടെയാണ്? "പരമപരിശുദ്ധനായ നാഥനെ ചെളി പുരണ്ട നീ അന്വേഷിച്ചാൽ കാണുകയില്ല. പോയി കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് അന്വേഷിക്കു. അപ്പോൾ കണ്ടെത്തും" എന്ന് ആരോ എന്റെ ഹൃദയത്തോടു ആമന്ത്രണംചെയ്യുന്നതുപോലെ എനിക്കു തോന്നുന്നു. ഞാനതിനു ശ്രമിക്കട്ടെ.

4

ഞാനൊരു ഗായകനാണ്. അവസാനിക്കാത്ത ഒരു ഗാനമല്ലേ ജീവിതം? നാഥാ! അങ്ങയെപ്പോലെ പാടുവാൻ ഒരോടക്കുഴൽ എനിക്കു നൽകീട്ടുണ്ട്. എന്നെ പഠിപ്പിക്കുവാൻ അദ്ധ്യാപകരേയും അങ്ങ് നിയമിച്ചു. പ്രപഞ്ചകടാഹം മുഴുവനും സദാ നിശ്ശബ്ദസംഗീതം ആലപിക്കുകയാണ്. അവയെ പഠിപ്പിച്ചമാതിരി താളവും ലയവും തെററാതെ അവർ സദാ പാടിക്കൊണ്ടിരിക്കുന്നു. ഉദയംമുതൽ അസ്തമനംവരേയും അവരതു പാടിക്കൊണ്ടിരിക്കും. പക്ഷെ എനിക്കവയെപ്പോലെ പാടുവാൻ സാധിക്കുന്നില്ല. അങ്ങയുടെ അരികത്തിരുന്നു പഠിച്ചാൽ മാത്രമേ അങ്ങയെപ്പോലെ പാടുവാൻ എനിക്കു കഴിയൂ. നിത്യഗായകാ! എന്നെ അങ്ങയുടെ അരികത്തേയ്ക്കു വിളിക്കു! ഞാൻ ആനന്ദപരവശനായി ഒന്നു പാടട്ടെ.

5

നാഥാ! അലയാഴിയുടെ അപ്പുറത്താണ് അങ്ങിരിക്കുന്നതെന്ന് എനിക്കറിയാം. അങ്ങയുടെ സമീപത്തണയണമെന്നതാണ് എന്റെ ഏകാഗ്രഹം. ജാഗ്രത്തിലും സുഷുപ്തിയിലും അങ്ങേപ്പററിയുള്ള ചിന്ത എന്നിൽ തളംകെട്ടിനില്ക്കുന്നു. പ്രഭാതത്തിൽത്തന്നെ ഞാനെന്റെ ചെറുതോണിയിൽ കയറി ആർത്തിരമ്പുന്ന സമുദ്രത്തിൽക്കൂടി യാത്ര തുടർന്നു. വീചിക്കരങ്ങൾ എന്റെ ചെറുതോണിയെ ഇട്ട് അമ്മാനമാടി. കൊടുംകാററ് ഇടയ്ക്കിടെ ആഞ്ഞുവീശി. കോളിളകിയ സമുദ്രത്തിൽ കൂടി തുഴഞ്ഞുപോകുവാനുള്ള മുറകൾ അങ്ങെന്നെ പഠിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ഞാൻ മുന്നോട്ടുതന്നെ പോകുന്നു. മുങ്ങിപ്പോകുമോ എന്നു സംശയിക്കാവുന്ന പല സന്ദർഭങ്ങളും എനിക്കുണ്ടായിട്ടുണ്ട്. നാഥാ! ഞാനിന്നും തുഴയുകയാണ്. അങ്ങയുടെ സമീപമെത്തുവാൻ എത്ര നാൾ ഞാനിനിയും തുഴയണം?

6

എല്ലാവിധ തൊഴിലുകളും നടക്കുന്ന ഒരു തൊഴിൽശാലയിലാണ് എനിക്കു ജോലി. അവരവർക്ക് ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുന്നതിന് ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. തിരഞ്ഞെടുക്കുന്ന ജോലി അവസാനിച്ചാൽ മാത്രമേ വേതനം നല്കുകയുള്ളുവെന്ന് മുതലാളിക്കു നിർബ്ബന്ധമാണ്. ആവശ്യത്തിനു വേണ്ടതെല്ലാം അദ്ദേഹം നല്കുന്നുണ്ട്. കളിച്ചും വെടിപറഞ്ഞും ഞാനെന്റെ സമയം പാഴാക്കുകയാണ്. തന്മൂലം എന്റെ ജോലി ഇനിയും ബാക്കിയായിക്കിടക്കുന്നു. അതവസാനിക്കുവാൻ എത്ര നാൾ വേണ്ടിവരുമെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ.

(തുടരും)

# നിങ്ങളുടെ സംശയങ്ങൾ

(ഫാദർ ആൻറണി അന്തിക്കാട്ട് എൽ. പിഎച്ച്., എൽ. ഡി., സെമ്മിനാരി, തോപ്പ്, തൃശ്ശൂർ-5.)

[ദയവായി, ബാലരംഗത്തിലേയ്ക്കും മാനേജർക്കും എഡിററർക്കുമുള്ള എഴുത്തുകൾ എനിക്ക് അയക്കരുതേ. എനിക്ക് അയക്കുന്ന സംശയങ്ങൾക്ക് നേരിട്ട് മറുപടി വേണമെന്നുള്ളവർ മറുപടിക്കുള്ള സ്റ്റാമ്പയക്കണം.]

74. ഒരു ഉത്തമകത്തോലിക്കൻ "മീശ"വെയ്ക്കുന്നതിൽ തെററുണ്ടോ?

(ജോസഫ് ജെ. പള്ളിയാരടിയിൽ, പൊന്നുക്കര)

അതിൽ യാതൊരു തെററുമില്ല. "മീശ" അല്പം ഭംഗിയുള്ളതല്ലെങ്കിൽ ജനങ്ങൾ കളിയാക്കിയേക്കും എന്നുമാത്രം.

75. ഭർത്താവില്ലാതെ ഒരു സ്ത്രീക്ക് ജനിച്ച കുട്ടിക്ക്, കത്തോലിക്കനായി വളർത്തപ്പെടുമെന്ന് ബോദ്ധ്യമുള്ളപക്ഷം, മാമോദീസ നല്കുന്നുണ്ടല്ലൊ. മാമോദീസാക്കണക്കിൽ ആ കുട്ടിയുടെ പിതാവിൻെറ പേർ ചേർക്കുമോ? (സി. ഡി. വർഗ്ഗീസ്, ചുങ്കത്ത്, വാണിയമ്പാറ)

ആ കുട്ടിയുടെ പിതാവ് സമ്മതിച്ചാൽ ചേർക്കാവുന്നതാണ്. മാമോദീസാറജിസ്റ്ററിൽ അവിവാഹിതയായസ്ത്രീയിൽനിന്നുണ്ടായ കുട്ടിയാണെന്ന് രേഖപ്പെടുത്തും. അതുകൊണ്ട് കുട്ടിയുടെ പിതാവിൻെറ പേർ ചേർക്കണമെന്ന നിർബ്ബന്ധമില്ല.

76. ശുദ്ധീകരണസ്ഥലമെന്നൊരു സ്ഥലമുണ്ടോ? അത് വല്ലവരും പോയി കണ്ടിട്ടുണ്ടോ? പിന്നെ എന്തിനാണ് വൈദികർ കുർബ്ബാന, അന്നീദ മുതലായവ മരിച്ചവർക്കുവേണ്ടി ചൊല്ലുന്നത്?

(കൊച്ചുത്രേസ്യ നെടുംപറമ്പിൽ, ഇരിഞ്ഞാലക്കുട)

നമ്മുടെ അനുദിനജീവിതത്തിൽ നമ്മൾ കാണാത്ത പലതും വിശ്വസിക്കുന്നുണ്ട്. ആരും പോയി കാണാത്ത പല സ്ഥലങ്ങളും ഗ്രഹങ്ങളും ഉണ്ടെന്ന് നമ്മൾ വിശ്വസിക്കുന്നു, മററു തെളിവുകൾ ഉള്ളതുകൊണ്ട്. അപ്രകാരം ന്യായമായ ഇതരതെളിവുകൾ ഉള്ളതുകൊണ്ടാണ് നമ്മൾ ശുദ്ധീകരണസ്ഥലമുണ്ടെന്ന് വിശ്വസിക്കുന്നതും, വൈദികർ ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകൾക്കുവേണ്ടി അന്നീദ, കുർബ്ബാന മുതലായവ ചൊല്ലുന്നതും.

ക്രിസ്തുമതത്തിൻെറ ആരംഭംമുതൽ—അല്ലാ, അതിനുമുമ്പുതന്നെ, ജനങ്ങൾ ശുദ്ധീകരണസ്ഥലമുണ്ടെന്ന് വിശ്വസിച്ചിരുന്നതായി ചരിത്രവും വേദപുസ്തകവും പരിശോധിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. യേശുനാഥൻെറ ആഗമനത്തിനു മുമ്പ് യഹൂദന്മാർ ശുദ്ധീകരണസ്ഥലത്തിൽ വിശ്വസിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ അവർ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. മരിച്ചവർ സ്വർഗ്ഗത്തിലാണെങ്കിൽ, അവർക്കു പ്രാർത്ഥനയുടെ ആവശ്യമില്ല; നരകത്തിലാണെങ്കിൽ പ്രാർത്ഥനകൊണ്ട് അവർക്കു ഫലവുമില്ല. ഒന്ന് എന്നന്നേയ്ക്കുമുള്ള ആനന്ദത്തിൻെറ സ്ഥലവും മറേറത് എന്നന്നേയ്ക്കുമുള്ള ശിക്ഷയുടെ നികേതനവുമാണ്.

ബി. സി. 165_ൽ, യുദ്ധത്തിൽ മരിച്ച യഹൂദന്മാർക്കുവേണ്ടി ബലി അർപ്പിക്കുവാൻ, അവരുടേ നേതാവായ യൂദാസ് മക്കബേയസ് 12,000 വെള്ളിനാണയം ജറുസലേം ദേവാലയത്തിലേയ്ക്കയച്ചു. (2. മക്കബായർ, 12, 43_45)

യേശുനാഥൻെറ ആഗമനത്തിനുശേഷവും യഹൂദന്മാരും യഥാർത്ഥക്രിസ്ത്യാനികളും ശുദ്ധീകരണസ്ഥലത്തിൽ വിശ്വസിച്ചുപോരുന്നു. "വിശ്വാസം മാത്രം മതി, വിശ്വാസത്തിന്നനുസൃതമായ പ്രവൃത്തികൾ നിത്യരക്ഷയ്ക്കാവശ്യമില്ല" എന്ന് 16_ാം നൂററാണ്ടിൽ വാദിച്ച പ്രോട്ടസ്റ്റണ്ടുകാർക്ക് ശുദ്ധീകരണസ്ഥലത്തിൻെറ അസ്തിത്വം നിഷേധിക്കേണ്ടതായിവന്നു. കാരണം, വിശ്വസിക്കുന്നവർ സ്വർഗ്ഗത്തിലും വിശ്വസിക്കാത്തവർ നരകത്തിലും പോകുമെങ്കിൽ ഇടസ്ഥലത്തിൻെറ ആവശ്യമില്ലല്ലൊ. തൻമൂലം വേദപുസ്തകത്തിൽനിന്ന് മക്കബായരുടെ പുസ്തകങ്ങൾ അവർ നീക്കംചെയ്തു. ഓരോരുത്തർക്ക് തോന്നുന്നതുപോലെ വേദപുസ്തകത്തിൽ വ്യത്യാസം വരുത്താവുന്നതല്ല. കൂടാതെ "വിശ്വാസം മാത്രം മതി"യെന്ന പഠനം യേശുനാഥൻേറതല്ല; സ്വർഗ്ഗത്തിൽ പ്രവേശിക്കണമെങ്കിൽ "പ്രമാണങ്ങളെ അനുസരിക്കണ"മെന്നാണ് ദിവ്യനാഥൻെറ കല്പന.

സഭാരംഭം മുതൽ ശുദ്ധീകരണസ്ഥലത്തിൽ ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നുവെന്നതിനും ചരിത്രലക്ഷ്യങ്ങളുണ്ട്. തെർത്തുല്യൻ (എ. ഡി. 160_222) പറയുകയാണ്: "വിശ്വസ്തയായ വിധവ തൻെറ ഭർത്താവിൻെറ ആത്മാവിനുവേണ്ടി, അയാൾക്ക് ആശ്വാസം യാചിച്ചുകൊണ്ട് പ്രാർത്ഥിക്കും" (De monog) X). ഭൂഗർഭശ്മശാനത്തിലെ എഴുത്തിൽ (എ ഡി. 160. ഇങ്ങനെ കാണുന്നു: "സഹോദരന്മാരെ, നിങ്ങൾ ഇവിടെ പ്രാർത്ഥിക്കുവാൻ വരുമ്പോൾ നമ്മുടെ പ്രിയപ്പെട്ട അഗാപ്പെയ്ക്കുവേണ്ടി പ്രാർത്ഥിക്കുക; ദൈവം അഗാപ്പ

യെ നിത്യത്വത്തിലേയ്ക്കു് രക്ഷിക്കുന്നതിനുവേണ്ടി" (Inscriptions in the catacomb). വിശുദ്ധ സിപ്രിയൻ (200_258) എഴുതുന്നു: "മരണശേഷം അവർ നീണ്ടതും വലിയതുമായ സഹനംകൊണ്ട് തങ്ങളുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുകയും, വളരെക്കാലം അഗ്നിയിൽ ശുദ്ധീകരിക്കപ്പെടുകയും വേണം" (Epist. IV. 20). വി. ബലിയിൽ മരിച്ചവരുടെ പേരുകൾ പറഞ്ഞു് പ്രാർത്ഥിക്കുന്ന പതിവ് ശ്ലീഹന്മാരിൽനിന്ന് സഭയ്ക്കു നൽകപ്പെട്ടതാണെന്ന്, വി. ജോൺ ക്രിസോസ്റ്റം (344—407. എ. ഡി) പറയുന്നു. (Phil. Hom. iii. 4). വി. സിറിൽ ഓഫ് ജറുസലേം (എ. ഡി. 315—386): "നാം മരിച്ച പരിശുദ്ധ പിതാക്കന്മാർക്കും മെത്രാന്മാർക്കും ഈ ലോകത്തിൽനിന്ന് പിരിഞ്ഞുപോയ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു; നമ്മുടെ പ്രാർത്ഥനകളാൽ അവർക്ക് അത്യധികമായ ആശ്വാസം ലഭിക്കുമെന്നുള്ള വിശ്വാസംകൊണ്ട്" (Cat. Mys. V. 9). വേദപുസ്തകം ഈ വിശ്വാസത്തെപ്പററി എന്താണു പറയുന്നതെന്ന് ഇനി ആരായാം. "മരിച്ചവർ തങ്ങളുടെ പാപങ്ങളിൽനിന്ന് വിമുക്തരാകുന്നതിനു് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതു് പരിശുദ്ധവും നല്ലതുമായ വിചാരമാകുന്നു" (2. മക്കബായർ 12, 46). "പരിശുദ്ധാത്മാവിനെതിരായി സംസാരിക്കുന്നവനോട്, അതു് ഈ ലോകത്തിലോ പരലോകത്തിലോ ക്ഷമിക്കപ്പെടുകയില്ല" (വി. മത്തായി 12, 32). ഈ വാക്യത്തിൽനിന്ന്, മരണശേഷം ക്ഷമിക്കപ്പെടുന്ന സ്ഥലമുണ്ടെന്ന് വി. അഗസ്റ്റിനും, വി. ഗ്രിഗരിയും, മററു സഭാപിതാക്കന്മാരും വാദിക്കുന്നു. ആ സ്ഥലത്തിന്റെ പേർ വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ല; പക്ഷെ സ്ഥലമുണ്ടെന്നുള്ള കാര്യം തീർച്ചയാണു്. ആ സ്ഥലത്തിനു് എന്തു പേരിട്ടാലും വിരോധമില്ല. ശുദ്ധീകരണസ്ഥലമെന്ന് അതിനെ വിളിച്ചുപോരുന്നു. "അവസാനത്തെ ചെമ്പുകാശുപോലും കൊടുത്തുവീട്ടുന്നതുവരെ ആ സ്ഥലത്തുനിന്ന് നീ പുറത്തുപോകയില്ല" (വി. മത്തായി. V, 26).

വേദപുസ്തകത്തിലെ വാക്യങ്ങളോ, സഭയുടെ പഠനമോ പരിഗണിക്കാതെ വെറും യുക്തികൊണ്ട് ചിന്തിച്ചാലും ശുദ്ധീകരണസ്ഥലത്തിന്റെ ആവശ്യകത മനസ്സിലാകുന്നതാണ്. നരകം ദൈവത്തിന്റെ ശത്രുക്കൾക്ക്—ഗൗരവമായ പാപംചെയ്ത് മനസ്തപിക്കാതെ മരിക്കുന്നവർക്ക്—നീക്കിവെച്ചിരിക്കുന്നു. സ്വർഗ്ഗം നിസ്സാരപാപംപോലും ചെയ്യാത്തവർക്കും, ചെയ്ത പാപങ്ങൾക്ക് പരിപൂർണ്ണമായി പരിഹാരം ചെയ്തവർക്കുമുള്ളതാണ്. എന്നാൽ മനസ്തപിക്കാത്ത ലഘുപാപമുള്ളവർക്കും, പരിപൂർണ്ണമായി പരിഹാരം ചെയ്യാത്ത പൊറുക്കപ്പെട്ട ഗൗരവമായ പാപമുള്ളവർക്കും, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനുള്ള പരിശുദ്ധിയില്ല. "മ്ലേച്ഛമായ യാതൊന്നും അതിൽ പ്രവേശിക്കുകയില്ല." (വെളിപാട് 21, 27). എന്നാൽ നരകത്തിൽ പോകാനുള്ള ആത്മസ്ഥിതിയിലല്ല അവർ. അതുകൊണ്ട് ശുദ്ധീകരണസ്ഥലത്തിന്റെ ആവശ്യമുണ്ടെന്ന് യുക്തികൊണ്ടു മാത്രം മനസ്സിലാക്കാം.

ഒരിക്കൽ ശുദ്ധീകരണസ്ഥലമില്ലെന്ന് വാദിച്ചതിനുശേഷം, വീണ്ടും സത്യത്തോടടുത്തുവരുന്ന പ്രോട്ടസ്റ്റണ്ടുകാരുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. ഒരു പ്രോട്ടസ്റ്റണ്ട് വൈദികൻ എഴുതുകയാണ്: "കാരുണ്യത്തിന്റെ ഒരു സ്ഥലമുണ്ട്; ഒരു മദ്ധ്യസ്ഥലം. അവിടെ തിന്മ പരിപൂർണ്ണമായി ശുദ്ധീകരിക്കപ്പെടും. ഈ ശുദ്ധീകരണം പരിപൂർണ്ണമാകുമ്പോൾ, ആത്മാക്കൾ പരിപൂർണ്ണസമാധാനത്തിൽ പ്രവേശിക്കും" (A manual of Instruction for members of the Church of England. 19th edition. Pg. 193). ആ പുസ്തകത്തിൽതന്നെ അദ്ദേഹം എഴുതുന്നു: "മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതു് ഏററവും ആഗ്രഹിക്കത്തക്കതാണ്" (പേജ് 379).

77. തഴക്കദോഷത്തിൽ ജീവിക്കുന്നവരുടെ കുമ്പസാരം മുടക്കാമോ? (പോൾ ആലപ്പാട്ട്, പറപ്പൂക്കര)

തഴക്കദോഷത്തിൽ ജീവിക്കുന്നതു് പരസ്യമായിട്ടാണെങ്കിൽ പരസ്യമായി കുമ്പസാരം മുടക്കുന്നതാണ്, രഹസ്യമായി തഴക്കദോഷത്തിൽ ജീവിക്കുകയും, ഇനി പാപം ചെയ്യാതിരിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമമില്ലെന്ന് കുമ്പസാരക്കാരനു് ബോധ്യമാകുകയും ചെയ്താൽ, കുമ്പസാരത്തിൽ രഹസ്യമായി കുമ്പസാരം തടയുന്നതാണ്.

78. കത്തോലിക്കാ വിവാഹത്തിനുശേഷം തക്കതായ കാരണത്താൽ ഭാര്യാഭർത്താക്കന്മാർ പിണങ്ങി വെവ്വേറെ താമസിക്കുന്നവർക്ക് 12 വർഷത്തിനുശേഷം സഭയിൽ നിന്നുകൊണ്ട് വേറെ വിവാഹം (ഇരുവരും ജീവിച്ചിരിക്കുമ്പോൾ തന്നെ) ചെയ്യാമോ?

(സി. എം. ആന്റണി, ചിറയത്ത്, ചാലക്കുടി.)

കത്തോലിക്കാ വിവാഹബന്ധം ഒരാളുടെ മരണത്തോടുകൂടി മാത്രമേ അവസാനിക്കുകയുള്ളൂ. ഗൗരവമായ കാരണങ്ങളുള്ളപ്പോൾ (വ്യഭിചാരം, ഇടത്തൂട് etc), സഭയുടെ അംഗീകാരത്തോടുകൂടി വെവ്വേറെ താമസിക്കാവുന്നതാണ്; പക്ഷെ വേറെ വിവാഹം അനുവദിക്കപ്പെടുന്നതല്ല. വേദപുസ്തകത്തിൽനിന്ന് വി. പൗലോസ് ശ്ലീഹായുടെ വാക്യങ്ങൾ താഴെ ചേർക്കുന്നു: "ഭർത്താവിന്റെ ജീവപര്യന്തം അയാളോട് ഭാര്യ ബന്ധിതയാണ്. ഭർത്താവു മരിച്ചുകഴിഞ്ഞാൽ, അയാളുടെ അവകാശബാദ്ധ്യതയിൽനിന്ന് ഭാര്യ വിമുക്തയായി. ഭർത്താവ് ജീവിച്ചിരിക്കെ പരപുരുഷബന്ധം ഉണ്ടായാൽ അവൾ വ്യഭിചാരിണി എന്നു ഗണിക്കപ്പെടും. ഭർത്താവു മരിച്ചുകഴിഞ്ഞാൽ, അയാളോടുള്ള ബാദ്ധ്യതയിൽനിന്ന് അവൾ ഒഴിവാകുന്നു." (റോമ. 7, 2_3)

അതുകൊണ്ട് പിണങ്ങിപ്പിരിഞ്ഞവർക്ക് 12 കൊല്ലത്തിനുശേഷം കത്തോലിക്കാസഭയിൽ വേറെ വിവാഹം അനുവദിച്ചുകൊടുക്കുന്നുവെന്നു പറയുന്നതു് ശരിയല്ല.

*


സുരഭിലമായ സ്നാനത്തിനും
നിൎമ്മലമായ ചൎമ്മത്തിനും
Ajanta Nalpamara SOAP
MEDICATED SOAP
അജന്ത
നാല്പാമര
സോപ്പ്
PAUL ELTHURUTH.
AJANTA CHEMICALS (REGD.) POONITHURA


സ്വാതന്ത്ര്യം അപകടത്തിലായിരിക്കുന്നു,
നിങ്ങളുടെ സൎവ്വശക്തിയുമുപയോഗിച്ച്
അതു സംരക്ഷിക്കുവിൻ
— ജവഹർലാൽ നെഹ്റു
സമ്പാദിക്കുവിൻ!
Rs.
അത്യാവശ്യം മാത്രം വാങ്ങുക
അതിലും നല്ലതാണ് കൂടാതെ കഴിയില്ല എന്ന ഘട്ടത്തിൽമാത്രം സാധനങ്ങൾ വാങ്ങുന്നതു്. നിങ്ങളുടെ സമ്പാദ്യങ്ങൾ ഗവർമ്മെണ്ടിന്റെ ഡിഫൻസ് സെക്യൂരിററികളിൽ നിക്ഷേപിക്കുവിൻ. സാധനവില കടിഞ്ഞാണിട്ടു നിറുത്താൻ മാത്രമല്ല, രാജ്യരക്ഷയ്ക്കു കൂടുതൽ വിഭവങ്ങൾ കിട്ടുമാറാക്കാൻകൂടി അതു സഹായിക്കുന്നു.
നിങ്ങളുടെ സമ്പാദ്യങ്ങൾ പ്രതിരോധത്തിന്റെ ആവശ്യങ്ങൾ നിറവേററുന്നു
DA 64/F 3

ചെറുകഥ

തുടങ്ങനാട്ട് ജോസ്

# സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു

**വ**കലവൻ വിണ്ണിന്റെ മണിമുററത്ത് വിയർത്തൊലിച്ചു നില്പുണ്ട്. നാണംകുണുങ്ങികളായ മേഘാംഗനമാർ പാത്തും പതുങ്ങിയും ചുററിപ്പററി നില്പുണ്ട്. ക്ലമലെന്യേ മന്ദസമീരണൻ അദ്ദേഹത്തിന്റെ അടുത്തു ചെന്ന കുശലപ്രശ്നങ്ങളോടൊപ്പം ഒരു മേഘപാളിയെടുത്തു വീശുന്നുണ്ട്. തെല്ലൊരു ശാന്തനായ ദിനകരൻ വീണ്ടും യാത്ര തുടരുകയാണ്, നിറഞ്ഞ പുഞ്ചിരിയോടെ. എള്ളിട്ടാൽ പൊരിയുന്ന വെയിലാണ്. ഉച്ചയൂണു കഴിഞ്ഞ് ഫാനിന്റെ കീഴിൽ പത്രം വായിച്ചുകൊണ്ട്, ചെയറിൽ ഞാൻ ഇരിക്കുമ്പോൾ വതിലിൽ ആരോ മുട്ടുന്നതു കേട്ടു.

"ഡും! ഡും!"

"ആരാത്?"

"ഞാൻ!........പോസ്റ്റ്മാൻ."

ഞാൻ എഴുന്നേററ് കതകു തുറന്നു. അയാൾ ഒരു റജിസ്റ്റേർഡ് ലെററർ എന്നെ ഏല്പിച്ചു.

പല ദിവസങ്ങളായി ഒരെഴുത്ത് പ്രതീക്ഷിക്കാൻ തുടങ്ങിയിട്ട്. മിസ്റ്റർ മാത്യു സെബാസ്റ്റ്യന്റെ കത്തായിരിക്കണം. അയാൾ ഇപ്പോൾ ശ്രീനഗറിലാണ്. ഒരു കമ്പനിയിൽ. കൊഴുത്ത ശമ്പളമുണ്ട്. ഒരുദ്യോഗത്തിന്റെ കാര്യം കഴിഞ്ഞ ക്രിസ്തുമസ് അവധിക്കു വന്നപ്പോൾ എന്നോടു പറഞ്ഞതാണ്. ശരിപ്പെടുമെങ്കിൽ എഴുതത്തയയ്ക്കാമെന്നും അപ്പോൾ ശ്രീനഗറിനു ചെല്ലണമെന്നും പറഞ്ഞിട്ടുണ്ട്. നേര് പറഞ്ഞാൽ ഞാൻ ചില നേർച്ചകാഴ്ചകളും നടത്തിയിരിക്കുകയാണ്. ഏതായാലും ദൈവമെന്റെ അപേക്ഷ സ്വീകരിച്ചു എന്നു സമാധാനിച്ച് ഞാൻ കത്തു പൊട്ടിച്ചു. പക്ഷേ എന്റെ പ്രതീക്ഷകൾ തകർന്നു തരിപ്പണമായിരിക്കുന്നു. കൃഷ്ണഗറിൽ പഠിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടിയുടെ സന്യാസസഭാവസ്ത്രസ്വീകരണച്ചടങ്ങുകളിൽ സംബന്ധിക്കാനുള്ള ക്ഷണക്കത്താണതു്.

എന്റെ ആത്മാവിൽ നൊമ്പരമുണ്ടാക്കിയ, ഹൃദയത്തിൽ കൊടുങ്കാററു സൃഷ്ടിച്ച, തകർന്ന പ്രതീക്ഷകളുടെ സ്മരണകൾ ഉയിർത്തെഴുന്നേല്ക്കുകയായിരുന്നു.

സൂസി. മറന്നിട്ടും മറക്കാൻ കഴിയാത്ത ഒന്നാണ് ആ രണ്ടക്ഷരം. എന്റെ ആത്മാവിൽ അലിഞ്ഞുചേർന്ന ആ മന്ദ്രധ്വനി! പളുങ്കുപാത്രം ഉടഞ്ഞാലുണ്ടാകുന്ന സംഗീതാത്മകമായ ആ സ്വരം. സ്നേഹത്തികവാർന്ന കലർപ്പില്ലാത്ത പുഞ്ചിരി! എല്ലാം എല്ലാം! വർഷങ്ങൾതന്നെ കഴിഞ്ഞിട്ടും ഹൃദയത്തിന്റെ അടിത്തട്ടിൽ ഉറഞ്ഞുകൂടിക്കിടക്കുകയായിരുന്നു.

സ്മരണയുടെ പോക്കുവെയിലേററ് ഉരുകിയൊലിച്ച ആ നിർഝരി ശക്തിയോടെ പ്രവഹിക്കാൻ തുടങ്ങി. ഉറഞ്ഞ മഞ്ഞുകട്ടിപോലെ മരിച്ചുമരവിച്ച ഓർമ്മകൾ ഉരുകി ഒലിക്കുകയാണ്.

വേദന മുററി, നാഡികൾ മുറിഞ്ഞു വാർന്ന രക്തം മുഴുവൻ ഹൃദയചഷകത്തിൽ കട്ടപിടിച്ചുകിടന്നിരുന്നു. ഉണങ്ങിയ ആ വ്രണങ്ങളിൽനിന്നു വീണ്ടും ധാരധാരയായി രക്തം പ്രവഹിക്കുന്നു.

എങ്കിലും!—

സ്നേഹത്തിന്റെ മന്ദമാരുതൻ ഉന്മേഷത്തോടെ സമീപിക്കുന്നതു് ഒരനുഗ്രഹമാണ്.

അന്നു് മുററത്തെ മഴവെള്ളത്തിൽ ഒരു കടലാസ്സുകപ്പൽ ഞാനിറക്കി. അതിന്റെ കപ്പിത്താൻ ഞാൻതന്നെ. ശല്യമൊഴിക്കുന്നതിനു് അമ്മ എനിക്കു വേണ്ടത്ര സ്വാതന്ത്ര്യമനുവദിച്ചുതന്നിരുന്നു.

"ഞാനൊന്നോടിക്കട്ടെ, ചേട്ടാ?"

മധുരമായ ശബ്ദം കേട്ട് ഞാൻ പിറകോട്ടു നോക്കി. സുഃസ്മരവദനയായ ഒരു പെൺകുട്ടിയും അവളുടെ അമ്മയും അടുത്തു നില്ക്കുന്നു. അവളുടെ അഭ്യർത്ഥന ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു. കപ്പലോടിക്കാൻ എന്നേക്കാൾസമർത്ഥ അവളാണെന്നു് എന്റെ അമ്മ പറഞ്ഞപ്പോൾ ഞാനവരേപ്പററി അന്വേഷിച്ചു. അയൽപക്കത്തുകാരാണെന്നും പുതിയ താമസക്കാരാണെന്നും നല്ലമനുഷ്യരാണെന്നും അമ്മ പറഞ്ഞു. ആഹ്ലാദംകൊണ്ടു തുള്ളിച്ചാടിയ ഞാൻ കാൽ വഴുതി ചേററിലേയ്ക്കു മറിഞ്ഞു. ആ പെൺകുട്ടി കൈകൊട്ടി ചിരിച്ചു. ഞാനവളെ കണ്ണുരുട്ടിക്കാണിച്ചു. അവളപ്പോഴും കുഞ്ഞരിപ്പല്ലുകൾ വെളിക്കു കാട്ടി. അമ്മ ഓടിവന്നു. ഉടനെത്തന്നെ അമ്മ എന്റെ ദേഹത്തു പററിയിരുന്ന അഴുക്കെല്ലാം കഴുകി വൃത്തിയാക്കി ഒരു പുതിയ ഉടുപ്പും നിക്കറും ഇടുവിച്ചു.

അന്നുമുതൽ സൂസിയും ഞാനും കൂട്ടുകാരായി. ഒരുമിച്ച് സ്കൂളിൽ പോകുകയും വരികയുംചെയ്യും. ഉച്ചയ്ക്കുണ്ണുന്നതും അടുത്തിരുന്നാണ്. സൂസിയുടെ വീട്ടിൽ മിക്കവാറും മീൻ അച്ചാറിട്ടതു കാണും. എനിക്കു സസ്യങ്ങളാണ് കൂടുതലിഷ്ടം. അത്തരം കറികളായിരിക്കും മിക്ക ദിവസവും. സൂസി എന്നും അവളുടെ കറി കൂട്ടുവാൻ നിർബ്ബന്ധിക്കും. ഒടുവിൽ സസ്യഭുക്കായ എനിക്ക് ഒരു മാംസഭുക്കുകൂടി ആകേണ്ടിവന്നു. സൂസിക്ക് എന്തു പുതിയ വിശേഷം കിട്ടിയാലും എന്നോടതു മുഴുവൻ പറയും. ഞാനും അപ്രകാരം ചെയ്യും. യാതൊരു രഹസ്യവും ഞങ്ങൾ സൂക്ഷിച്ചുവയ്ക്കുകയില്ല.

വർഷങ്ങൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. പ്രൈമറി സ്കൂളിൽനിന്നു സെക്കണ്ടറി സ്കൂളിലായി രണ്ടുപേരും. പ്രായത്തിന്റെ തികവ് ഞങ്ങൾക്കിടയിൽ പ്ര

തിബന്ധമായി നിന്നില്ല. അന്നത്തെ ചിരിയും തമാശയും രണ്ടുപേക്കുമുണ്ടു്. വെക്കേഷൻകാലത്തു് ഞങ്ങൾ അന്യോന്യം മാതാപിതാക്കന്മാരെ സഹായിക്കാറുണ്ടു്. കപ്പ ചെത്തുന്ന കാലത്തും വയ്ക്കോൽ ഉണക്കുന്ന കാലത്തും ഞങ്ങൾ പരസ്പരം സഹായിക്കും. മിക്ക ദിവസങ്ങളിലും വൈകുന്നേരം സൂസി വീട്ടിൽ വന്നു് അമ്മച്ചിക്കു ചില ചില്ലറ സഹായങ്ങൾ ചെയ്തുകൊടുക്കും. കറിയ്ക്കരിയുക, പാത്രം തേയ്ക്കുക, മുററമടിക്കുക തുടങ്ങിയ ജോലികൾ. തയ്യലിനും സമർത്ഥയാണു് സൂസി. അമ്മച്ചിയുടെ അത്യാവശ്യതയ്യലുകൾ സൂസി ഏറെറടുത്തു ചെയ്യാറുണ്ടു്. നാലഞ്ചു ഭംഗിയുള്ള കുഷനുകൾ തയ്ച്ചു് ഞങ്ങളുടെ വീട്ടിൽ പോർട്ടിക്കോയിലെ കസേരകളിൽ ഇട്ടിട്ടുണ്ടു്. ഇതെല്ലാമായിട്ടും ഭാവിയെ കുറിച്ചു ഞങ്ങൾ ഒന്നും സംസാരിച്ചിട്ടില്ല. എങ്കിലും സൂസിയെ മററാരും അവകാശപ്പെടുവാനിടയില്ലെന്നു് ഞാൻ പൂർണ്ണമായി വിശ്വസിച്ചു.

എസ്സ് എസ്സ് എൽസിയുടെ റിസൾട്ടു് ഔട്ടായ ദിവസം ചായക്കടക്കാരൻ ശങ്കരപിള്ള ചോദിച്ചു:

"കുഞ്ഞേ! നിൻെറ പെങ്ങളു പാസ്സായോ?"

എനിക്കു സഹോദരിമാരാരും ഇല്ലെന്നറിയാമായിരുന്ന ശങ്കരപിള്ളയ്ക്കു പിശകു പററിയിട്ടല്ല. ഞാനും സൂസിയും സ്കൂളിൽ പോകാൻ തുടങ്ങിയ ദിവസം മുതൽ നാട്ടുകാർ മനസ്സിലാക്കിയിരിക്കുന്നതു് ഞങ്ങൾ സഹോദരീസഹോദരന്മാരാണെന്നാണു്. ഞങ്ങളുടെ ആകൃതിയും പ്രകൃതിയും അത്രകണ്ടു യോജിപ്പായിരുന്നു.

ദിവസങ്ങൾ മുമ്പോട്ടു പോകുംതോറും ഞങ്ങളുടെ സാഹോദര്യത്തിനു മാററു വർദ്ധിച്ചുകൊണ്ടിരുന്നു. പക്ഷേ, എൻെറ ഹൃദയത്തിൽ വച്ചു സൂക്ഷിച്ചുകൊണ്ടിരുന്ന ഒരു പരമരഹസ്യം വെളിപ്പെടുത്തുവാൻ പിന്നെയും മടിക്കുകയാണു്. എന്നാൽ വൈകുംതോറും ഫലശൂന്യമാകുന്ന ഒരു വ്യവസായമാണതെന്നു് എനിക്കു തോന്നി. നാവിൻെറ തുമ്പത്തു വരുമ്പോൾ വീണ്ടും ഞാനതു ചവച്ചിറക്കും.

അങ്ങനെ രണ്ടുമൂന്നു മാസങ്ങൾ മുമ്പോട്ടു പോയി. ആയിടവകയിലെ സൊഡാലിററി, മിഷൻ ലീഗ്, ലീജിയൻ തുടങ്ങിയ സംഘടനകളിലെ സജീവപ്രവർത്തകയാണിന്നു് സൂസി. എനിക്കു പ്രത്യേകമായ ഒരുദ്യോഗവുമില്ല, സ്ഥലം മിഡിൽ സ്കൂളിലെ ഒരദ്ധ്യാപകനെന്ന നിലയൊഴിച്ചു്.

അന്നു് സൂസി മാത്രമേ അവളുടെ വീട്ടിലുള്ളൂ. അമ്മയും അപ്പനും എവിടെയോ ഒരു കല്യാണത്തിനു പോയിരിക്കുകയാണു്. ചില്ലറ ജോലികൾ കഴിഞ്ഞു് അവൾ വീട്ടിലേയ്ക്കു വന്നു. ഞാൻ എൻെറ മുറിയിൽ ഒരു 'മേരിവിജയം' വായിച്ചുകൊണ്ടിരിക്കുകയാണു്.

"സാറു് വായനയിലാണല്ലോ......" എന്ന മുഖവുരയോടെ സൂസി വരാന്തയിലേയ്ക്കു കയറി. പൊതുവായ വിവരങ്ങളറിഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ വീണ്ടും വായനയിലായി. അവൾ അമ്മച്ചിയുടെ അടുത്തേയ്ക്കു പോയി. എൻെറ അപ്പച്ചൻ മലബാർ സർക്കീട്ടിലാണു്. കുശലാന്വേഷണങ്ങൾ കഴിഞ്ഞു് അമ്മച്ചിയും സൂസിയുംകൂടി എൻെറ മുറിയിലേയ്ക്കു വന്നു.

ഇന്നു് സൂസിയോടു കാര്യങ്ങൾ തുറന്നുപറയണമെന്നു് ഞാൻ വിചാരിച്ചതാണു്. അമ്മച്ചി കൂടെയുള്ളതുകൊണ്ടു് പിന്നീടൊരവസരത്തിലാവട്ടെയെന്നു കരുതിയിരിക്കുമ്പോൾ അലക്കുകാരി വന്നു് അമ്മച്ചിയെ വിളിച്ചു. അമ്മച്ചി എഴുന്നേററങ്ങോട്ടുപോയി. സൂസി 'പ്രേഷിതകേരള'ത്തിലെ ഒരു ചെറുകഥ വായിക്കുകയായിരുന്നു.

നിതാന്തമായ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ഞാൻ ചോദിച്ചു:

"സൂസി!"

"എന്തോ?"

"ഭവതി എന്നെ വിശ്വസിക്കുമോ?"

"തീർച്ചയായും! ബേബിയെന്താണിങ്ങനെ ചോദിച്ചതു്?"

"ഒന്നുമല്ല"

"പിന്നെ?"

"എൻെറ........"

"ങേ!"

"ഭാര്യാപദമലങ്കരിക്കുവാൻ........ഇഷ്ടമാണോ?"

"ബേബിയുടെ നിർമ്മലമായ അഭിലാഷത്തിനു് ഹൃദയംഗമമായ നന്ദി. പക്ഷേ, ഞാനൊരു തെററുകാരിയാണു് ബേബി. എനിക്കു മാപ്പു തരൂ."

"എന്തു്, എൻെറ സൂസി ഒരു.......തെററുകാരിയോ? അസംബന്ധം പറയാതിരിക്കൂ സൂസി......"

"ഞാനൊരു തെററുകാരിതന്നെയാണു് ബേബി."

"എന്തു തെററു ചെയ്തു?"

"ഞാനങ്ങയുടെ അഭിലാഷമെന്തെന്നറിഞ്ഞുകൊണ്ടുതന്നെ ചെയ്ത ഒരു ഭയങ്കരതെററാണു്. ഈ ദുഷ്ടയോടു ക്ഷമിക്കൂ സഹോദരാ."

"സൂസി എന്താണീപ്പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല."

"മനസ്സിലാക്കാനുള്ള കഴിവില്ലാതെ പോയ ഈ സൂസിയോടു ക്ഷമിച്ചെന്നു പറയൂ."

"എന്തിനു് ക്ഷമിക്കണം ഞാൻ?"

"ഞാനൊരാളെ സ്നേഹിക്കുന്നു! ആ മഹാനു് ഞാൻ വാക്കു കൊടുത്തുപോയി ......"

"ങ്ഏ?"

"സത്യമായിട്ടും അങ്ങനെ ചെയ്തുപോയി. എന്നോടു ക്ഷമിക്കൂ ബേബി."

"ആരാണാ മഹാൻ?"

"അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസം നൽകുന്ന ലോകരക്ഷകനായ ക്രിസ്തുവാണാ മഹാൻ........"

"അമ്പടി മിടുക്കി! അതിനാണോ മാപ്പു്?"

(ശേഷം 311-ാംപേജിൽ)

# "കണ്ണുകൾക്കുവേണ്ടി"

## — സെബീന റാഫി എം. എ. —

[നാടകചക്രവർത്തിയായ വില്യം ഷേയ്ക്സ്പിയറിൻെറ "King John" എന്ന നാടകത്തിൽനിന്നു്. ഇംഗ്ലണ്ടിലെ രാജകുടുംബത്തിൽ രാജ്യാവകാശത്തിനുവേണ്ടി നടന്നിട്ടുള്ള രക്തപങ്കിലമായ ഉപജാപങ്ങളെ വിഷയമാക്കി ഷേയ്ക്സ്പിയർ അദ്വിതീയങ്ങളായ നാടകങ്ങൾ എഴുതിയിട്ടുണ്ടു്. അവയിലൊന്നാണ് 'കിങ്ങ് ജോൺ'. കഥ ഇതാണ്:

'റിച്ചാർഡ് സിംഹം' എന്ന പ്രഖ്യാതനായ ഇംഗ്ലണ്ടിലെ രാജാവു് സന്തതികളില്ലാതെ മരിച്ചു. നിയമാനുസൃതമായ അടുത്ത അവകാശി, അദ്ദേഹത്തിൻെറ നേരെ അനുജൻ 'ജഫ്രി'യുടെ പുത്രനായ 12 വയസ്സുള്ള "ആർതർ" ആണ്. എന്നാൽ ഇളയപ്പനായ ജോൺ, ബാലനായ ആർതറെ കൊട്ടാരത്തിൽത്തന്നെ തടവിൽ പാർപ്പിച്ചു് ബലമായി സിംഹാസനാരോഹണം ചെയ്തു. പക്ഷെ, യഥാർത്ഥ അവകാശിയായ ആർതർ ജീവിച്ചിരിക്കുന്നതോർത്തു് ജോണിനു് ഉറക്കം വരാതെയായി. ഒടുവിൽ നിഷ്ഠുരനായ ആ ഇളയപ്പൻ ബാലൻെറ കണ്ണുകൾ രണ്ടും പഴുപ്പിച്ച ഇരുമ്പുനാരായംകൊണ്ടു് കുത്തിപ്പൊട്ടിച്ചുകളയുവാൻ തൻെറ കിങ്കരനായ ഹ്യൂബർട്ടിനെ അയയ്ക്കുന്നു.... ഇനി രംഗം ആരംഭിക്കുകയാണ്.]

(ഹ്യൂബർട്ടും കൊലയാളികളും പ്രവേശിക്കുന്നു)

*ഹ്യൂബർട്ട്:* (കൊലയാളികളോട്) ഇതാ, ഈ ഇരുമ്പുനാരായം നന്നായി പഴുപ്പിച്ചെടുക്കണം; നോക്കൂ! നിങ്ങൾ ആ വാതിൽവിരിയുടെ മറയിൽ നിന്നുകൊള്ളുക....ഞാൻ ഉറക്കെ നിലത്തു ചവിട്ടി അടയാളം തരും. അപ്പോൾ നിങ്ങൾ ഓടിയെത്തി, ബാലനെ പിടിച്ചു് ഈ കസേരയോടു ചേർത്തുകെട്ടണം. ഹും. പോകൂ.—ശ്രദ്ധിച്ചു നില്ക്കണം; ശ്രദ്ധിച്ചു്—

*കൊലയാളികളിൽ ഒരുവൻ:* ഈ....ഈ കല്പന നടത്താൻ—നടത്തുന്നതിൽ........

*ഹ്യൂബർട്ട്:* നടത്തുന്നതിൽ? മ്ലേച്ഛൻ! നിൻെറയൊക്കെയൊരു മനഃസ്സാക്ഷി!

(നയത്തിൽ) ഇതു രാജകല്പനയാണു്; ഒട്ടും ഭയപ്പെടാനില്ല; നടത്തിക്കൊള്ളണം, കല്പനപോലെ—

(കൊലയാളികൾ പിൻവാങ്ങുന്നു)

*ഹ്യൂബർട്ട്:* (മറുവശത്തെ വാതില്ക്കലേയ്ക്കു നോക്കി) വരൂ, കുട്ടി, വരൂ. എനിക്കു ചിലതു സംസാരിക്കാനുണ്ടു്.

(ആർതർ—12 വയസ്സുള്ള സുന്ദരനായ ബാലൻ പ്രവേശിക്കുന്നു.)

*ആർതർ:* നമസ്കാരം, ഹ്യൂബർട്ട്!

*ഹ്യൂബർട്ട്:* നമസ്കാരം! രാജകുമാരാ!

*ആർതർ:* ഞാൻ രാജകുമാരനാണ്; അല്ലേ ഹ്യൂബർട്ട്! അപ്പോൾ ഞാൻ ആ വലിയ സ്ഥാനത്തിൻെറ നിലയ്ക്കു് ഒത്തവണ്ണം ജീവിക്കേണ്ടതാണ്! ഞാൻ വലുതാവുമ്പോൾ— ഓ, ഹ്യൂബർട്ടു, നിങ്ങൾ വല്ലാതെ ദുഃഖിതനായിരിക്കുന്നല്ലോ!

*ഹ്യൂബർട്ട്:* ശരി! ഞാൻ മുമ്പു് ഇതിലേറെ സന്തോഷവാനായിരുന്നു!

*ആർതർ:* ദൈവമേ! ആർക്കും ദുഃഖമുണ്ടാകരുതെന്നാണ് എൻെറ പ്രാർത്ഥന; എനിക്കുണ്ടായാലും. ഹ്യൂബർട്ട്! ഞാൻ ഫ്രാൻസിലായിരിക്കുമ്പോൾ, ദുഃഖിക്കുകയും വേദനിക്കയും ചെയ്യുന്ന വളരെ ചെറുപ്പക്കാരെ കാണുകയുണ്ടായി. എന്നാൽ ഒരു ക്രിസ്ത്യാനിയായ ഞാൻ എന്തിനു ദുഃഖിക്കണം? എനിക്കു രാജത്വമൊന്നും വേണ്ട. ഈ തടവിൽനിന്നു് എന്നെ വിട്ടയച്ചാൽമതി. ഞാൻ ഒരാട്ടിടയനായി സന്തോഷത്തോടെ ദിവസങ്ങൾ കഴിച്ചുകൊള്ളാം........പക്ഷെ, എന്നെ വിടുന്നില്ലല്ലോ. ഹ്യൂബർട്ട്, ഇളയപ്പൻ എന്നെ ഇനിയും ഉപദ്രവിക്കുമോ? അദ്ദേഹത്തെ എനിക്കു ഭയമാണു്; പക്ഷെ, അദ്ദേഹത്തിനു് എന്നെയും ഭയമാണ്, ഇല്ലേ, ഹ്യൂബർട്ട്? ഞാൻ ഈ രാജ്യത്തിന്നവകാശിയായ 'ജഫ്രി'യുടെ മകനായിപ്പോയതു് എൻെറ കുറ്റമാണോ? അല്ല; തീർച്ചയായും എൻെറ കുറ്റമല്ലല്ലോ. ഞാൻ....ഞാൻ....നിങ്ങളുടെ മകനായിരുന്നെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുകയില്ലേ ഹ്യൂബർട്ട്?—ഇല്ലേ? പറയൂ....

*ഹ്യൂബർട്ട്:* (ആത്മഗതം) ഈ കിളിക്കൊഞ്ചൽ ഇങ്ങനെ നീണ്ടുപോയാൽ—ഇതെന്നെ ചതിക്കും!

*ആർതർ:* നിങ്ങൾക്കു സുഖമില്ലേ, ഹ്യൂബർട്ട്? നിങ്ങൾ എത്രയോ വിളറിയിരിക്കുന്നു! ഓ, നിങ്ങൾക്കു് എന്തെങ്കിലും സുഖക്കേടു വന്നു പിടിപെട്ടാൽ, ഞാൻ, ഞാൻ നിങ്ങളുടെ കിടക്കയ്ക്കരികെ കാത്തുകാത്തിരിക്കും. രാത്രി മുഴുവൻ. എനിക്കതിഷ്ടമാണു്; ഹ്യൂബർട്ട്. ഈ തടവുമുറിയിൽ എനിക്കുള്ള ഒരേയൊരു സ്നേഹിതൻ നിങ്ങൾമാത്രമാണല്ലോ....ഞാൻ നിങ്ങളെ എത്രയധികം സ്നേഹിക്കുന്നു! നിങ്ങൾ എന്നെ സ്നേഹിക്കുന്നതിനേക്കാളും അധികമായി; തീർച്ച!

*ഹ്യൂബർട്ട്:* (സ്വഗതം) ഹൃദയം ഇളകാൻ പാടില്ല! പാടില്ല, പാടില്ല. അതു വിഡ്ഢികൾക്കു ചേർന്നതാണ്. സ്ത്രീകൾക്കും!

(പ്രകാശം — പരുപരുത്ത സ്വരത്തിൽ) കുട്ടി! ഇതാ, ഇതു വായിച്ചുനോക്കൂ. (കല്പന നീട്ടിക്കാണിക്കുന്നു) എന്താ വായിക്കാൻ പററില്ലേ? അക്ഷരം തെളിഞ്ഞിട്ടില്ലേ?

*ആർതർ:* ഉവ്വ്. തെളിഞ്ഞു, തെളിഞ്ഞു! ഹ്യൂബർട്ട്— ഇത്ര നീചമായ പ്രവൃത്തി—പഴുപ്പിച്ച ഇരുമ്പുനാരായംകൊണ്ടു് എൻെറ കണ്ണുകൾ രണ്ടും നിങ്ങൾ കുത്തിപ്പൊട്ടിക്കണമെന്നാണോ?

*ഹ്യൂബർട്ട്:* അതേ, അതു ഞാൻ ചെയ്യണമെന്നാണു് കല്പന.

*ആർതർ:* നിങ്ങൾ അതു ചെയ്യുമോ?

*ഹ്യൂബർട്ട്:* ഉവ്വ്! അല്ലാതെ നിവൃത്തിയില്ല.

*ആർതർ:* നിവൃത്തിയില്ലേ?

*ഹ്യൂബർട്ട്:* ഇല്ല!

*ആർതർ:* അതിനുള്ള ഹൃദയം—മനസ്സിൻെറ കട്ടപ്പം— നിങ്ങൾക്കുണ്ടോ? ഹ്യൂബർട്ട്—നിങ്ങൾ, ഓർക്കുന്നുണ്ടോ? അന്നൊരു ദിവസം നിങ്ങൾക്കു് കഠിനമായ തലവേദന വന്നപ്പോൾ, ഞാൻ എൻെറ ഏററവും നല്ല പട്ടുകൈലേസെടുത്തു നനച്ചു് നിങ്ങളുടെ തലയിൽ ചുററിക്കെട്ടിത്തന്നു; എന്നിട്ടു് ഞാനതു തിരിച്ചുചോദിച്ചിട്ടുമില്ല. അന്നു പാതിരാവരെ എൻെറ കൈകൊണ്ടു് നിങ്ങളുടെ തല താങ്ങിപ്പിടിച്ചു്, എവിടെയാണു് നിങ്ങളുടെ വേദന എന്നു ചോദിച്ചു്, ചോദിച്ചു്, ഞാനാ വേദന മാററിയില്ലേ—? എന്നെപ്പോലെയുള്ള മറെറാരു ബാലൻ അതു ചെയ്യുമായിരുന്നോ? ഒരു ദരിദ്രൻെറ മകൻപോലും. എന്നാലും രാജകുമാരനായ ഞാൻ നിങ്ങളെ ശുശ്രൂഷിച്ചല്ലൊ. അതു ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടല്ലെ? സ്നേഹിക്കുന്നതുകൊണ്ടല്ലെ? എന്നിട്ടു്— നിങ്ങൾ എന്നെ വേദനിപ്പിക്കണമെന്നാണു്, ദൈവേച്ഛയെങ്കിൽ—

എന്നാലും ഹ്യൂബർട്ടു്—നിങ്ങൾ എൻെറ കണ്ണുകളിലെ പ്രകാശം കെടുത്തുമോ? എന്നേയ്ക്കുമായി കെടുത്തിക്കളയുമോ?— ഈ കണ്ണുകൾ! നിങ്ങളെ ഒരിക്കലും, ഒരിക്കലും, ദ്വേഷ്യത്തോടെ ഒന്നു നോക്കുകപോലും ചെയ്യിട്ടില്ലാത്ത കണ്ണുകൾ!

*ഹ്യൂബർട്ട്:* ഞാനതു ചെയ്യുമെന്നു സത്യംചെയ്തിരിക്കുന്നു. പഴുപ്പിച്ച ഇരുമ്പുകൊണ്ടുതന്നെ!

*ആർതർ:* ഹാ! ഈ ഇരുമ്പുഭരണം!

....ഇരുമ്പ്!....ഇല്ല! ആ പഴുപ്പിച്ചു ചുവന്ന ഇരുമ്പ് എൻെറ കണ്ണിനോടടുക്കുമ്പോൾ, ഈ കണ്ണിലെ കണ്ണീരുകൊണ്ടു് തണുത്തു് ആറിപ്പോകും. ആ പൊരിയുന്ന തീജ്ജ്വാല എൻെറ നിഷ്കളങ്കതയുടെ മുമ്പിൽ തണുത്തു പൊലിഞ്ഞുപോകും!

ഹ്യൂബർട്ട്, താങ്കൾ ആ കട്ടിഇരുമ്പിനേക്കാളും കടുത്ത ആളാണോ?

ഇതാ, സ്വർഗ്ഗത്തിൽനിന്നു് ഒരു ദൈവദൂതൻ എഴുന്നള്ളിവന്നു്, ഹ്യൂബർട്ടു് എൻെറ കണ്ണിൻെറ പ്രകാശം കെടുത്തിക്കളയുമെന്നു പറഞ്ഞാലും എനിക്കതു വിശ്വസിക്കുവാൻ സാധിക്കയില്ല!—ഹ്യൂബർട്ടിൻെറ സ്വന്തം നാവിൽനിന്നു കേൾക്കാതെ—

*ഹ്യൂബർട്ട്:* ഹും! വരണം, വരണം! (നിലത്തു ചവിട്ടുന്നു. കൊലയാളികൾ കയറും ഇരുമ്പുനാരായവുമായി പ്രവേശിക്കുന്നു.)

*ഹ്യൂബർട്ട്:* ഞാൻ പറയുന്നതുപോലെ ചെയ്യുക!

*ആർതർ:* ഓ, എന്നെ രക്ഷിക്കണേ, ഹ്യൂബർട്ട്, എന്നെ രക്ഷിക്കണേ! ഈ കൊലയാളികളുടെ ക്രൂരനോട്ടംകൊണ്ടുതന്നെ എൻെറ കണ്ണു പൊട്ടിപ്പോകുന്നു!

*ഹ്യൂബർട്ട്:* (കൊലയാളികളോടു്) ആ ഇരുമ്പുനാരായം ഇങ്ങു തരൂ. എന്നിട്ടു്, അവനെ അവിടെ പിടിച്ചു കെട്ടു. (കസേര ചൂണ്ടിക്കാണിക്കുന്നു.)

*ആർതർ:* കഷ്ടം—എന്തേ, നിങ്ങളിങ്ങനെ കഠിനമായി ബഹളംകൂട്ടുന്നു? ഞാൻ ബലംപിടിക്കയില്ല; കുതറുകയില്ല; ഞാൻ അനങ്ങാതെ കല്ലുപോലെ ഇവിടെ നിന്നുകൊള്ളാം. ദൈവത്തെ ഓർത്തു്, ഹ്യൂബർട്ട്, എന്നെ പിടിച്ചു കെട്ടിക്കരുതു്. ഈ മനുഷ്യരെ പറഞ്ഞയയ്ക്കണേ.

ഞാൻ,_ ഞാൻ ഒരാട്ടിൻകുഞ്ഞിനെപ്പോലെ ശാന്തമായിരുന്നുകൊള്ളാം, ഒട്ടും അനങ്ങാതെ, കണ്ണു ചിമ്മാതെ; ഒററ വാക്കു് പറയാതെ__ ആ ഇരുമ്പുനാരായത്തിൻെറ നേരെ നോക്കാതെ.

ദാ, ഇവരെ ഓടിച്ചുകളഞ്ഞാൽ മതി. നിങ്ങൾ എന്നെ എന്തു വേണമെങ്കിലും ചെയ്തുകൊള്ളൂ. ഞാൻ സഹിച്ചുകൊള്ളാം; ക്ഷമിച്ചുകൊള്ളാം!

*ഹ്യൂബർട്ട്:* (കൊലയാളികളോടു്) നിങ്ങൾ പോകൂ. അകത്തേയ്ക്കു പോകൂ. ഇവൻെറ കാര്യം ഞാൻതന്നെ നടത്തിക്കൊള്ളാം.

*കൊലയാളികളിൽ ഒന്നാമൻ:* സന്തോഷം! ഏററവും സന്തോഷം!

*രണ്ടാമൻ:* നന്ദി; ഒഴിവാക്കിയതിൽ! (പോകുന്നു.)

*ആർതർ:* കഷ്ടം! ഞാനും എൻെറ സ്നേഹിതൻ ഹ്യൂബർട്ടും മാത്രം. —എന്നാലും, അദ്ദേഹത്തിൻെറ കണ്ണുകൾ കല്ക്കഷണങ്ങളായിരിക്കുന്നു. എങ്കിലും, എങ്കിലും, __ആ ഹൃദയം സ്നേഹാർദ്രമാണു്!

*ഹ്യൂബർട്ട്:* സമയമില്ല. ഹും! കുട്ടി, വരൂ. തയ്യാറെടുത്തുകൊള്ളൂ!

*ആർതർ:* മററു പോംവഴി ഒന്നുമില്ലേ?

*ഹ്യൂബർട്ട്:* ഇല്ല! ഇല്ല! കണ്ണു് കുത്തിപ്പൊട്ടിക്കുകതന്നെവേണം.

*ആർതർ:* ഓ, ദൈവമെ! നിങ്ങളുടെ കണ്ണിൽ ഒരു കരടു പോയാൽ, ചെറിയൊരു പ്രാണി കയറിയാൽ, അല്ല, ഒരു തലനാരിഴ വീണാൽ__

*ഹ്യൂബർട്ട്:* മതി. നിർത്തൂ! നാവനക്കരുതു്!

*ആർതർ:* ഹ്യൂബർട്ട് __ രണ്ടു കണ്ണുകൾക്കുവേണ്ടി, നൂറു നാവുകൾ ഒരുമിച്ചു സംസാരിച്ചാലും അധികമാകുമോ? ഞാൻ, ഞാൻ__സംസാരിച്ചുകൊള്ളട്ടെ.

അതല്ലെങ്കിൽ, ഹ്യൂബർട്ട്, നിങ്ങൾക്കിഷ്ടമെങ്കിൽ, എൻെറ നാവ് മുറിച്ചുകളഞ്ഞോളൂ. എൻെറ കണ്ണുകൾ എനിക്കു തന്നാൽമാത്രം മതി. ഓ, എൻെറ കണ്ണുകൾ എനിക്കു വിട്ടുതരിക—!

നോക്കൂ, ആ ഇരുമ്പുനാരായം. അതു് തണുത്തതാണു്, അതെന്നെ വേദനിപ്പിക്കയില്ല!

*ഹ്യൂബർട്ട്:* പക്ഷേ, തണുത്താൽ എനിക്കതിനെ ചൂടുപിടിപ്പിക്കാം കുട്ടീ.

*ആർതർ:* ഇല്ല, ഇല്ല! ദുഃഖംകൊണ്ടു്, ഇതാ, ഈ അഗ്നിതന്നെ, തണുത്തു് കെട്ടുതുടങ്ങിയിരിക്കുന്നു.

നോക്കൂ. ഈ തീയ്ക്കു് ആരോടും ഒരു വൈരാഗ്യവുമില്ല. സ്വർഗ്ഗത്തിൻെറ നിശ്വാസം അതിൻെറ രൂക്ഷത കളഞ്ഞു; അതിൻെറ ശിരസ്സിനു മുകളിൽ, അനുതാപത്തിൻെറ ക്ഷാരം മൂടിയിരിക്കുന്നു!

*ഹ്യൂബർട്ട്:* പക്ഷേ, എൻെറ നിശ്വാസംകൊണ്ടു് എനിക്കതിനെ വീണ്ടും കത്തിയെരിയിക്കാം, കുട്ടീ!

*ആർതർ:* അങ്ങനെ ചെയ്താൽ—അങ്ങനെ ഊതിയൂതി തെളിയിച്ചാൽ, അധർമ്മഭീരുത്വംകൊണ്ടു് അതു് വിളറുകയേയുള്ളു. ഒരുപക്ഷേ, അതു് നിങ്ങളുടെ കണ്ണിലേയ്ക്കുതന്നെ ചാടിത്തെറിച്ചു വീണാൽ, കോപിച്ച നായയെപ്പോലെ യജമാനൻെറ നേരെ തിരിഞ്ഞാൽ— ഓർത്തുനോക്കൂ—നിങ്ങളുടെ കണ്ണിലേയ്ക്കുതന്നെ പറന്നു വീണാൽ—

ഓ, നിങ്ങൾക്കുമാത്രം കരുണയുണ്ടെങ്കിൽ, ഹ്യൂബർട്ട്—ഈ ഇരുമ്പുനാരായവും തീജ്ജ്വാലയുമെല്ലാം കരുണയുള്ളവയാണു്!

*ഹ്യൂബർട്ട്:* ശരി! ഈ കണ്ണുകളിൽ ഞാൻ തൊടുകയില്ല! രാജകുമാരാ! ഈ കണ്ണുകൾക്കൊണ്ടു് എന്നും കണ്ടുകൊള്ളുക!

*ആർതർ:* ഹ്യൂബർട്ട്—പ്രിയപ്പെട്ട ഹ്യൂബർട്ട്—

*ഹ്യൂബർട്ട്:* വേണ്ട! ഒന്നും പറയേണ്ട, വേണ്ട. ആർതർ മരിച്ചുപോയെന്നു് ഞാൻ ഇളയപ്പനെ ധരിപ്പിച്ചുകൊള്ളാം, പിന്നീട്; വേണ്ടത്ര തെളിവുകളോടെ—.

കുഞ്ഞേ, സമാധാനമായി, സുരക്ഷിതമായി കിടന്നുറങ്ങിക്കോളൂ, നിൻെറ കണ്ണുകളോടുകൂടി! ഈ ലോകത്തിലെ മുഴുവൻ ധനവും കിട്ടിയാലും, കുഞ്ഞേ, നിന്നെ ഞാൻ ഒരിക്കലും, ഒരിക്കലും, ദ്രോഹിക്കയില്ല; വേദനിപ്പിക്കയില്ല!

*ആർതർ:* ഓ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു, ഹ്യൂബ—

*ഹ്യൂബർട്ട്:* (ചുണ്ടുകളിൽ വിരൽ വെച്ചു്) നിശ്ശബ്ദം! എൻെറകൂടെ പോരൂ. എൻെറ കുഞ്ഞേ, നിനക്കുവേണ്ടി, വളരെ ആപൽക്കരങ്ങളായ വഴികൾ എനിക്കു കടക്കേണ്ടതുണ്ടു്!

(ആർതറെ കൈയ്ക്കു പിടിച്ചുകൊണ്ടു പോകുന്നു.)

●

കുട്ടികൾക്കൊരു കുഞ്ഞിപ്പാട്ടു്

# നന്ദിപ്രകടനം

*("വെളുക്കുമ്പോൾ കുളിക്കേണം ......." പോലെ)*

ചെറുപാണിമുകുളങ്ങൾ
പദതാരിലണിയിച്ചു്
സ്തുതി ചൊല്ലി വണങ്ങും നിൻ
ചരണങ്ങൾ ജഗദീശാ!
വെളിവും കൂരിരുളും ത–
ന്നരുളിയതിനുവേണ്ടി;
നഭസ്സിൽ മിന്നിടും ഗോള–
സഹസ്രം തന്നതിന്നായി;
മഴയും പിന്നതുപോലെ
വെയിലും തന്നതിന്നായി;
ഇടിയും മിന്നലും തന്നോ–
രതിരററ ദയയ്ക്കായി;
കര കാണാക്കടലിന്നും
അതിലെ ജീവികൾക്കുംതാൻ;
മണിമഞ്ഞു പുതയ്ക്കുന്ന
മല സൃഷ്ടിച്ചതിന്നായി;
പല ജാതി മൃഗജാലം
നിറയും കാടുകൾക്കായി;
കുളിർതെന്നൽ, ചെറുവള്ളി–
യിവ തന്നതിനും വേണ്ടി;
വസന്തം വർഷവും ചേർന്ന
ഋതുക്കൾ തന്നതിൻപേരിൽ;
പല പൂക്കൾ, അതിലൊക്കെ
മധുവും ചേർത്തതിന്നായും;
അഴലോടു സുഖവും ത–
ന്നൊരു ദാനത്തിനുവേണ്ടി;
ജനനംപോൽ മൃതിയും ഇ–
ങ്ങരുളിയതിനുവേണ്ടി;
ധനം തന്നതിനും, ഒട്ടും–
ധനം നൽകാത്തതിന്നായും;
സുഖക്കേടും സുഖവും ചേ–
ർത്തിവക്കേകിയതിനാലും.
വിവരിച്ചാൽ കഴിയാത്തോ–
രതിരററ കൃപയ്ക്കായി.
എളിയോരീയുപഹാരം
ദയവായു് സ്വീകരിക്കേണം.

— വർഗ്ഗീസ് മാളിയേയ്ക്കൽ

# ഭദ്രകാളിയെ പിശാച

[കഥാതന്തു — റാക്കറപ്പായിയും മത്തായിച്ചനും ഉററ മിത്രങ്ങളായിരുന്നു. മത്തായിച്ചന്റെ വീട്ടിൽവച്ച് റപ്പായി ഒരു കൊലപാതകം നടത്തി. അർദ്ധരാത്രിക്ക് അവർ ഒരുമിച്ച് സ്ഥലംവിട്ടു. അങ്ങകലെ ചിന്നമ്മ എന്നൊരു യുവതിയുടെ വേലക്കാരായി അവർ കഴിഞ്ഞുകൂടി. അവിടത്തെ അടിമത്തം സഹിച്ചുകൂടാതെ അവർ ഒരുമിച്ചിറങ്ങി. പോലീസ് മേധാവികളുടെ കിങ്കരന്മാരായിത്തീരാൻ അവർക്കവസരം കിട്ടി. പ്രേതം ചുമന്നു കാട്ടിൽ കെട്ടിത്തൂക്കുവാൻപോലും അവർ പണിയെടുത്തു. മത്തായിച്ചൻ ഹെഡ്ഡങ്ങത്തയുടേയും റാക്കറപ്പായി ഇൻസ്പെക്ടരുടേയും വേലക്കാരായി. അങ്ങനെ അവർ കൂട്ടുപിരിഞ്ഞു. ഹെഡ്ഡങ്ങത്ത ചിന്നമ്മയെ വിഷം കൊടുത്തു കൊല്ലുവാൻ മത്തായിച്ചനെ നിയോഗിച്ചു. അവൻ ചക്കിനു വച്ചതു കൊക്കിനു കൊള്ളിച്ചു. 'അങ്ങത്ത' തുലഞ്ഞു. അവിടെനിന്നു രക്ഷപ്പെട്ടോടുംവഴി ബസ്സപകടത്തിൽപ്പെട്ട് മത്തായിച്ചൻ മരണത്തിന്റെ വാതിൽവരെയെത്തി. ചിന്നമ്മയാണ് അവനെ പരിചരിച്ചു സുഖപ്പെടുത്തിയതു്.

തന്റെ വീട്ടിൽ നടന്ന കൊലപാതകത്തിനു് അമ്മയെ ശിക്ഷിച്ചിരിക്കുന്നതായി മത്തായിച്ചൻ പത്രത്തിൽ വായിച്ചു. അവൻ വിവരമെല്ലാം ചിന്നമ്മയോടു പറഞ്ഞു. അവർ ഒരുമിച്ച് അമ്മയെക്കാണാൻ പുറപ്പെട്ടു. റാക്കറപ്പായി അവരുടെ യാത്ര കണ്ടു. ചിന്നമ്മയുടെ സ്നേഹം മത്തായിച്ചൻ കവർന്നെടുത്തതു് അവനു തീരെ സഹിച്ചില്ല. വീട്ടിൽപ്പോകണമെന്നു പറഞ്ഞു് കൊച്ചമ്മയുടെ അനുമതി വാങ്ങി അവനും റയിൽവേ സ്റ്റേഷനിൽ പാഞ്ഞെത്തി.

വണ്ടി പുറപ്പെടുകയാണ്. ചക്രങ്ങൾ ഇളകി. ടിക്കററുപോലും വാങ്ങാതെ റാക്കറപ്പായി ഒരു ലേഡീസ് കമ്പാർട്ടുമെൻറിൽ വലിഞ്ഞുകയറി—ഇനി വായിക്കുക ]

കൂട്ടച്ചിരിയും വളകിലുക്കങ്ങളും! ചെറുപ്പക്കാരികൾ ആ വിരുതൻശങ്കുവിനെ ഒളിഞ്ഞും തെളിഞ്ഞും നോക്കി. അപഹാസനിർഭരങ്ങളായ കണ്ണുകൾ! അതിലുപരി വിസ്മയവിലാസങ്ങളും! പുരുഷന്മാർ കടന്നുകൂടാത്ത ആ കമ്പാർട്ടുമെൻറിൽ ഇത്ര തന്റേടമായി വലിഞ്ഞുകയറിയതാരാണ്?

ഇരിക്കാൻ എങ്ങുമിടമില്ല. സ്ത്രീകളാണ് നിരന്നിരിക്കുന്നതു്. റപ്പായി നെട്ടനെയങ്ങനെ നിന്നു. അയാൾ ആ കമ്പാർട്ടുമെൻറിൽ എല്ലാവർക്കും ഒരു ചോദ്യചിഹ്നമാണ്. പക്ഷേ ആരാണ് ചോദ്യംചെയ്യുക? തന്റേടമുള്ള ഒരു യുവാവിനോടു വഴക്കടിക്കുവാൻ പലർക്കും മടിയാണ്. അയാൾ ഒരുദ്യോഗസ്ഥനായിരിക്കാം.

ഉയർന്നുവന്ന ചോദ്യങ്ങൾ പലരും കടിച്ചമർത്തി; പരസ്പരം നോക്കിയിട്ട് അവർ അമർത്തിച്ചിരിച്ചു.

റാക്കറപ്പായി ചുററുമൊന്നു കണ്ണോടിച്ചു. കാണാൻ കൊള്ളാവുന്ന ധാരാളം പെമ്പിള്ളരുണ്ടു്. ഒരരികിൽ ചിന്നമ്മയുമിരിക്കുന്നു. അവൻ അവളെക്കണ്ടില്ലെന്നു ഭാവിച്ചു. മത്തായിച്ചൻ മറേറതോ കമ്പാർട്ടുമെൻറിലായിരിക്കും. ഏതു സ്റ്റേഷനിലാണ് അവർ ഇറങ്ങി ഒരുമിച്ചുകൂടുന്നതെന്നറിഞ്ഞുകൂടാ. അതു് സൂക്ഷിച്ചിരിക്കണം. പക്ഷേ ലേഡീസ് കമ്പാർട്ടുമെൻറിൽ അവൻ ഒരു കള്ളനാണയമാണ്. ആരെങ്കിലും കണ്ടുപിടിച്ചാൽ ആ നാണയം വലിച്ചു ദൂരെയെറിഞ്ഞെന്നു വരാം.

നാലഞ്ചു് കോളെജുകുമാരിമാർ ആ മുറിയിൽത്തന്നെയുണ്ടു്. അവർ പുതിയ സഹയാത്രക്കാരനോടു് ഒരു വാഗ്സമരത്തിനു തയ്യാറെടുക്കുകയായിരുന്നു. പക്ഷേ എങ്ങനെയാണൊന്നു് ഉദ്ഘാടനംചെയ്യുക?

"ഇതാരുടെയാണ് ഈ പെട്ടി?'' രണ്ടായി പിന്നിയിട്ട ചുരുളൻമുടിക്കാരി ചോദിച്ചു. മററുള്ളവർ കണ്ണിൽക്കണ്ണിൽ നോക്കി ചിരിച്ചു.

"എന്റെയല്ല."

"എന്റെയുമല്ല."

"ഇതിനുടമസ്ഥരില്ലേ?"

"അനാഥപ്രേതമായിരിക്കും."

"എന്റെയാ............'' റപ്പായി നല്ലതുപോലെ ഒന്നു പുഞ്ചിരി തൂകി.

പ്രത്യുത്തരം ഒരു കൂട്ടച്ചിരിയായിരുന്നു.

"അസൗകര്യമാണെങ്കിൽ സീററിനു കീഴിലേയ്ക്കു് മാററിവയ്ക്കാം."

"വേണ്ടാ; ഇതുംകൊണ്ടു് ഈ കമ്പാർട്ടുമെൻറിൽ നിന്നങ്ങു് പോയേച്ചാമതി.''

"മറെറങ്ങും സ്ഥലമില്ലാഞ്ഞിട്ടാ.''

"ഇവിടേയും സ്ഥലമില്ല.''

"ഞാനിവിടെ നിന്നോളാം."

"താൻ നിൽക്കയോ നടക്കയോ ചെയ്യ്; പക്ഷേ ഇതു് ലേഡീസ് കമ്പാർട്ടുമെൻറാണ്; ഇവിടെനിന്നു പോകണം."

"പെരുകാതെ പെങ്ങളെ! നമ്മളൊക്കെ മനുഷ്യരല്ലേ?"

"ഞാൻ തന്റെ പെങ്ങളല്ല.''

"ആരുടെയെങ്കിലും പെങ്ങളല്ലേ?''

"അതിനു തനിക്കെന്താ ചേതം?'' ഒരു കൂളിംഗ് ഗ്ലാസ്സുകാരി തട്ടിവിട്ടു. അവൾ തന്റെ കണ്ണടയെടുത്തു സാരിത്തുമ്പുകൊണ്ടു തുടച്ചിട്ട് വീണ്ടും 'ഫിററ'ചെയ്തു.

"എനിക്കു ചേതമുണ്ടു്."

# പിടിച്ചു

വണ്ടിക്കു വേഗത കൂടി. യാത്രക്കാർ അറിയാതെതന്നെ പരസ്പരം മുട്ടിയുരുമ്മിപ്പോയി. റപ്പായിയുടെ ആകസ്മികസ്പർശനം അടുത്തിരുന്ന കുമാരിമാർക്കു തീരെ പിടിച്ചില്ല. അവർ അസഹിഷ്ണുതയോടെ അയാളുടെ നേരെ തറപ്പിച്ചുനോക്കി.

പൊട്ടിച്ചിരി!....പിന്നെയും പൊട്ടിച്ചിരി!!......

''തകക്കും! തകക്കും!....നിന്നെത്തകക്കും....''വണ്ടിയുടെ ബംബറുകൾ കൂട്ടിയിടിക്കുന്ന ശബ്ദം ഒരുഗ്രമായ താക്കീതുപോലെ അങ്ങനെ ഉയൎന്നുകൊണ്ടിരുന്നു.

"തന്റെ ചേതം വീട്ടിൽക്കൊണ്ടെ വയ്ക്കൂ"." ചുരുളൻമുടിക്കാരി വിട്ടില്ല. ആ സംഭാഷണത്തിന്റെ ശൃംഖല പിന്നെയും പൊട്ടാതെ നീളുകയാണു്.

"ശ്രീമതിയെന്താ പെരുകുന്നതു്?"

''ശ്രീമതിയെന്നു തൻറവളെച്ചെന്നു വിളി."

"അപളാകാമോ?"

"ഹു, തെമ്മാടിത്തരം പറയുന്നോ?" അവൾ ചാടിയെണീററു.

''ഇറങ്ങെടോ പുറത്തു്.'' എല്ലാ ശബ്ദങ്ങളും ഒരുമിച്ചായി.

''തല്ലിക്കോളിൻ; പെമ്പിള്ളേരുടെ നാലു തല്ലു കൊള്ളാനും വേണം ഒരു യോഗം!''

അവൻ കൈയ്യുംകെട്ടിയങ്ങു നില്പായി.

''ചങ്ങല വലിക്കൂ.''

"വണ്ടി നിറുത്തു."

അവരെല്ലാം പ്രക്ഷുബ്ധരായി.

"ചതിക്കല്ലെ" റപ്പായി കേണപേക്ഷിച്ചു. "നിങ്ങൾ എന്നെ എന്തു വേണമെങ്കിലും ചെയ്തുകൊള്ളുക. അടിക്കയോ ഇടിക്കയോ തൊഴിക്കയോ എന്തും ചെയ്തോളിൻ: എന്നെ അവമാനിക്കരുതു്."

"താനൊരു മര്യാദകെട്ടവനാ."

"അതെ, വെറും മര്യാദകെട്ടവൻ. പക്ഷെ എനിക്കു പറയാനുള്ളതുകൂടെ ഒന്നു കേട്ടിട്ടു് എന്നെ നിങ്ങൾ എന്തു വേണമെങ്കിലും ചെയ്തുകൊള്ളുവിൻ."

''എന്തു കാര്യമാ; എന്നാൽ പറഞ്ഞാട്ടെ, ആത്മകഥ."

അവരുടെ പ്രക്ഷോഭം ഒട്ടൊന്നടങ്ങി. എല്ലാവരും യഥാസ്ഥാനങ്ങളിലിരുന്നു. കൂർപ്പിച്ചുനിന്ന ചെവികൾ! ജിജ്ഞാസ നിറഞ്ഞ കണ്ണുകൾ.

"ഉള്ളതു പറയാമല്ലൊ; നിങ്ങൾ പുറത്തു പറയരുതേ!" മുഖവുരതന്നെ ഒരഭ്യർത്ഥനയായിരുന്നു. ഇന്റലിജൻസു ഡിപ്പാർട്ടുമെന്റിലാണെനിക്കു ജോലി. ഞാനൊരു പുള്ളിയെത്തേടി നടക്കുകയാണു്. ഈ വണ്ടിയിലുണ്ടെന്നൊരു സംശയം....അയ്യോ, നിങ്ങളാരോടും പറയരുതേ....''

എല്ലാവരും നിശ്ശബ്ദരായി. ആ മനുഷ്യൻ നിസ്സാരനല്ലത്രെ. ഒരു സി. ഐ. ഡി. ഇൻസ്പെക്ടറെങ്കിലുമായിരിക്കും. അയാളോടു കയറിക്കളിക്കുന്നതു സൂക്ഷിച്ചുവേണം.

''എന്റെ യൂണിഫാറമൊക്കെ പെട്ടിയിലിരിക്കുന്നു; നിങ്ങൾക്കു കാണണോ?" അയാൾ പെട്ടി തുറന്നുകഴിഞ്ഞു. കാക്കിയുടുപ്പുകൾ! ക്രോസ്സ് ബൽററും തൊപ്പിയുമെല്ലാമുണ്ടു്. ഒന്നുരണ്ടു വലിയ ഡയറികളും കാണുന്നു. പിടികിട്ടാപ്പുള്ളികളെ സംബന്ധിച്ചുള്ള റിക്കാർഡുകൾ അതിലുണ്ടായിരിക്കാം.

ചുരുൾമുടിക്കാരിയും കൂളിംഗ്ഗ്ലാസ്സുകാരിയുമൊക്കെ മിണ്ടടങ്ങി. റാക്കുറപ്പായി തുടൎന്നു: ''വളരെ താമസിച്ചാണു് രണ്ടു പുള്ളികൾ ഈ വണ്ടിക്കു കടന്നുകളയുന്നുണ്ടെന്നുള്ള വിവരം ഞാനറിഞ്ഞതു്. പെട്ടെന്നൊരുങ്ങി ഓടിയെത്തിയപ്പോഴേയ്ക്കും വണ്ടി വിട്ടുകഴിഞ്ഞു. അപ്പോൾ നേരെ മുമ്പിൽ കണ്ട കമ്പാർട്ടുമെന്റിൽ വലിഞ്ഞുകയറിയതാണു്. നിങ്ങളെ ഉപദ്രവിച്ചതിനു ക്ഷമിക്കണം!"

"സാരമില്ല, അവിടെയിരിക്കാമല്ലൊ.'' അവർ ഒരാൾക്കിരിക്കാൻ സീററുണ്ടാക്കിക്കഴിഞ്ഞു. അയാൾ ടൗവ്വൽ മടക്കി വീശി. വിയൎപ്പു തുടച്ചുകളഞ്ഞു. കോളെജു കുമാരിമാർ അയാളുടെ പെട്ടി സീററിനടിയിലേയ്ക്കു സൗകര്യപ്രദമായി നീക്കിവച്ചു.

''അപ്പോൾ സാറിനെവിടെയാണിപ്പോൾ ജോലി?" കൂളിംഗ്ഗ്ലാസ്സുകാരി ചോദിച്ചു.

"ക്രൈം ബ്രാഞ്ചിലാണു്; തല്ക്കാലം അത്രയുമറിഞ്ഞാൽ മതി. എല്ലാം ഞാൻ പിന്നീടറിയിക്കാം.

(ശേഷം 306_ാം പേജിൽ)

കല്യാണസാരികൾക്കു്
വെള്ളാനിക്കാരൻസ്
മോഡേൺ
ഫേബ്രിക്സ്
PHONE 90
ചാലക്കുടി

# കേരളത്തിലെ മിഷൻ പ

**1963-64** സാമ്പത്തികവർഷത്തിൽ വേദപ്രചാരസംഘത്തിന് ഇന്ത്യയിലേയും, പ്രത്യേകിച്ച് കേരളത്തിലേയും, രൂപതകളിൽനിന്നു ലഭിച്ച സംഭാവനകളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ, അന്തരംഗത്തിൽ പൊന്തിവരുന്ന ചില ചിന്തകളാണ് ഈ ലേഖനത്തിലെ പ്രതിപാദ്യവിഷയം. ഭാരതത്തിലെ ആകെ കത്തോലിക്കർ 5925565 ആണ്; ആകെ ലഭിച്ച സംഭാവന 454089 ഉറുപ്പികയാണ്. ഇതു് 1962_63ലെ സംഭാവനയേക്കാൾ 2.15 ശതമാനം കൂടുതലാണ്. എങ്കിലും, ആളൊന്നുക്ക്* $11\frac{1}{2}$ പൈസ മാത്രമാണ് സംഭാവന. അതെന്തങ്ങനെയെങ്കിലുമാകട്ടെ; ഭാരതത്തിൽ ഒരു ശതമാനം മാത്രമേ കത്തോലിക്കരുള്ളുവെന്നും ഇന്ത്യ ഒരു ദരിദ്രരാജ്യമാണെന്നും മററും പറഞ്ഞു സുഷുപ്തിയിലാഴുന്നവരെ ശല്യപ്പെടുത്തുന്നില്ല.

## കേരളത്തിലെ സ്ഥിതി

നമ്മുടെ കേരളത്തിലെ കണക്കുകൾ പരിശോധിക്കുമ്പോൾ, പത്തൊമ്പതു നൂററാണ്ടിൻെറ പാരമ്പര്യം പെരുമ്പറയടിക്കുന്ന കത്തോലിക്കാസമുദായം ലജ്ജിച്ചു തല താഴ്ത്തുകതന്നെ വേണം. കേരളത്തിൽ 16 രൂപതകളിലായി ആകെ 2221353 കത്തോലിക്കരുണ്ട്. ഇവരിൽനിന്നു ആകെ ലഭിച്ച സംഭാവന 118133 ഉറുപ്പികയാണ്. ഇതു് 1962_63ലെ സംഖ്യയേക്കാൾ 18 ശതമാനം കൂടുതലാണെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെ. പക്ഷേ, ആളൊന്നുക്ക് 8 പൈസ മാത്രമാണ് സംഭാവനയെന്നോർക്കുമ്പോഴാണ് നമ്മുടെ മിഷൻ മനഃസ്ഥിതിയുടെ പാപ്പരത്തം പുറത്താകുന്നതു്! ഭാരതത്തെ മുഴുവനായെടുക്കുമ്പോൾ ആളോഹരി $11\frac{1}{2}$ പൈസ; കേരളം മാത്രമെടുക്കുമ്പോൾ ആളോഹരി 8 പൈസമാത്രവും!! ലക്നൌ (80 പൈസ), ഝാൻസി (72 പൈസ), ഊട്ടി (50 പൈസ), ഹാഫ്‌ലോങ്ങ് (48 പൈസ), കാഷ്മീർ_ജമ്മു (46 പൈസ), സിംല (32 പൈസ), മീററ് (26 പൈസ), ആഗ്ര (26 പൈസ), ഡൽഹി (25 പൈസ), ഹൈദ്രബാദ് (22 പൈസ), കട്ടാക്ക് (22 പൈസ) —എന്നിങ്ങനെയാണ് ആ രൂപതകളിൽ—"മാപ്പ്"ക്കാരും പുതുക്രിസ്ത്യാനികളുമടങ്ങിയ ആ കൊച്ചുരൂപതകളിൽ—ആളൊന്നുക്ക് സംഭാവന വരവ്. കേരളത്തിലോ? ഏററവും കൂടുതൽ ആളോഹരി പെറിയ രൂപതയായ കോഴിക്കോട്ടാണ് (19 പൈസ). ജനസംഖ്യയിൽ ഇന്ത്യയിലെ ഏററവും വലിയ രൂപതയായ തൃശ്ശൂരിൽ 8 പൈസയും, രണ്ടാം സ്ഥാനമുള്ള ചങ്ങനാശ്ശേരിയിൽ 5 പൈസയും! അതേസമയം ജനസംഖ്യയിൽ 3_ാംസ്ഥാനമുള്ള ബോംബെയിൽ 40 പൈസയുണ്ട്.

## ഇവിടെ പണക്കാരില്ലേ?

ആളോഹരി സംഖ്യ ഉയരുന്നതു്, ഒന്നുകിൽ എല്ലാ വ്യക്തികളും മിഷൻകാര്യങ്ങളിൽ പ്രബുദ്ധരാകുന്നതുകൊണ്ടോ, അല്ലെങ്കിൽ ചുരുക്കം ചില വ്യക്തികൾ വലിയ സംഖ്യകൾ നൽകുന്നതുകൊണ്ടോ ആകാം. ഇതു രണ്ടും ഇല്ലാത്തതുകൊണ്ടാണ് കേരളത്തിൽ ആളോഹരി സംഖ്യ വളരെ താഴ്ന്നുപോകുന്നതു്. കത്തോലിക്കാജനസാമാന്യത്തിനു് മിഷൻ പ്രബുദ്ധത വളരെ കുറവാണ്. എന്നാൽ ആ കുറവിനെ നികത്തി ആൾ വിഹിതം ഉയർത്തുവാൻ പണക്കാർ വലിയ സംഖ്യകൾ നൽകണം. അതൊട്ടില്ലതാനും. കേരളത്തിൽ കത്തോലിക്കരായ ധനവാന്മാർ ഇല്ലാഞ്ഞിട്ടാണോ? റബ്ബർ രാജാക്കന്മാരും, കൃഷികസമ്രാട്ടുകളും, കുരുമുളകുമന്നന്മാരും, നാളികേരപ്രഭുക്കന്മാരും, കച്ചവടമുതലാളികളും, കോൺടാക്റ്റ് പ്രമാണികളും, വ്യവസായമുഖ്യന്മാരും നമ്മുടെയിടയിൽ ധാരാളമില്ലേ? പക്ഷേ, മിഷൻ കാര്യങ്ങളെക്കുറിച്ചുള്ള ഒരു തീക്ഷ്ണതയോ, മിഷൻ സഹായം തങ്ങളുടെ കർത്തവ്യമാണെന്നുള്ള ഒരു വിചാരമോ, ഒരു വ്യക്തിയുടെ ക്രൈസ്തവത്വത്തിൻെറ അളവുകോലാണ് അയാൾ ചെയ്യുന്ന മിഷൻ സഹായം എന്നുള്ള അവബോധമോ അവരെ തൊട്ടുകളിച്ചിട്ടുപോലുമില്ല. അതുകൊണ്ടു്, "മെമ്മെ" തട്ടാത്ത വിധത്തിൽ, "തൊലിപ്പുറമെ" ചില നിസ്സാര സംഭാവനകൾമാത്രം നൽകി അവർ തൃപ്തിയടയുന്നു.

## കൂപമണ്ഡൂകമനസ്ഥിതി

മിഷൻകാര്യങ്ങളിൽ കേരളത്തിലെ കത്തോലിക്കാ ജനസാമാന്യത്തിൻെറ മനഃസ്ഥിതി കൂപമണ്ഡൂകത്തിൻേറതിനോടുപമിക്കാം. പൊട്ടക്കിണററിലെ തവള വിചാരിക്കുന്നു: "ഇതാണ്—കിണററിൻെറ അടിഭാഗമാണ്—ഭൂലോക"മെന്നു്. കിണററിനു പുറത്തുള്ള ലോകമൊന്നും അതു കണ്ടിട്ടില്ലല്ലൊ. ഇതുപോലെ കേരളത്തിലെ കത്തോലിക്കർ വിചാരിക്കുന്നു: ഇതാണ്—കേരളമാണ്—എൻെറ ഇടവകയാണ്—ഭൂലോകമെന്നു്; കേരളത്തെപ്പോലെ, എൻെറ ഇടവകപോലെ, തന്നെയാണ് ഭാരതം മുഴുവനുമെന്നു്. കേരളത്തിലും എൻെറ ഇടവകയിലുമാണെങ്കിൽ, കത്തോലിക്കർ ധാരാളം, പള്ളിനിറയെ ജനങ്ങൾ, വലിയ പെരുന്നാളുകൾ, ഗംഭീരവെടിക്കെട്ടുകൾ, ആഘോഷമായ പ്രദക്ഷിണങ്ങൾ, പൊൻവെള്ളിക്കുരിശുകൾ, മുത്തുക്കുടകൾ, വലിയ പള്ളികൾ, നിരവധി കപ്പേളകൾ, കോളെജുകൾ, ഹൈസ്ക്കൂളുകൾ, ആസ്പത്രികൾ, അനാഥശാലകൾ, കന്യാസ്ത്രീമഠങ്ങൾ — അങ്ങനെ പോകുന്നു ആ ലിസ്റ്റ്. ഇതുപോലെതന്നെയായിരിക്കും ഭൂലോകത്തിലെല്ലായിടത്തും എന്നാണ് ആ സാധുകത്തോലിക്കൻ വിചാരിക്കുന്നതു്. പക്ഷേ, വടക്കാഞ്ചേരിയിൽ

* രൂപതകളിലെ കത്തോലിക്കാ ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം എടുത്തുകൊണ്ടാണ് ആളോഹരി തുക കണക്കാക്കിയിരിക്കുന്നതു്.

## സി. ജെ. ജെയ്ക്കബ്ബ് ബി. എ.

# രിവുകൾ

നിന്നും വടക്കോട്ടും കിഴക്കോട്ടും പോയാൽ, കത്തോലിക്കർ നൂറുക്ക് ഒന്നും, ആയിരത്തിനൊന്നും മാത്രമേ ഉള്ളുവെന്നും ഒരു പള്ളിയോ വൈദികനെയോ കാണുവാൻ അഞ്ഞൂറും ആയിരവും നാഴിക സഞ്ചരിച്ചാലേ സാധിക്കയുള്ളുവെന്നും അവൻ മനസ്സിലാക്കിയിട്ടില്ല. ക്രിസ്തുവിനെ അറിയാത്ത ജനകോടികളെപ്പററി അവൻ ഓർക്കണം. അവരും ക്രിസ്തുവിനെ അറിയണമെന്നുള്ള ഉൽക്കടമായ അഭിവാഞ്ഛ അവനിൽ ഉയിരെടുക്കണം. അപ്പോൾ മിഷനെ കഴിവുള്ളത്ര സഹായിക്കുവാൻ അവൻ ബദ്ധപരികരനാകും.

### കടുത്ത സ്വാർത്ഥത

നമ്മുടെ കത്തോലിക്കാ ജനസാമാന്യത്തിലും പള്ളിയോഗങ്ങളിലും പ്രകടമാകുന്ന മറെറാരു മനഃസ്ഥിതി കടുത്ത സ്വാർത്ഥതയാണ്. *എന്റെ പള്ളി* വലുതാക്കണം, പൊളിച്ചു പണിയണം, മനോഹരമാക്കണം, മണിമാളിക പണിയണം; പെരുന്നാൾ കെങ്കേമമാക്കണം, ബാൻറു സെററുകൾ പലതു വേണം, ഗംഭീര വെടിക്കെട്ട് വേണം, വൈദ്യുതീകരണം വേണം, സദ്യ നടത്തണം. അതേ സമയം ക്രിസ്തുവിനെ അറിയാത്ത ജനകോടികളുണ്ടെന്നും, അവർ ക്രിസ്തുവിനെ അറിയണമെന്നും, അതിനുവേണ്ടി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മിഷൻ രംഗങ്ങളിൽ പള്ളിയും, ഡിസ്പെൻസറിയും, സ്കൂളും; പൂജാസാമഗ്രികളും, വൈദികരും; കന്യാസ്ത്രീകളും, ഉപദേശിമാരും എല്ലാം വേണമെന്നും, അതിനു വേണ്ടതായ ഭീമസംഖ്യകളിലേയ്ക്കു ഉദാരമായി സംഭാവനചെയ്തു മിഷനെ സഹായിക്കണമെന്നും ഉള്ള യാതൊരു വിചാരവും, തീക്ഷ്ണതയും, ഉൽകണ്ഠയും അവരിൽ ഒട്ടില്ലതാനും! എന്തൊരു ക്രിസ്ത്യാനികൾ!! ഇവരുടെ ക്രൈസ്തവത്വംതന്നെ ചോദ്യംചെയ്യപ്പെടേണ്ടതല്ലേ? അതേസമയം പത്തൊമ്പതു് നൂററാണ്ടിന്റെ പാരമ്പര്യവും തറവാട്ടുമഹിമയും അവർ കൊട്ടിഘോഷിക്കയുംചെയ്യും!!!

### രമ്യഹർമ്മ്യങ്ങളിൽ വസിക്കുന്നവരോട്

പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലും മണിമന്ദിരങ്ങൾ ധാരാളമായി ഉയർന്നു വരുന്നുണ്ട്. ആധുനികശില്പകലാസുഭഗമായ ഈ ഹർമ്മ്യങ്ങളിൽ സെററികൾ, പങ്കകൾ, ലൈററുകൾ, റേഡിയോ, പരവതാനികൾ, മനോഹരമായ ദ്രുഷ്ടികകൾ, ചിപ്സ്, ചായപ്പുണികൾ—എല്ലാം ഉണ്ടു്. ധാരാളം പണം അവർ ഈ പണികൾക്കായി വാരിക്കോരി ചെലവുചെയ്യുന്നു. ചെയ്തുകൊള്ളട്ടെ. പക്ഷേ, അതേസമയം, അവരുടെ ദൈവവും സ്രഷ്ടാവുമായ ക്രിസ്തുനാഥൻ എഴുന്നള്ളിയിരിക്കുന്നുവെന്ന് അവർ വിശ്വസിക്കുന്ന ദേവാലയങ്ങൾ ചാണകം മെഴുകിയും, പൊട്ടിത്തകർന്നും, ഇടിഞ്ഞുപൊളിഞ്ഞും, ചോർന്നൊലിച്ചും, ഓലപ്പുരകളായും നിലകൊള്ളുന്നതു് കാണുവാൻ അവർക്ക് കണ്ണില്ലേ? ചുരുങ്ങിയപക്ഷം, വെറും സൃഷ്ടിയായ ഒരു മനുഷ്യൻ നിവസിക്കുന്ന ആ മനോഹരസൌധത്തിന്റെ അത്രയെങ്കിലും ഭംഗിയും വെടിപ്പും ഉറപ്പും സ്രഷ്ടാവായ ദൈവം വസിക്കുന്ന ഭവനത്തിനു വേണ്ടതല്ലേ? മിഷൻ രാജ്യങ്ങളിൽ ഓലഷെഡ്ഡുകളിലും, മരക്കുററിയിന്മേലും, ലോറിപ്പുറത്തും, വൃക്ഷത്തണലിലും, ചോർന്നൊലിച്ചു വീഴാറായ ചാച്ചിറക്കുകളിലും മററുമാണ് കർത്താവ് എഴുന്നള്ളി വരുന്നതു്. സ്വന്തം രമ്യഹർമ്മ്യങ്ങൾക്കുവേണ്ടി പണം വാരിക്കോരി ചെലവുചെയ്യുന്നവർ—ആഭരണങ്ങൾക്കും, സാരികൾക്കും, ആർഭാടങ്ങൾക്കുംവേണ്ടി എന്തു ചെലവും ചെയ്യാൻ സന്നദ്ധരാകുന്നവർ—അതുപോലെത്തന്നെയെങ്കിലും ദൈവഭവനങ്ങൾ നിർമ്മിക്കുവാനും അലങ്കരിക്കുവാനും ഉദാരമായി സഹായിക്കേണ്ടതല്ലേ? മിഷൻ രംഗങ്ങളിലെ ദൈവഭവനങ്ങളെപ്പററി ഉല്കണ്ഠയോടെ ചിന്തിക്കുന്ന ഒരു ധനാഢ്യൻ എങ്ങനെ തന്റെ രമ്യഹർമ്മ്യത്തിലെ മണിമഞ്ചത്തിൽ സുഖസുഷുപ്തിയിലാഴും? ക്രിസ്തു ആരാണെന്നു് അറിയാതിരുന്ന ബെത്ലഹം നിവാസികൾ ഒരു പുൽക്കൂടാണ് ക്രിസ്തുവിനു് പിറക്കുവാൻ നൽകിയതു്. പക്ഷേ ക്രിസ്തു ആരാണെന്നറിയുകയും ക്രൈസ്തവമതത്തിൽ പത്തൊമ്പതു നൂററാണ്ടിന്റെ പാരമ്പര്യം പെരുമ്പറയടിക്കുകയും ചെയ്യുന്ന കേരളത്തിലെ ക്രിസ്ത്യാനികൾ ബെത്ലഹം നിവാസികളെപ്പോലെയായല്ലോ! പക്ഷേ, ഇതിനൊക്കെ ക്രിസ്തുവിലും വി. കുർബാനയിലും ദൃഢതരമായ വിശ്വാസമുണ്ടായിരിക്കണം.

### മററു തുറകൾ

ചിലർ ചോദിക്കുമായിരിക്കും: "വേദപ്രചാരസംഘത്തിലേയ്ക്കു ലഭിച്ച തുകകൾ മാത്രമല്ലേ ഈ കണക്കിലുള്ളു. മററു തുറകളിലൂടെ നിസ്തുല്യമായി മിഷനെ സഹായിക്കുന്നവരും ഇല്ലേ?" ഉണ്ട്. "അവരുടെ വംശം വർദ്ധിക്കട്ടെ" (May their tribe increase) എന്നു ഞാനും പ്രാർത്ഥിക്കുന്നു. മിഷൻ ലീഗുകാർ ഓരോ മിഷനെ ദത്തെടുത്തു് അരുളിക്ക, കാസ, ഉപദേശിയുടെ ശമ്പളം മുതലായവ അയച്ചുകൊടുക്കുന്നുണ്ടെന്നുള്ളതു് ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും, കേരള കത്തോലിക്കരുടെ ധനശ്ശക്തിയും വിശ്വാസപാരമ്പര്യവും പരിഗണിക്കുമ്പോൾ ഇതെല്ലാം കൂട്ടിയാലും വെറും തുച്ഛവും തൊലിപ്പുറമെയുള്ളതുമായ സംഖ്യയേ ആകുകയുള്ളു. നമ്മുടെ വിശ്വാസം സുദൃഢമാക്കുക; നമ്മുടെ മിഷൻ ചൈതന്യത്തെ ഉത്തേജിപ്പിക്കുക; വലിയ വലിയ സംഖ്യകൾ നാം മിഷൻ രംഗത്തേയ്ക്കു് എത്തിച്ചുകൊടുക്കുക. അതോ, നമ്മുടെ വിശ്വാസദീപം പറയുടെ കീഴിൽ മൂടിവെച്ചു പാരമ്പര്യവും കൊട്ടിഘോഷിച്ചു്, ചുററുമുള്ള അക്രൈസ്തവാന്ധകാരം നിലനിർത്താനാണോ നമ്മുടെ ഭാവം?

# കല്പവൃക്ഷം

*(303-ാം പേജിൽനിന്നു തുടർച്ച)*

വളരെ കുഴപ്പം പിടിച്ച ഒരു കൊലക്കേസ്സിനാണ് എനിക്കിപ്പോൾ തെളിവു കിട്ടാൻ പോകുന്നത്."

പിന്നെ ചോദ്യങ്ങൾ ചോദിച്ച് അവരാരും അദ്ദേഹത്തെ ശല്യപ്പെടുത്തിയില്ല. ഒരു സിംഹത്തോടാണു തങ്ങൾ കയറിക്കളിച്ചതെന്ന് അവർക്കു ബോദ്ധ്യമായി.

"തകർക്കും!....തകർക്കും. നിന്നെത്തകർക്കും...." താളലയാത്മകമായ ശബ്ദഗാംഭീര്യത്തോടെ വണ്ടി പായുകയാണ്. അടുത്ത സ്റ്റേഷനിൽ അതു നിന്നു. വെറും രണ്ടു മിനിട്ടുമാത്രം. പിന്നെയും അത്യുഗ്രമായ ആ താളമടിതന്നെ. പാടങ്ങളും പറമ്പുകളും ഫാക്ടറികളും പിന്നിട്ട് അലറുന്ന ഒരസുരനെപ്പോലെ വണ്ടി പാഞ്ഞുപോകുന്നു.

ഒരു ഡിറ്റക്ടീവിൻെറ ഊഹാപോഹവൈദഗ്ദ്ധ്യം പ്രകടമാക്കുന്ന മുഖത്തോടെ 'അദ്ദേഹം' ഇരുന്നു. എല്ലാം ഭദ്രമായി. യാത്രയിൽ ഇനി ഒരു ഗുലുമാലുമില്ല. ടി. ടി. ആർ. ടിക്കററു ചോദിക്കാതെ പോയെന്നും വരാം. താൻ ആരെന്ന് ആ കുമാരിമാർ അദ്ദേഹത്തെ ധരിപ്പിച്ചെങ്കിൽ മതിയായിരുന്നു.

പക്ഷെ, സ്വർഗ്ഗത്തിൽ ഒരു കട്ടുറുമ്പുണ്ട്. ചിന്നമ്മ! അവൾ ആ കമ്പാർട്ടുമെൻറിൽത്തന്നെ അങ്ങേപ്പുറത്തെ നിരയിൽ ഒരു മൂലയ്ക്കിരിപ്പുണ്ട്; ബാത്ത് റൂമിനോടടുത്ത്. ഇളംനീലനിറമുള്ള ബ്ളൗസും ലില്ലിപ്പൂക്കളുടെ ഡിസൈനുള്ള ബ്രൗൺ സാരിയും ധരിച്ച് അടങ്ങിയൊതുങ്ങിയിരിക്കുന്ന ആ പെണ്ണ്! അവളെ അയാൾക്കു പേടിയാണ്; അവളെമാത്രം. ആ ഉദ്ദീപ്തങ്ങളായ നയനങ്ങൾ ഉറങ്ങുകയാണെന്നു തോന്നുന്നു. അവൾ ചാരിയിരുന്നുറങ്ങട്ടെ. കരുക്കൾ എല്ലാം കൊരുത്തു ശരിപ്പെടുത്തിയിട്ടുവേണം ആ ഉറക്കത്തിൽ നിന്നവളെ വിളിച്ചുണർത്താൻ. അവളുടെ പ്രിയപ്പെട്ട കൂട്ടുകാരൻ മറെറാരു കമ്പാർട്ടുമെൻറിലായിരിക്കാം. അവനേയും കണ്ടുപിടിക്കണം. അവനെ കുടുക്കിലാക്കിയിട്ട് ചിന്നമ്മയെ സ്വാധീനപ്പെടുത്താൻ നോക്കണം. അതാണ് റാക്കറപ്പായിയുടെ പ്ലാൻ. ആ ജഗജില്ലിയെ ചൊല്പടിക്കു വരുത്തി അവളെ കീഴടക്കണം. അമ്പടി! അവളുടെ ഒരു തൻേറടം? ആണുങ്ങളെ പുല്ലുപോലെയാണവൾ കരുതുക.

ഒന്നുമറിയാൻ പാടില്ലാത്ത ഒരു നാടൻപെണ്ണായി ചിന്നമ്മ ആ കമ്പാർട്ടുമെൻറിലിരിക്കുകയാണ്. കോളെജ് കുമാരിമാരുടെ ചിരിയിലും തകൃപ്പിലുമൊന്നും അവൾ പങ്കുചേരുന്നില്ല. അവരുടെ വിമർശനകോലാഹലങ്ങളൊക്കെ അവൾ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ അവൾക്കൊന്നും പറയാനില്ല.

പുതിയ 'സി. ഐ. ഡി. ഉദ്യോഗസ്ഥ'ൻെറ വരവും പരിചയപ്പെടുത്തലുമൊക്കെ അവൾ കണ്ടു. പക്ഷെ താൻ അതൊന്നും ശ്രദ്ധിക്കുന്നതായി അവൾ ഭാവിച്ചില്ല. 'പൂച്ചയ്ക്കെന്ത് പൊന്നുരുക്കുന്നിടത്തു കാര്യം' എന്ന മട്ടിൽ ചിന്നമ്മ ഉദാസീനയായിരുന്നു.

കോളെജ് കുമാരിമാർ സി. ഐ. ഡി. ഇൻസ്പെക്ടറെ ബഹുമാനിച്ചതു കണ്ടപ്പോൾ ചിന്നമ്മ ഒന്നൂറിച്ചിരിച്ചുപോയി. എന്നിട്ടും അവൾ അശേഷം ഭാവഭേദം പ്രകടിപ്പിച്ചില്ല. 'ഇൻറലിജൻസ്' ഉദ്യോഗസ്ഥ'ൻെറ ചലനങ്ങൾ അവൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

വണ്ടി ഒരു പ്രധാന സ്റ്റേഷനിലെത്തി. അവിടെ അരമണിക്കൂറോളം താമസമുണ്ട്. 'സി. ഐ. ഡി. ഇൻസ്പെക്ടർ' പുതിയ കൂട്ടുകാരികൾക്കു ചായ വാങ്ങിച്ചുകൊടുത്തു. മിഠായിയും ഹൽവയും വാങ്ങിക്കൊടുത്ത് അവർ അദ്ദേഹത്തെയും സല്ക്കരിച്ചു.

ചിന്നമ്മ പ്ലാററ്ഫോമിലിറങ്ങിനടന്നു. അവൾ എവിടെ പോയി എന്ന് ആർക്കും അന്വേഷിക്കേണ്ട കാര്യമില്ല. പക്ഷെ റാക്കറപ്പായി അതു ശ്രദ്ധിച്ചു. അവൾ അവിടെ ഇറങ്ങിയതാണോ? കൂടെ മത്തായിച്ചനെ കണ്ടില്ലല്ലൊ. ഏതായാലും അവളെ തേടിപ്പോയാൽ കൂട്ടുകാരികളുടെ ഇടയിലുണ്ടായിരിക്കുന്ന മാന്യത ഇടിഞ്ഞുപോകും. കിട്ടിയ ഇരിപ്പിടം നഷ്ടപ്പെട്ടെന്നും വരാം.

യാത്രക്കാരുടെ തിരക്കു കുറഞ്ഞിട്ടില്ല. ധാരാളം ആണുങ്ങളും പെണ്ണുങ്ങളും തിക്കിത്തിരക്കിക്കയറുന്നു.

മറെറാരു കമ്പാർട്ടുമെൻറിലിരുന്ന മത്തായിച്ചനോട് എന്തോ പറഞ്ഞിട്ടാണ് ചിന്നമ്മ പോയത്. അയാൾ കണ്ണിമയ്ക്കാതെ അവൾ പോയ വഴിക്കുതന്നെ നോക്കിയിരിക്കയാണ്.

നിമിഷങ്ങൾ! ഇരമ്പിപ്പായുന്ന നിമിഷങ്ങൾ! വണ്ടി വീണ്ടും അവിടെനിന്ന് പുറപ്പെടാൻ സമയമാകുന്നു. ആ വണ്ടിയിൽ രണ്ടുപേർ മാത്രം അക്ഷമതയോടെ ചിന്നമ്മയെ കാത്തിരിക്കുകയാണ്. പക്ഷേ അവർ പരസ്പരം അറിയുന്നില്ല.

അവൾ വരുന്നില്ലല്ലൊ. പോലീസുകാർ അവളോട് വല്ല അക്രമവും പ്രവർത്തിച്ചിരിക്കുമോ? കണ്ണിൽ ചോരയില്ലാത്ത കൂട്ടരാണവർ. സ്ത്രീത്വത്തെ മാനിക്കാത്ത കെട്ടവർഗ്ഗം! നട്ടുച്ചയ്ക്കുപോലും ഒരാവലാതിക്കാരിയെ ദ്രോഹിക്കാൻ അവർ മടിച്ചെന്നുവരില്ല. താൻ കൂടെ പോകേണ്ടതായിരുന്നുവെന്ന് മത്തായിച്ചനു തോന്നി. പക്ഷേ അതു വേണ്ടെന്നാണ് ചിന്നമ്മ നിർബന്ധപൂർവ്വം പറഞ്ഞത്........

"അവൾ എന്തിനിറങ്ങിപ്പോയി?" അതാണ് റാക്കറപ്പായിയുടെ അന്തരംഗത്തിൽ പൊന്തിനിന്ന ചോദ്യം. അവൾ തിരികെ വന്നില്ലെങ്കിൽ തൻെറ ആസൂത്രിതപദ്ധതികളെല്ലാം പൊളിയും. അവളെപ്പററി ഒന്നന്വേഷിക്കേണ്ടതായിരുന്നു........

നിമിഷങ്ങൾ നീങ്ങി; മണിനാദം മുഴങ്ങി. ഒന്ന്, രണ്ട്, മൂന്ന്; ഇനി വിസിൽവിളിയുയർന്നാൽമതി

വണ്ടി നീങ്ങുകയായി. ഒരു സെററ് യാത്രക്കാർ ആ ടൗൺസ്റ്റേഷനിൽ നിന്ന് എന്നേയ്ക്കുമായി നീങ്ങിക്കഴിയും. പിന്നെ ഒരിക്കലും അവരെല്ലാവരും ഒന്നിച്ചുകൂടി അവിടെ വരികയില്ല. പ്രപഞ്ചജീവിതത്തിലെ ഒരു കാലഘട്ടത്തിന്റെ പ്രതീകമാണ് തീവണ്ടി.

അതാ ചിന്നമ്മ വരുന്നു; അവളോടൊന്നിച്ച് ഇൻസ്പെക്ടറും രണ്ടു കാൺസ്റ്റബിൾമാരുമുണ്ട്. ആ ലേഡീസ് കമ്പാർട്ടുമെൻറിനടുത്തു വന്നു നിന്നിട്ട് ഇൻസ്പെക്ടറോട് അവൾ എന്തോ പറഞ്ഞു. അദ്ദേഹം ഗാർഡിനെ വിളിച്ച് ഒരു നിമിഷം സംസാരിച്ചിട്ട് അകത്തു കയറി. നേരെ റാക്കറപ്പായിയുടെ സമീപത്തേയ്ക്കാണദ്ദേഹം ചെന്നതു്.

"നിങ്ങൾ എവിടെപ്പോകുന്നു?"

അത്യാശ്ചര്യപൂർവ്വം പകച്ചൊരു നോട്ടം.

"ഹേ! നിങ്ങളോടാണു ചോദിച്ചതു്?"

"തിരുവനന്തപുരത്തിനു്".

"ഈ ലേഡീസ് കമ്പാർട്ടുമെൻറിൽ കയറിയതെന്തിനു്?"

ഒരു പരിഭ്രമം; എന്തു പറയേണ്ടുവെന്നറിഞ്ഞുകൂടാ. എങ്കിലും പറഞ്ഞു:

"വേറെ സ്ഥലമില്ലായിരുന്നു."

"നിങ്ങൾക്ക് സി. ഐ. ഡി. വകുപ്പിൽ ജോലിയുണ്ടോ?"

ഉത്തരമില്ല. തങ്ങൾക്കു പററിയ അമളിയിൽ കോളെജുകുമാരിമാരും മെല്ലെ അമ്പരക്കുകയാണ്.

"ഈ പെട്ടിയിൽ ഇൻസ്പെക്ടറുടെ യൂണിഫോറമുണ്ടു്; ഞങ്ങളെക്കാണിച്ചു." കൂളിംഗ്ഗ്ലാസ്സുകാരി പറഞ്ഞു. ജയിക്കുന്ന കൊമ്പിലേയ്ക്കു് മാറിമാറി ചവിട്ടുക പെണ്ണുങ്ങളുടെ സ്വഭാവമാണു്.

"നിങ്ങളെ അറസ്റ്റ്ചെയ്തിരിക്കുന്നു." 'സി. ഐ. ഡി. ഇൻസ്പെക്ട'റോടു ലോക്കൽ ഇൻസ്പെക്ടർ കട്ടായമായി പറഞ്ഞു.

റാക്കറപ്പായി വിലങ്ങണിഞ്ഞു. പൊലീസുകാർ അയാളെ പ്ലാററുഫാറത്തിലേയ്ക്കിറക്കി. എല്ലാകണ്ണുകളും സൂചിമുനപോലെ അയാളുടെ നേർക്കു നീളുകയാണു്.

ഇൻസ്പെക്ടർ ചിന്നമ്മയെക്കൊണ്ടു് ചില കടലാസുകളിൽ ഒപ്പിടുവിച്ചു. റാക്കറപ്പായി അപ്പോഴും അമർഷത്തോടെ അവളെ നോക്കുന്നുണ്ടായിരുന്നു.


"ഭദ്രകാളിയെ പിശാചു പിടിച്ചു." വണ്ടി നീങ്ങിയപ്പോൾ അങ്ങനെയൊരു ചൂടുള്ള വാർത്ത എല്ലാ കമ്പാർട്ടുമെൻറിലും എത്തിക്കഴിഞ്ഞു.


അടുത്ത ലക്കത്തിൽ

വരണ്ടുവററിയ ദീപനാളം

കഥ തുടരുന്നു.


**മൂന്നാം ചരമവാർഷികം**



അക്കരക്കാരൻ കൊച്ചുതൂപ്പ്
കഞ്ഞിപ്പാല്യ, ഇരിഞ്ഞാലക്കുട.
*By വർഗ്ഗീസ് അക്കരക്കാരൻ.*

**ദൈവസഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.**

**T. L. ദേവസ്സി**



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

— C. L. K.

# പൂജാരിയുടെ മാനസാന്തരം

— മാത്യു ചേമ്പ്ളാനി എസ്. ജെ. —

"സലാം, സീതാറാം!"

"ഹും....താങ്കളെപ്പോലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന വിദേശചാരന്മാരെ എനിക്കു കാണേണ്ട."

"സീതാറാം, തുറന്നു പറയൂ. എന്താണ് എന്നോടിത്ര വിരോധത്തിനു കാരണം?"

"താനൊരാഭിജാത്യമുള്ള ഭാരതീയനാണോടോ, ആ സായിപ്പന്മാരുടെ ദാസനായിട്ടു നടക്കാൻ!"

''ഞാൻ ഒരു സായിപ്പിൻേറയും ദാസനല്ല; ദൈവപുത്രനായ യേശുക്രിസ്തുവിൻെറമാത്രം ദാസനാണ് ഞാൻ."

"തൻെറ യേശുക്രിസ്തുവിനെപ്പററി എനിക്കു കേൾക്കേണ്ട. ഭാരതീയരുടെ മതം ഹിന്ദുമതമാണ്. നിങ്ങളെല്ലാം അമേരിക്കൻ ചാരന്മാർ .......ഭാരതത്തെ ഒററിക്കൊടുക്കാൻ പണിപ്പെടുന്ന വഞ്ചകർ!"

''സീതാറാം, കുറച്ച് ഔചിത്യമായി സംസാരിക്കാൻ ശ്രമിക്കൂ...."

''കടക്കൂ എൻെറ പടിക്കു പുറത്ത്, താനാണോ എന്നെ ഔചിത്യം പഠിപ്പിക്കാൻ വന്നിരിക്കുന്നത്?''

"സീതാറാം....!"

"ഛഡാ ...തനിക്കു പറയുന്നതൊന്നും തിരിയുന്നില്ലെന്നു തോന്നുന്നല്ലോ. കടക്കൂ പുറത്ത്. ഉം...."

ബ്രദർ നത്താൻ, എസ്. ജെ. തിളച്ചുയരുന്ന തൻെറ വികാരങ്ങളെ അടക്കിക്കൊണ്ട് സീതാറാമിൻെറ മുററത്തുനിന്നും തിരിഞ്ഞുനടന്നു. കുറച്ചുദൂരം നടന്ന ശേഷം ബ്രദർ ഒന്നു തിരിഞ്ഞുനോക്കി. പടന്നുകിടക്കുന്ന മാവിൻതോപ്പിൻെറ മുകൾപ്പരപ്പിൽക്കൂടി തലയുയർത്തിനോക്കുന്ന ദുർഗ്ഗാക്ഷേത്രം "കടക്കൂ പുറത്ത്'' എന്ന് ആവർത്തിച്ചു പറയുന്നതുപോലെ തോന്നി. ക്ഷേത്രത്തിനടുത്തുതന്നെ സീതാറാമിൻെറ കെട്ടിടവും കാണാം. അയാൾ ഇപ്പോഴും ആ മുററത്തു നിൽക്കുന്നു. കറുത്തുകൊഴുത്ത ശരീരം, ക്രൂരനേത്രങ്ങൾ....നാല്പതു വയസ്സോളം പ്രായം വരുന്ന ഒരു ബലിഷ്ഠകായൻ.

പാററ്നാ മിഷനിൽ ബത്തിയാ പട്ടണത്തിനു വടക്കുള്ള ലാൽപൂർ ഗ്രാമവാസികൾക്ക് ബ്രദർ നത്താനെ നല്ല പരിചയമാണ്. ജാതിമതവ്യത്യാസം കൂടാതെ ബഹുഭൂരിപക്ഷമാളുകളും അദ്ദേഹത്തെ ആദരിക്കുന്നു. ആ ഗ്രാമത്തിൽ ആദ്യമായി ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ച് അവർക്കു വിദ്യാഭ്യാസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തത് ബ്രദർതന്നെയാണ്. കൂടാതെ പാവപ്പെട്ട രോഗികളെ അന്വേഷിച്ച്, അവർക്കു വേണ്ട വൈദ്യസഹായം നൽകാനായി ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും അദ്ദേഹം ആ ഗ്രാമീണരുടെ ചെററക്കുടിലുകൾ കയറിയിറങ്ങും.

ബ്രദർ നത്താനെ വെറുക്കുന്ന ചുരുക്കം ചില ആളുകളിൽ പ്രമുഖനാണ് സീതാറാം. അയാൾ ആ ഗ്രാമത്തിലെ പൂജാരികൂടിയാണ്. ഹിന്ദുമതത്തിൻെറ ഏററം വലിയ ശത്രുവായിട്ടാണ് ബ്രദറിനെ അയാൾ കണക്കാക്കിയിരിക്കുന്നത്.

ഏതുവിധമെങ്കിലും ഇത്തവണ രമ്യപ്പെടണമെന്നു തന്നെ ഉറച്ചാണ് ബ്രദർ സീതാറാമിൻെറ വസതിയിൽ കയറിച്ചെന്നത്. പക്ഷേ, അനുഭവം മറിച്ചായിരുന്നു. ഇനിയെന്താണുപായം?

*          *          *          *

മാസങ്ങൾ വീണ്ടും പലതു കടന്നുപോയി. എരിയുന്ന വേനൽക്കാലത്തെ മൺസൂൺ കീഴടക്കിക്കഴിഞ്ഞു. രാത്രിയിലത്തെ മഴ രാവിലെയും തുടർന്നുകൊണ്ടേയിരുന്നു. പക്ഷേ, ബ്രദർ നത്താനു് അവധിയില്ല. മഴയും വെയിലുമൊന്നും ബ്രദർ നത്താനെ തൻെറ ജോലിയിൽ നിന്നും പിന്മാററാറില്ല. മഴക്കോട്ടും ധരിച്ച് മോട്ടോർ സൈക്കിളിൽ ബ്രദർ ഇറങ്ങിക്കഴിഞ്ഞു.

"സലാം ബ്രദർ സാഹിബ്, സലാം....സലാം...." കുടുകുടുശബ്ദം കേട്ട് പുറത്തിറങ്ങി മഴ നനഞ്ഞുകൊണ്ടു പോലും ആ ഗ്രാമവാസികൾ ബ്രദറിനെ സ്നേഹപൂർവ്വം അഭിവാദനം ചെയ്യുകയാണ്. കൃതജ്ഞതാനിർഭരമായ അഭിവാദനങ്ങൾ!! ഗ്രാമത്തിലെത്തിയതോടെ കുട്ടികൾ ബ്രദറിനെ വട്ടമിട്ടുകഴിഞ്ഞു.

"ജങ്കുവിൻെറ ഇച്ചായനു് എങ്ങനെയിരിക്കുന്നു?" ബ്രദർ ആദ്യമായി രോഗികളുടെ കാര്യമാണ് അന്വേഷിക്കുന്നത്.

"ഇച്ചായനു് പനി സ്വല്പം കൂടുതലാ, സാഹിബ്." ജങ്കുവിൻെറ മറുപടി.

ബ്രദർ ഉടനെ ജങ്കുവിൻെറ വീട്ടിലേയ്ക്കു നടന്നു. ഒരു കുടിലിൻെറ പുക പിടിച്ച കോണിൽ, ഒരു ചാക്കുകട്ടിലിൽ ചുരുണ്ടുകൂടിക്കിടന്നിരുന്ന ജങ്കുവിൻെറ പിതാവിനെ പരിശോധിച്ചശേഷം ബ്രദർ ചില പൊടിമരുന്നുകൾ കൊടുത്തു.

രോഗികളെയൊക്കെ സന്ദർശിച്ചു സമാശ്വസിപ്പിച്ചശേഷം ബ്രദർ സ്കൂൾപരിശോധനയാരംഭിക്കുകയായി. കുട്ടികളോടു ചോദ്യം ചോദിക്കുക, ഗ്രാമീണാദ്ധ്യാപകർ തയ്യാറാക്കിയ സ്കൂൾ റജിസ്റ്ററുകൾ പരിശോധിക്കുക തുടങ്ങിയവയാണ് സ്കൂൾ പരിശോധനച്ചടങ്ങിലെ മുഖ്യപരിപാടികൾ.



...നത്താനിന്റെ ഡിസ്പെൻസറി.

മണി നാലായിരിക്കുന്നു. തിരിച്ചു ബത്തിയായിലേയ്ക്കു പോകാൻ സൈക്കിൾ സ്റ്റാർട്ടുചെയ്യുമ്പോഴാണ് ഒരാൾ ഓടിയെത്തി സീതാറാം വളരെ സുഖമില്ലാതെ കിടക്കുന്ന കാര്യം ബ്രദറിനെ അറിയിച്ചതു്. ഉടൻ മററു രണ്ടുപേരോടുകൂടി ബ്രദർ സീതാറാമിൻെറ വീട്ടിലേയ്ക്കുതന്നെ തിരിച്ചു.

"സലാം, സീതാറാം....."

"........" ഉത്തരമില്ല. അർത്ഥഗർഭമായ നിശ്ശബ്ദത.

സീതാറാമിനു് ബന്ധുക്കളായി ആരും ആ ഗ്രാമത്തിലില്ല. പൂജാരിയെന്നതിനും പുറമേ ഒരു മന്ത്രവാദികൂടിയായിരുന്നതിനാൽ ഗ്രാമവാസികളധികവും അയാളെ ആദരിക്കുന്നതിലുമുപരി ഭയപ്പെടുകയാണു ചെയ്തിരുന്നതു്. അയാളെ പരിചരിക്കുവാൻ ആരും മുതിർന്നില്ല; ആരുടെയും സഹായം അയാൾ അഭ്യർത്ഥിച്ചുമില്ല. കഠിനജ്വരം നിമിത്തം അനുനിമിഷം അയാൾ മരണത്തിൻെറ വക്കിലേയ്ക്കു നീങ്ങുകയായിരുന്നു.

"സീതാറാം, എന്താ ഒന്നും മിണ്ടാത്തതു്? ഞാൻ കുറച്ചു മരുന്നു തരട്ടെ?"

"...."വീണ്ടും ഉത്തരമില്ല. ഇത്തവണ അയാൾ തൻെറ മുഖം ബ്രദറിൽനിന്നും തിരിച്ചുകളഞ്ഞു.

"പറയൂ, സീതാറാം; താങ്കൾക്കെന്താണിത്ര വിഷമം?"

പൂജാരി തിരിഞ്ഞൊന്നു നോക്കി. അയാളുടെ കണ്ണുകൾ സ്നേഹം സ്ഫുരിക്കുന്ന ബ്രദറിൻെറ നേത്രങ്ങളുമായി ഇടഞ്ഞു. ഇരുവരും നിർന്നിമേഷരായി ഏതാനും നിമിഷങ്ങൾ കഴിച്ചുകൂട്ടി. സീതാറാമിൻെറ ഇമയ്ക്കാത്ത ക്ഷീണിതനേത്രങ്ങളിൽ ബ്രദർ പലേ ചോദ്യചിഹ്നങ്ങളും ദർശിച്ചു.

"ബ്രദർ സാഹിബ്...." ഒടുവിൽ സീതാറാംതന്നെ മൗനം ഭഞ്ജിച്ചു.

"പറയൂ, സീതാറാം; എന്തു പററി?"

"സാഹിബ്", താങ്കൾ എന്തുകൊണ്ടു് താങ്കളെ വെറുക്കുന്ന ഒരാളോടു് ഈവിധം കരുണ കാണിക്കുന്നു?"

"സീതാറാം, എനിക്കാരോടും വെറുപ്പോ, വിദ്വേഷമോ ഇല്ല. ശത്രുക്കളെ സ്നേഹിക്കുവാൻ, അവർക്കു നന്മ ചെയ്യുവാൻ പഠിപ്പിച്ച ക്രിസ്തുനാഥൻെറ ദാസനാണു് ഞാനെന്നു് താങ്കൾക്കറിയാമല്ലോ?"

"ക്ഷമിക്കണേ, സാഹിബ്; താങ്കളെ ആകുലപ്പെടുത്തിയതിൽ ഞാൻ ഖേദിക്കുന്നു."

"അതൊന്നും സാരമില്ല, സീതാറാം. ഇതാ ഈ മരുന്നു കഴിക്കൂ." ബ്രദർ ചില പൊടിമരുന്നുകൾ ചൂടുവെള്ളത്തിൽ കലക്കിക്കൊടുത്തു. സീതാറാം കൃതജ്ഞതയോടെ അതു വാങ്ങിക്കുടിച്ചു. പശ്ചാത്താപത്തിൻെറ കണ്ണീർക്കണങ്ങൾ അയാളുടെ നയനങ്ങളിൽ പൊടിച്ചുവന്നു. ദൈവവരപ്രസാദത്തിൻെറ ശക്തിയായ പ്രവർത്തനം ബ്രദർ അയാളിൽ ദർശിച്ചു.

"സാഹിബ്", താങ്കൾ തീർച്ചയായും വളരെ നല്ലവനാണു്. പരിത്യക്തനായ എന്നെ പരിചരിക്കുവാൻ താങ്കൾമാത്രമാണൊരുങ്ങിയതു്. ഇത്രമാത്രം ഔദാര്യം പഠിപ്പിക്കുന്ന നിങ്ങളുടെ മതത്തെപ്പററി കൂടുതൽ വിവരങ്ങളറിയുവാൻ ആഗ്രഹമുണ്ടു്."

ബ്രദർ കിട്ടിയ അവസരം പാഴാക്കാതെ ക്രിസ്തുമതത്തെപ്പററി സംക്ഷിപ്തരീതിയിൽ ഒരു ചെറിയ ഉപദേശം നൽകി. രോഗിയെ ബുദ്ധിമുട്ടിക്കുന്നതു് ഉചിതമായിരിക്കയില്ലെന്നു് ബ്രദർ നിശ്ചയിച്ചു.

"സീതാറാം, ബാക്കി ഇനി സുഖപ്പെടുമ്പോഴാകട്ടെ."

"സാഹിബ്", ഞാനിനി സുഖം പ്രാപിക്കാൻ പോകുന്നില്ല. എൻെറ തെററുകൾ സദയം ക്ഷമിക്കണം, സാഹിബ്."

"താങ്കൾ വിഷമിക്കാതിരിക്കൂ, സീതാറാം. ഈ മരുന്നു് മുമ്മൂന്നു മണിക്കൂർ ഇടവിട്ടു് കഴിക്കൂ. നാളെ രാവിലെ ഞാൻ ഒരു ഡോക്ടറുമായി വരാം." തൻെറ കൂടെ വന്ന രണ്ടുപേരെ സീതാറാമിനെ ശുശ്രൂഷിക്കാൻ ആക്കിയിട്ടു് ബ്രദർ യാത്രയായി. മണി ആറു കഴിഞ്ഞിരുന്നു.

രാത്രി ഏതാണ്ടു പതിനൊന്നര മണിയോടുകൂടി ആരോ ബ്രദർ നത്താനിൻെറ വാതിലിൽ മുട്ടി.

"ബ്രദർ സാഹിബ്", വേഗം വരണം. സീതാറാമിനു് വളരെ കൂടുതലാണു്. പിച്ചുംപേയുമൊക്കെ പറയുന്നു. സാഹിബിൻെറ കാര്യം പല പ്രാവശ്യം പറയുകയുണ്ടായി."

ബ്രദർ ഉടൻതന്നെ ഒരു വൈദികനെയും വിളിച്ചെഴുന്നേല്പിച്ചു്, രണ്ടുപേരുമൊരുമിച്ചു് മോട്ടോർ സൈക്കിളിൽ യാത്രയായി.

"എനിക്കു ക്രിസ്ത്യാനിയായി മരിക്കണം, സാഹിബ്. ഞാനിതാ മരിക്കുകയാണു്." സീതാറാം പറഞ്ഞു. അയാൾ ഇത്രവേഗം മരണത്തിനിരയാകുമെന്നു് ബ്രദർ വിചാരിച്ചിരുന്നതല്ല.

വൈദികൻ മാമ്മോദീസാകർമ്മങ്ങളാരംഭിച്ചു....സീതാറാം പീറററായി മാറി. മരണവേദനയുടെയിടയ്ക്കു് പീറററിൻെറ മുഖത്തു് ഒരു സ്വർഗ്ഗീയാനന്ദം ദൃശ്യമായി. അരമണിക്കൂറിനകം, താൻ പിടിച്ചടക്കിയ സ്വർഗ്ഗരാജ്യത്തിലേയ്ക്കു് പീററർ ജൈത്രയാത്രയാരംഭിച്ചു.

★

## ★ ഒല്ലൂർ ഫൊറോനപ്പള്ളിയിൽ ★



അത്ഭുതപ്രവർത്തകനായ വി. റപ്പായേൽ മാലാഖയുടെ തിരുനാൾ മഹാമഹം 1964 ഒക്ടോബർ 23, 24 എന്നീ തീയതികളിൽ (വെള്ളി, ശനി) ആഘോഷിക്കുന്നതായിരിക്കും.

എന്നു്,

പള്ളി വികാരി

കേരളത്തിലെ

പ്രഥമ

"AGMARK"

നല്ലെണ്ണ



# സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു

(298_പേജിൽനിന്നു തുടർച്ച)

"അതേ, അതിനുതന്നെ. അങ്ങയുടെ പ്രതീക്ഷകളെ തട്ടിത്തകർത്തതു് ഞാനല്ലേ! ഹൃദയത്തിൽ കൂരമ്പുകൾ എയ്തുവിട്ടതു് ഞാനല്ലേ? തീർച്ചയായും അറിഞ്ഞുകൊണ്ടു ചെയ്ത ഒരു കൊലയല്ലേയിതു്?........"

"എന്നെ വിശ്വസിക്കൂ സൂസി. ഭവതി അങ്ങനെയൊരു പദവി ആഗ്രഹിക്കുന്നെങ്കിൽ എൻെറ ഹൃദയംഗമമായ അഭിനന്ദനങ്ങൾ! ആ സംരംഭം വിജയത്തിലെത്തിച്ചേരാൻ ഈ പ്രിയസോദരനെന്നും പ്രാർത്ഥിക്കുന്നതാണു്. 'സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു'—വിശുദ്ധ ചെറുപുഷ്പം നമ്മെ പഠിപ്പിക്കുന്നതിതാണു്."

"എങ്കിൽ ഞാൻ എന്നുമെന്നും കൃതജ്ഞതയുള്ളവളായിരിക്കും."

കൊച്ചിൻ ഹാർബർ ടെർമിനസിൽ ഞങ്ങൾ ഒരു കാറിൽ ചെന്നിറങ്ങി. ഞാനും സൂസിയും ഞങ്ങളിരുവരുടേയും മാതാപിതാക്കന്മാരും. കൃത്യം രണ്ടരയ്ക്കു് ട്രെയിൻ വന്നു. കൽക്കട്ടായ്ക്കുള്ള കുട്ടികൾ എല്ലാവരും പ്രത്യേകമൊരു കംപാർട്ടുമെൻറിൽ ഒരുമിച്ചുകൂടി. പുറത്തു നിൽക്കുന്ന ബന്ധുക്കൾ അകത്തുള്ള കുട്ടികൾക്കു കൂൾ ഡ്രിംങ്ക്, നാരങ്ങാവെള്ളം, ചോക്ലേററ് മുതലായവ വാങ്ങിക്കൊടുത്തുകൊണ്ടിരുന്നു. ഞാനും കുറേ ചോക്ലേററും മററു കൗതുകവസ്തുക്കളും വാങ്ങിച്ച് സൂസിയെ ഏല്പിച്ചു.

വണ്ടി നീങ്ങുവാൻ ഇനി കാൽമണിക്കൂർകൂടിയുണ്ടു്. നിമിഷങ്ങൾ ഓടിപ്പോകുന്നതുപോലെ എനിക്കു തോന്നി. സൂസിയുടെ അടുത്തിരുന്ന ഒരു കൂട്ടുകാരി അവളോടു ചോദിച്ചു:

"ഓ! ആ നില്ക്കുന്ന ആളായിരിക്കുമല്ലെ ആങ്ങള?"

"ആങ്ങളയോ?"

"പിന്നെയല്ലേ! ഞാൻ കണ്ടല്ലോ മുമ്പെ ഒരു പൊതിയുമായി വരുന്നതു്. ആങ്ങളമാരു വേറെ ഉണ്ടോ സൂസി?"

"ഇല്ല, എനിക്കാ ഒരാങ്ങളയേ ഉള്ളു........"

"നല്ല സ്നേഹമുള്ള ആങ്ങളയാ, കെട്ടോ! പെങ്ങളുടെ അടുത്തു നിന്നു പോകാൻ തോന്നുന്നില്ല ......." കൂട്ടുകാരിയുടെ കളിയാക്കലുകൾക്കു മറുപടിയായി സൂസി ഒന്നു മന്ദഹസിച്ചു.

എൻെറ മുഖത്തേയ്ക്കു നോക്കുമ്പോൾ അവൾ ഒന്നു് നെടുവീർപ്പിടും. പക്ഷേ അങ്ങു വിദൂരതയിൽ വിളഞ്ഞു പാകമായിക്കിടക്കുന്ന വയലുകളിലെ കൊയ്ത്തുകാരുടെ ദാരിദ്ര്യം അപ്പോൾ കാണും. ക്രിസ്തുവിൻെറ സ്നേഹനിർഭരമായ ആഹ്വാനം കാതുകളിൽ വന്നു് അലതല്ലുന്നു. അപ്പോൾ എല്ലാം അവൾ മറക്കുന്നു. അപ്പോൾ ഒരു ദിവ്യപ്രഭ അവളുടെ മുഖത്തു പ്രത്യക്ഷപ്പെടുന്നതു് എനിക്കു കാണാം.

വണ്ടിയുടെ വിസിൽ ഊതി. ഒന്നു്! രണ്ടു്! മൂന്നു്! വണ്ടിയുടെ ഇരുമ്പുചക്രങ്ങൾ ഇളകിത്തുടങ്ങി. ബന്ധപ്പെട്ടവർ വണ്ടിയുടെ ചുററും പൊതിഞ്ഞുനിന്നു. വീണ്ടും വിസിൽ കേട്ടു. വണ്ടി മുന്നോട്ടൊന്നു കുതിച്ചു. വീണ്ടും വിസിൽ.

അനേകശതം കൈകൾ അന്തരീക്ഷത്തിലേയ്ക്കുയർത്തി അവർക്കു മംഗളങ്ങൾ നേർന്നു. എൻെറ കൈയ്യിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന സൂസി എനിക്കു പ്രത്യേകം തയ്ച്ചുതന്ന 'റിമമ്പറൻസ്' എന്നു് തുന്നിച്ചേർത്ത വെള്ള പോപ്ലിൻ തുവാല ഉയർത്തിക്കാട്ടി ഞാനും എൻെറ പ്രിയപ്പെട്ട സൂസിക്കു മംഗളങ്ങൾ ആശംസിച്ചു.

ഝനക്! ഝനക്! ഝനക്! ആ വാഹനം ലക്ഷ്യത്തിലേയ്ക്കു കുതിച്ചുപാഞ്ഞു, ലക്ഷ്യത്തിലെത്താൻ വെമ്പൽകൊള്ളുന്ന അതിലെ യാത്രക്കാരേപ്പോലെ!

കണ്ണിൽനിന്നു് ആ വാഹനം മറഞ്ഞപ്പോൾ അവശേഷിച്ച രണ്ടു തുള്ളി ചൂടുള്ള ജലം എൻെറ കൺകോണുകളിൽ തങ്ങിനിന്നതു് കൈയ്യിലിരുന്ന കൈലേസുകൊണ്ടു് ഒപ്പിയെടുക്കുമ്പോൾ സംസാരിക്കുമ്പോൾമാത്രം തെളിഞ്ഞുവരുന്ന കവിളിണകളിലെ ആ നുണക്കുഴികളും മുല്ലപ്പൂക്കൾ വിരിഞ്ഞുനിൽക്കുന്ന ആ പവിഴാധരങ്ങളും....സ്വർണ്ണനിറമുള്ള മനോഹരവദനത്തിൽ തിളങ്ങുന്ന ആ നീലമിഴികളും എല്ലാം ഞാൻ വ്യക്തമായി കണ്ടു ...അപ്പോൾ —

മുഖംമാത്രം കാണത്തക്ക അടക്കമൊതുക്കത്തിൽ എളിമയുള്ള വസ്ത്രത്തിൽ മൂടിയ ഒരു കന്യകയായി സൂസി നിൽക്കുന്നതു കണ്ടപ്പോൾ എൻെറ ദുഃഖമെല്ലാം പമ്പകടന്നു.

ഞാൻ എഴുത്തിലേയ്ക്കു വീണ്ടും നോക്കി. "....കന്യകാംബികയുടെ അമലോത്ഭവതിരുനാളായ ഡിസംബർ എട്ടാം തീയതി ഞാനൊരു കന്യാസ്ത്രീയാവും. ആ മംഗളകർമ്മങ്ങൾ നേരിൽ കാണാൻ, സഭാവസ്ത്രങ്ങൾ സ്വീകരിച്ച് ഞാൻ ഈശോയുടെ ഒരു മണവാട്ടിയാകുന്ന ആ മംഗളസുദിനത്തിൽ പ്രിയപ്പെട്ട കുഞ്ഞാങ്ങള വരണേ........"

കൂടെയുള്ള ഒരു പടം എന്നെ ഇരുത്തി ചിന്തിപ്പിച്ചു. ക്രൂശിതനായ ക്രിസ്തുവിനെ ആശ്ലേഷിക്കുന്ന ഒരു കന്യകയുടെ പടമാണു്. അതിൻെറ പിറകിൽ ഇങ്ങനെ എഴുതിയിരുന്നു:

"സൃഷ്ടിയേക്കാളധികമായി ഞാൻ എൻെറ സ്രഷ്ടാവിനെ സ്നേഹിക്കുന്നു."

●

**ആരക്കുഴ:** 15_8_'64_ൽ മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ ശ്രീ. പി. വി. മാത്യു ബി. എ., ബി. ടി. അദ്ധ്യക്ഷത വഹിച്ചു. മുൻ ആഭ്യന്തരമന്ത്രി ശ്രീ. പി. ടി. ചാക്കോയുടെ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് എം. വി. ജോർജ്ജ്, ഏ. ററി. മാത്യു, കുമാരി കെ. എം. ആനീസ് എന്നിവർ പ്രസംഗിക്കുകയും ശ്രീ. വി. വി. ചാക്കോ അവതരിപ്പിച്ച അനുശോചനപ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയുംചെയ്തു.

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോററുപാത്രങ്ങൾക്കു്

PHONE: 789

**Wares**

റൗണ്ടു് സൗത്തു്, :: തൃശ്ശൂർ.

സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്കു്

Estd: 1934 സന്ദർശിക്കുക: PHONE: 841

★ കുററിച്ചാക്കു ★

ലോനു അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.



കെടാവിളക്കുകൾ!

★

മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ് ലാമ്പുകൾ, ക്രൂവററ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോ റൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്സ്റ്റ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
Branch: ALUMKADAVU

കല്യാണാവശ്യങ്ങൾക്കുള്ള

പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്

Phone No. 987.

**C. R. JOSEPH**
LEATHER MERCHANT
Round, TRICHUR.

# ഗാനകുസുമങ്ങൾ

## അനുഗ്രഹിക്കു

('തച്ചോളി ഒതേനൻ'നിലെ "കന്നിനിലാവത്ത്...." എ. മ.)

വാനിൽ വിളങ്ങിടും സ്വർഗ്ഗീയതാരമെ,
വാഴ്ക! വാഴ്ക! മമറാണി!....
പാപവിഹീനയെ, ദീനദയാംബികെ
കാരുണ്യപൂന്തേൻ ചൊരിഞ്ഞാലും....
(വാനിൽ....

കന്യകാമാതാവേ, സ്നേഹത്തിൻ ദീപമെ,
കൈവണങ്ങിടാം ഞാൻ നിൻപാദം
ആശാനികേതമാം ആതുരക്കെന്നും നീ
ആലംബം നൽകേണം ലോകത്തിൽ.
(വാനിൽ....

പാരിൻെറ പാപത്തെ പോക്കുവാൻ നിൻപുത്രൻ
ക്രൂശിൽ തൂങ്ങി മരിച്ചമ്മേ,
സ്വർഗ്ഗകവാടം തുറന്നു തന്നല്ലോ–
നൽവരം നൽകിയനുഗ്രഹിക്കു.
(വാനിൽ....

— ഫ്രാൻസീസ് കെ. അന്തിക്കാട്ട്.

## മുക്തി തരികയില്ലേ?

('ഭാര്യ'യിലെ "ഓമനക്കയ്യിൽ........"എ. മ.)

മോഹനവിണ്ണിലൊരാനന്ദറാണിയായ്
വാണീടും മമ മാതെ, മേരീ.... (മോഹന....

1. തവപാദെ ചേരുവാൻ _ മാലകന്നീടുവാൻ
പരലോകം പൂകീടുവാൻ
കരളിൽ കലർന്നീടും കറ കളഞ്ഞീടുവാൻ
സവിധേയണയുന്നു ഞാൻ _ താവക_
സവിധേയണയുന്നു ഞാൻ. (മോഹന....

2. അമ്പിളി ചൂടും സുരജനസുന്ദരി!
അൻപാളും കന്യാംബികേ!
കണ്ണു തുറന്നാലും! എന്നിൽ കനിഞ്ഞാലും!
മുമ്പിൽ അണഞ്ഞിതാ നില്പൂ....
വരമാരി നിത്യം ചൊരിയണേ.... മന്നിലെ
വാനവക്കാശ്വാസദായകീ!
നിൻമാതൃസ്നേഹത്തിൻ മാധുര്യവായ്പിനാൽ
മുക്തി തരികയില്ലേ? _ അമ്മേ!
മുക്തി തരികയില്ലേ? (മോഹന....

— ഇ. കെ. വർഗ്ഗീസ്, കമ്മലാലയം.

## അമ്മേ! പുകഴ്ത്തിടുന്നു!

("താലീ പീലീക്കാടുകളിൽ...." എ. മ.)

മർത്ത്യലോകത്തിൻ കന്യകയായ്
മന്നിൽ വന്നു പിറന്നപ്പോൾ
ഭാഗ്യപൂരിതയായിയെന്നമെ
പുകഴ്ത്തിടുന്നു_അമ്മെ, പുകഴ്ത്തിടുന്നു! (മർത്ത്യ....

1. കാലിത്തൊഴുത്തിലെ ഉണ്ണിമിശിഹായെ
കാഴ്ചയണച്ചു പാരിന്നായ്_കാഴ്ച....
മർത്ത്യർക്കു പാപമോചനം നൽകാൻ
അവതരിച്ചു _ നീയുമവതരിച്ചു. (മർത്ത്യ....

2. ദൈവതിരുനാമം പാടിപ്പുകഴ്ത്തിടാൻ
വന്നൊരു ദൈവകുമാരീ_ വന്നൊരു....
പാപികളാകും മക്കളെയെന്നും
പാലിച്ചുകൊള്ളണമെ_യെന്നും പാലിച്ചു
കൊള്ളണമെ. (മർത്ത്യ....

3. പുണ്യസരിത്തിൽ നീന്തിക്കളിച്ചു
നിന്നെ സ്തുതിക്കുവാനായി_നിന്നെ....
മർത്ത്യഗണങ്ങൾ ഒന്നുചേർന്ന്
അണഞ്ഞിടുന്നു! അമ്മെ_പുകഴ്ത്തിടുന്നു!
(മർത്ത്യ....

— ക്ലാര പി. മഞ്ഞളി

## ആമയം തീർക്കണമെ!

("എന്നിട്ടും വന്നില്ലല്ലോ........" എ. മ.)

ദിവ്യമനോഹരിയേ_തായേ,
ദീനരിൻ ആശ്രയമെ_ദിവ്യമനോഹരിയെ.
മാനിനിയെ, സ്വർഗ്ഗമാണിക്യമെ_എൻെറ
മാലിന്യം മായ്ക്കണമേ-തായെ,യെൻ_
മാലിന്യം മായ്ക്കണമെ. (ദിവ്യ........,...

ആശ്രയമില്ലാതെ കേണിടുന്നേൻ
ആധാരം നീയല്ലാതാരുമില്ലേ.
ആർത്തനെൻ കീർത്തനം സ്വീകരിച്ചെൻ
ആമയം പോക്കണമെ_തായെ, യെൻ_
ആമയം പോക്കണമെ. (ദിവ്യ..............

ഘോരമഹോ! മൽപാപഗണം
പാരം വഹിയാ നിനച്ചിടുമ്പോൾ
മാതെ, നിൻതൃക്കരപൊന്നൊളിയാൽ
മായ്ക്കണമെ, കനിവാൽ_മാതെ, നീ
മായ്ക്കണമെ, കനിവാൽ. (ദിവ്യ............

— ഫെലിക്സ് ഫിഗരേദോ.

## ആ പ്രതിച്ഛായ

[ജെ. ചിററൂർ. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. പേജ്: 48. വില: 0.55]

ഇരുപതാം നൂററാണ്ട് ശാസ്ത്രത്തിൻെറ യുഗമാണ്. ക്രിസ്തു മരിച്ചതു് ഈ നൂററാണ്ടിലാണെങ്കിൽ അദ്ദേഹത്തിൻെറ ഫോട്ടോ ക്രൈസ്തവരെല്ലാം വീടുകളിൽ സൂക്ഷിക്കുമായിരുന്നു. എന്നാൽ ഫോട്ടോഗ്രാഫി അജ്ഞാതമായിരുന്ന ആ ഒന്നാം നൂററാണ്ടിലും നമുക്കായി ഒരു ഫോട്ടോ നിക്ഷേപിച്ചതിനുശേഷമാണ് ക്രിസ്തു ലോകത്തുനിന്നു പോയതു്. അതാണ് അവിടുത്തെ ചരമാവരണത്തിൽ പതിഞ്ഞിരിക്കുന്ന ആ പ്രതിച്ഛായ. അതിനെപ്പററി ശാസ്ത്രീയമായ ഒരു പഠനവും അതിൻെറ വെളിച്ചത്തിൽ ക്രിസ്തുവിൻെറ പീഡാനുഭവങ്ങളിലേയ്ക്കുള്ള ഒരു തിരിഞ്ഞുനോട്ടവുമാണ് ഈ ചെറുഗ്രന്ഥം.

ക്രിസ്തുവിൻെറ ചരമാവരണത്തിൽനിന്ന്, ക്രിസ്തുനാഥൻെറ പീഡാനുഭവത്തിലേയ്ക്ക് കണ്ണുകൾ പായിക്കുവാൻ പ്രചോദനം നല്കുന്ന അമൂല്യമായ ഒരു കൊച്ചുകൃതിയാണിതു് എന്നു പറയുകയാണുത്തമം.

ക്രിസ്തുവിൻെറ ചരമാവരണത്തെപ്പററി ശാസ്ത്രീയമായി ചർച്ചചെയ്തു കിട്ടിയ നിഗമനങ്ങൾ ലളിതമായും വിശദമായും ചിത്രങ്ങൾസഹിതവും ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. ഒഴിഞ്ഞുകിടന്ന കല്ലറയിൽ ഉയിർപ്പുണ്ടായൊരാളു അവശേഷിച്ച തിരുവസ്ത്രം വിശ്വാസികളുടെ വണക്കത്തിനു മാത്രമല്ല വിദഗ്ദ്ധരുടെ ഗവേഷണങ്ങൾക്കും വിഷയമായിരുന്നു. 1898_മുതൽ ഗവേഷണങ്ങൾ ത്വരിതപ്പെട്ടു. തൽഫലമായി, ഇപ്പോൾ ടൂറിനിൽ സൂക്ഷിച്ചിരിക്കുന്ന തിരുവസ്ത്രം ക്രിസ്തുവിൻെറ മൃതദേഹം ആവരണംചെയ്തിരുന്ന ശീലതന്നെയാണെന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ക്രിസ്തുനാഥൻെറ കാലത്തു് ഛായാഗ്രഹണവിദ്യ അജ്ഞാതമായിരുന്നു. മനുഷ്യൻെറയെന്നല്ല ഒന്നിൻെറയും യാതൊരുവിധ പ്രതിരൂപവും യാഥാസ്ഥിതികയഹൂദർക്കു നിഷിദ്ധമായിരുന്ന അക്കാലത്തു് ക്രിസ്തുവിൻെറ ചിത്രം വരയ്ക്കുവാനോ പ്രതിമ നിർമ്മിക്കാനോ അദ്ദേഹത്തിൻെറ സമകാലികർ ഒരുമ്പെട്ടില്ല.

അപ്പോൾ, ക്രിസ്തുവിൻെറ യഥാർത്ഥമായ ശരീരരൂപം അജ്ഞേയമെന്നുവേണമോ നാം സമാധാനിക്കാൻ? എന്നില്ല. കാരണം, കാലം കാത്തുസൂക്ഷിച്ച ഒരു സ്വാഭാവികചിത്രം നമുക്കുണ്ട് — ക്രിസ്തുവിൻെറ ചരമാവരണം; അതിൽ ഒളിഞ്ഞുകിടക്കുന്ന, ആ പ്രതിച്ഛായ. അതിനെക്കുറിച്ച് സമഗ്രമായി ചർച്ചചെയ്തിരിക്കുന്നു ഈ കൃതിയിൽ.

എസ്. എച്ച്. ലീഗിൻേറതാണീ പ്രസിദ്ധീകരണം. ആകെ 48 പേജേ ഉള്ളൂ. വളരെ താണ പേപ്പറിലാണ് അച്ചടിച്ചിരിക്കുന്നതു്. ഇത്രയും ഗൗരവമുള്ള ഒരു വിഷയത്തെക്കുറിച്ച് ഇത്രയും ശാസ്ത്രീയബോധത്തോടെ എഴുതപ്പെട്ട ഒരു പുസ്തകം ഇത്ര മോശമായ കെട്ടിലും മട്ടിലും മംഗലപ്പുഴ സെമിനാരിയുടെ പരിസരത്തിൽനിന്നു വന്നല്ലോ!

— ടോം ജോസ് ബി. ഏ., ബി. എഡ്.


നിങ്ങൾ പ്രതീക്ഷിച്ചിരുന്ന സുവർണ്ണാവസരം ഇതാ അടുത്തുവരുന്നു.

→ മുഖത്തല പള്ളിയിൽ ←

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൂദാ ശ്ലീഹായുടെ

തിരുനാൾ മഹാമഹം

**1964 ഒക്ടോബർ 31_നവംബർ 1_ന് 1140 തുലാം 16_17 എന്നീ തീയതികളിൽ ആഘോഷിക്കപ്പെടുന്നു.**

നവനാൾ ഒക്ടോബർ 23_ാംതീയതി ആരംഭിക്കുന്നു.

**നവനാളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരവരുടെ അപേക്ഷകളും നിർദ്ദേശങ്ങളും ഉടൻതന്നെ അയച്ചുതരണം. ഒരു ദിവസത്തെ നവനാൾ നടത്തിപ്പിന് 20 രൂപ. കുരിശടിയിൽ കുർബാനയ്ക്ക് 10 രൂപ.**

**എല്ലാ ഭക്തരേയും ക്ഷണിച്ചുകൊണ്ട്,** വികാരി, സെൻറ് ജോർജ്ജ് പള്ളി

**ജോർജ്ജിയ, മുഖത്തല, കൊല്ലം.**

# ആത്മഹത്യ

എം. കെ.

ഇതു് ഒരു യാഥാർത്ഥ്യസംഭവമാണോ, അതോ ഒരു കഥ മാത്രമാണോ എന്നു തീർച്ചപറയുക വയ്യ. ഏതായാലും ഈ കഥ അമ്മയിൽനിന്നു നേരിട്ടു കേട്ടിട്ടുള്ളതായാണു് എന്റെ ഓർമ്മ. അമ്മയുടെ അമ്മ ചെറുപ്പമായിരുന്നപ്പോൾ അവരുടെ വീടിനടുത്തൊരു വീട്ടിൽ സംഭവിച്ചതായാണു് ഈ കഥ പറയപ്പെടുന്നതു്. നിങ്ങളുടെയോ എന്റേയോ അയൽപക്കത്തൊരു വീട്ടിൽ സംഭവിക്കാൻ സാധ്യതയുള്ള ഒരു കഥയാണിതു്.

വല്യമ്മച്ചി പാവാടപ്രായത്തിലേയ്ക്കു പ്രവേശിക്കുന്ന കാലത്താണു് കഥ നടക്കുന്നതു്. അവരുടെ വീടിനു തെക്കുമാറി രണ്ടു പറമ്പിടയപ്പുറത്തുള്ള വീട്ടിലെ കുടുംബനായകനായ യുവാവാണു് കഥാനായകൻ. ഈ കഥയുടെ പ്ലോട്ടു് അയാൾതന്നെ തയ്യാറാക്കുന്നതിനു് എത്രയോ മുമ്പുതന്നെ അയാളൊരു കമ്മ്യൂണിസ്റ്റായിക്കഴിഞ്ഞിരുന്നു! ആ നാട്ടിൽനിന്നുതന്നെ മുളയെടുത്തു വളർന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റായിരുന്നയാൾ.

(ഇടയ്ക്കു് ഒരു കാര്യംകൂടി പറയാമല്ലോ: ഇന്നെന്റെ വല്യമ്മച്ചിയുടെ നാട്ടിൽ ഒരൊററ കമ്മ്യൂണിസ്റ്റ് പോലുമില്ലാത്തതിന്റെ മൂലകാരണം, അവിടെനിന്നു് ആദ്യമായി മുളച്ചുവന്ന നമ്മുടെ കഥാനായകനായ കമ്മ്യൂണിസ്റ്റ്കാരന്റെ ഈ ദുരന്തകഥയാണ്.)

ഒരു ക്രിസ്ത്യാനിയായിരുന്ന അയാൾ, കമ്മ്യൂണിസ്റ്റായതോടെ ക്രിസ്തുവിനെ അങ്ങേയററം വെറുത്തുതുടങ്ങി. ക്രിസ്തു ഒരു മനുഷ്യവിദ്വേഷിയാണെന്നു് വരുത്തുവാനായി അയാളുടെ ശ്രമം. എങ്ങനെ സാധിക്കും? മനുഷ്യസ്നേഹത്താൽ പ്രചോദിതനായി, സ്നേഹിതർക്കുവേണ്ടി സ്വന്തം ജീവനെ മരക്കുരിശിൽ ഹോമിച്ച ആ പുണ്യപുരുഷൻ മനുഷ്യവിദ്വേഷിയാണെന്നു് പറഞ്ഞാൽ ആരു വിശ്വസിക്കും? ഒടുവിൽ ക്രിസ്തു തൂങ്ങിമരിച്ച കുരിശിനോടായി അയാൾക്കു് വെറുപ്പ്.

താൻ ദ്വേഷിക്കുന്ന എന്തിനേയും മുന്നിൽക്കാണുന്നതു് അയാൾക്കു് കലിയാണ്. വീട്ടിലുണ്ടായിരുന്ന കുരിശുരൂപം, ഭാര്യയുടെ കണ്ണുനീരും നെഞ്ചത്തലയും കാര്യമാക്കാതെ, തല്ലിയുടച്ചു് അയാൾ അടുപ്പിലിട്ടു. പിറേറന്നുതന്നെ, ഭാര്യയുടെ കഴുത്തിലണിഞ്ഞിരുന്ന കൊന്തയുടെ അററത്തെ ചെറുകുരിശിലും അയാൾ കൈവച്ചു. അതുകൊണ്ടും തീർന്നില്ല. കുരിശിനോടുള്ള അയാളുടെ വിദ്വേഷം ഒന്നിനൊന്നു വളർന്നുവന്നതേയുള്ളൂ.

പാർട്ടി ഓഫീസിൽനിന്നു രാത്രിയിൽ കണക്കിലേറെ മദ്യവുമുള്ളിലാക്കിക്കൊണ്ടു വരുന്ന 'ആ വരവിൽ' വഴിയിലെവിടെയെങ്കിലും കാണുന്ന കുരിശുകളോരോന്നും തകർത്തു തരിപ്പണമാക്കിയിട്ടേ അയാളടങ്ങൂ. ഇടവകയിലങ്ങിങ്ങു നാട്ടപ്പെട്ടിരുന്ന കുരിശുകളെല്ലാം അപ്രത്യക്ഷമായതോടെ അയാൾക്കു സമാധാനമായി.

അവിചാരിതമായാണു് ഒരിക്കലയാൾക്കു് സിമിത്തേരിയിലേയ്ക്കു കടക്കേണ്ടിവന്നതു്. 'ഒടുക്കത്തെ' ആ പോക്കല്ലാതെ, താനങ്ങോട്ടു തിരിഞ്ഞുനോക്കുകപോലും ഇല്ലെന്നു ശഠിച്ചിരുന്നവനാണ്. ആ അവസാന വിശ്രമത്തിനായി ആറടി മണ്ണു് സ്വസ്ഥമായ ഒരിടത്തു നല്കുന്ന ഒരു സ്ഥാപനമായേ അയാൾ പള്ളിയെ കണക്കാക്കിയിരുന്നുള്ളൂ. പക്ഷേ, ആ അന്ത്യവിശ്രമത്തിനു മുമ്പുതന്നെ അതിൽക്കയറി അഭയം പ്രാപിക്കേണ്ട സാഹചര്യം അയാൾക്കുണ്ടായി.

മദ്യപാനവും കഴിഞ്ഞു് അഴിഞ്ഞാടി കവലച്ചട്ടമ്പിയായി നടന്നപ്പോൾ, പിമ്പേ എത്തിയ പോലീസിന്റെ പിടിയിൽനിന്നു രക്ഷപ്പെടാൻ നടത്തിയ മരണപ്പാച്ചിൽ അയാളെ എത്തിച്ചതു്, നാലു ചുററും മതിൽക്കെട്ടുള്ള ഒരു സുരക്ഷിതസ്ഥാനത്തായിരുന്നു. അവിടെ കുത്തിയിരുന്നല്പം വിശ്രമിച്ചതിനുശേഷമാണു്, ചന്ദ്രികയുടെ മങ്ങിയ വെളിച്ചത്തിൽ, അയാൾക്കു് പരിസരബോധമുണ്ടായതു്. ഭീതിതമായിരുന്നു ആ അന്തരീക്ഷം. പെട്ടെന്നു് അയാൾ ശുണ്ഠിയെടുത്തു് അലറി: 'ഹോ, കുരിശുകൾ!'

വാസ്തവമായിരുന്നു. പുതിയതും പഴയതുമായ മൺകൂനകളിന്മേൽ നാട്ടിനിർത്തിയിരുന്ന അനവധി കുരിശുകളുണ്ടായിരുന്നു അവിടെ. അയാൾ ഓടിനടന്നു് അവയെല്ലാം പിഴുതെടുത്തു് ചവിട്ടിയൊടിച്ചു ദൂരെയെറിഞ്ഞു. മണിമാളികയുടെ തുഞ്ചത്തു് സ്ഥാപിച്ചിരുന്ന കുരിശുകൂടി നശിപ്പിച്ചിട്ടേ അയാൾ അടങ്ങിയുള്ളൂ.

സംതൃപ്തനായാണു് അയാൾ വീട്ടിലേയ്ക്കു മടങ്ങിയതു്. അടുത്തെങ്ങും ഒരൊററ കുരിശുപോലും അയാളുടെ ദൃഷ്ടിയിൽപ്പെട്ടില്ല. ലോകത്തുള്ള കുരിശുകളെല്ലാം ജയിച്ചടക്കിയാലെന്നതുപോലെ അഭിമാനിയായിരുന്നു അയാളപ്പോൾ. തന്റെ കുരിശുവേട്ട ഇനി അവസാനിപ്പിക്കാം എന്നയാൾ കരുതി.

ശരത്ക്കാലത്തെ ഒരു സായാഹ്നം. പ്രശാന്തമോഹനമായിരുന്നു പ്രപഞ്ചമാകെ. വീട്ടിലേയ്ക്കുള്ള വഴിയിലൂടെ ആലോചനാമഗ്നനായി നടക്കുകയായിരുന്നു അയാൾ. പെട്ടെന്നു് മനോഹരമായ ഒരു ഗാനം അയാളുടെ കർണ്ണപുടങ്ങളിൽ വന്നലച്ചു. അയാൾ ആകാശത്തിലേയ്ക്കു കണ്ണുകളയച്ചു. ഒരു കുയിൽ പാടിപ്പാടി

പറന്നകലുന്നതാണ് അയാൾ കണ്ടതു്. അയാളെ ക്രൂദ്ധനാക്കാൻ പോരുന്ന ഒരു കാഴ്ചയായിരുന്നതു്.

പറന്നകന്ന ആ കുയിൽ എപ്രകാരമാണെന്നോ അയാളുടെ ദൃഷ്ടിയിൽപ്പെട്ടതു്? ചലിക്കുന്ന ഒരു കരിശ്ശുമാതിരി. വിടുർത്തിയ ചിറകുകളോടുകൂടിയ ആ പക്ഷി ഒരു കരിങ്കുരിശ്ശുതന്നെയാണെന്നേ ആരും പറയൂ. "ഹോ, ജീവനുള്ള കുരിശ്ശു്!" അയാൾ അട്ടഹസിച്ചു. പ്രതികാരവാഞ്ഛയിൽ അയാളുടെ മുഷ്ടികൾ താനേ ചുരുണ്ടു ചുരുട്ടിയ മുഷ്ടികൊണ്ടു് വായുവിലിടിച്ചുകൊണ്ടു് അയാൾ അലറി: "നിന്നെ ഞാൻ കൊല്ലും."

പെട്ടെന്നു് ആ പക്ഷി പറന്നകലുന്നതിനു മുമ്പു് ഇരിപ്പുറപ്പിച്ചിരുന്ന വൃക്ഷശിഖരം അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. അതും ഒരു കുരിശ്ശു തന്നെ. ആ വൃക്ഷം മുഴുവനും കുരിശ്ശുകളാകുന്ന ശിഖരങ്ങളാൽ നിറഞ്ഞിരിക്കുന്നതായി അയാൾക്കു തോന്നി. അടുത്തു നിന്ന ഓരോ വൃക്ഷവും അയാൾ സൂക്ഷിച്ചു. എല്ലാം കുരിശ്ശുകൾതന്നെ. "ഒക്കെ ഞാൻ നശിപ്പിക്കും." അലറിക്കൊണ്ടയാൾ ഓടി.

വഴിനിളെ പുലമ്പും പറഞ്ഞുകൊണ്ടോടുന്ന അയാളെ കണ്ടു് കുട്ടികൾ ഭയവിഹ്വലരായി വീടുകൾക്കുള്ളിലൊളിച്ചു. "ഭ്രാന്തൻ....ഭ്രാന്തൻ...." എന്നവർ വിളിച്ചുകൂവി.

"എന്തു്? എനിക്കു ഭ്രാന്തോ?" ഒന്നു നിന്നിട്ടു് അയാളാലോചിച്ചു. കൈയും വീശി ധൃതിയിൽ ഓടിയൊളിക്കുന്ന കുട്ടികൾ ഓരോ കുരിശ്ശുകളായി അയാൾക്കു തോന്നി. "എല്ലാത്തിനേയും ഞാൻ നശിപ്പിക്കും" അലറിക്കൊണ്ടു് അയാൾ അവരുടെ പിറകേ ഓടി. 'അതേ, എനിക്കു ഭ്രാന്തുതന്നെ.' ഒടുവിൽ ആ സത്യം അയാൾ മനസ്സിലാക്കി. 'മനുഷ്യക്കുഞ്ഞുങ്ങളെ ഭയപ്പെടുത്തി ഓടിക്കുന്ന എനിക്കു ഭ്രാന്തല്ലാതെന്താണു്?'

വീട്ടിലെത്തിയ അയാൾ ഭിത്തിയിലുറപ്പിച്ചിരുന്ന കണ്ണാടിയിലേയ്ക്കു നോക്കി. ഇരുകരങ്ങളുംകൊണ്ടു് തലയ്ക്കടിച്ചുകൊണ്ടയാൾ അലറി: "ഹോ, ഞാൻതന്നെ ഒരു കുരിശോ!" മുഷ്ടിചുരുട്ടി കൊടുത്തു അയാളൊരിടി ആ കണ്ണാടിയിന്മേൽ. ഉന്മത്തനായ അയാളുടെ ദുർബലമുഷ്ടിയേക്കാൾ ഉറപ്പുള്ളതായിരുന്നു ആ കണ്ണാടി. ഇരുകരങ്ങളും കൂട്ടിപ്പിടിച്ചുള്ള അയാളുടെ രണ്ടാമത്തെ ഇടിക്കു് അതു് പല കഷണങ്ങളായി ചിന്നിച്ചിതറുകതന്നെചെയ്തു.

വേദനിക്കുന്ന കൈയ്ത്തലങ്ങളിലേയ്ക്കയാൾ നോക്കി. അവിടവിടെയായി രക്തം പൊടിച്ചുനില്ക്കുന്നു. നേരിയ അനവധി ചുവന്ന കുരിശ്ശുകൾ നിരനിരയായി നില്ക്കുകയാണു്. "നശംപിടിച്ച കുരിശ്ശുകൾ!" എന്തുചെയ്യണമെന്നറിയാതെ അട്ടഹസിച്ചുകൊണ്ടയാൾ കട്ടിലിലേയ്ക്കു മറിഞ്ഞു.

ഓടിയെത്തിയ കുട്ടികളോരോരുത്തരായി അയാളെ കെട്ടിപ്പിടിച്ചു. ഭാര്യ ഇരുകരങ്ങളും വിരിച്ചുപിടിച്ചു് സ്വർഗ്ഗത്തിലേക്കു നോക്കി പരാതി ബോധിപ്പിച്ചു: "എന്റെ കർത്താവേ, ഇതെന്തുപററി?" മിഴിച്ചുകിടന്നിരുന്ന അയാളുടെ ദൃഷ്ടിയിൽ ഭാര്യയും കുട്ടികളുമെല്ലാം കുരിശ്ശുകൾതന്നെ. അയാൾ എല്ലാവരേയും തള്ളിപ്പുറത്താക്കി വാതിലടച്ചു.

കട്ടിലിൽ മലർന്നുകിടന്ന അയാളുടെ ദൃഷ്ടികൾ മേൽക്കൂരയിൽ ഓരോ പട്ടികയിലൂടെയും പാഞ്ഞുകൊണ്ടിരുന്നു, എല്ലാം കുരിശ്ശുകൾതന്നെ. പട്ടികകൾകൊണ്ടുണ്ടാക്കിയ കുരിശ്ശുകളുടെ കൂമ്പാരമാണു് ആ മേൽക്കൂരയെന്നയാൾക്കു തോന്നി അയാൾ ചാടി എണീററു. അതാ, താൻ കിടക്കുന്ന കട്ടിലിനു കുറുകെപോലും കുരിശ്ശു്. കസേരയുടെ താഴെയുമുണ്ടു് കുരിശ്ശു്. ഓ, ചുററും കുരിശ്ശുതന്നെ!

രാത്രിയിൽ അയാളുടെ വീടു് കത്തിയെരിയുന്നതു കണ്ടു് അയൽക്കാർ ഓടിയെത്തി. അമ്പരപ്പിക്കുന്ന ഒരു കാഴ്ചയാണവർ കണ്ടതു്. തീയിടലരിഞ്ഞു താഴേയ്ക്കു പതിക്കാൻ തയ്യാറെടുത്തു നില്ക്കുന്ന മോന്തായത്തിൽനിന്നു താഴോട്ടു തൂങ്ങുന്ന ഒരു കയററിൽ കുരിശാകൃതിയിൽ തൂങ്ങിക്കിടക്കുന്ന വികൃതമായ ഒരു മനുഷ്യരൂപം.

★

പ്രസിദ്ധി നേടിയ
CRM
ഉഴുന്നമാവ്
പ്രത്യേകം നോക്കി വാങ്ങുക
SWISARLA T.C.R.
കൂടാതെ ട്രേഡ്മാർക്ക് നല്ലെണ്ണ, എള്ളുംപിണ്ണാക്ക്, ഉഴുന്നുപരിപ്പ്,
1-ാം തരം പപ്പടക്കാരം, കന്നുകാലിആഹാരം മുതലായവ
കമ്മേർസിയൽ റൈസ് മിൽ
PHONE FACTORY...... 102 TRADING SECT. 31A
കൊക്കാലെ, തൃശ്ശൂർ.
TEL: CIARYEM.

കുട്ടികളുടെ സൽഗ്രന്ഥപാരായണത്തെ പ്രോത്സാഹിപ്പിക്കുവാൻ

**ഫൗണ്ടൻ പേനകൾ സമ്മാനം.** ഒന്നാം സമ്മാനം 22ക വില

*യുള്ള പൈലററ് പെനും പെൻസിലും. ആകെ 10 സമ്മാനങ്ങൾ. താഴെ പറയുന്ന പുസ്തകങ്ങളിൽനിന്നു് നിങ്ങൾ തെരഞ്ഞെടുക്കുന്നവയുടെ വില മണിയോർഡറായി അയച്ചുതന്നാൽ പുസ്തകങ്ങളും സൗജന്യസമ്മാനക്കൂപ്പണുകളും അയച്ചുതരുന്നതാണു്: ശുദ്ധീകരണസ്ഥലം 0_50, ഏഴകളുടെ തോഴർ (നോവൽ) 0_75, മുരളീഗാനം (ബാലനോവൽ) 1_50, പള്ളീടെ മതിലേക്കിളു് ത്തതാ (കഥകൾ) 0_65, കണ്ണുനീർ (നാടകം) 0_50. നറുക്കെടുപ്പുതീയതി: 25_12_1964.*

**മാനേജർ, അസ്സീസി പ്രസ്സ്, കൊല്ലം_1.**

## ദിവ്യകാരുണ്യകോൺഗ്രസ് വാർത്തകൾ

*(292_ാം പേജിൽനിന്നു തുടർച്ച)*

ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാക്കു് കാണിച്ചുകൊടുക്കാൻ രേഖകളും കൈയിൽ വേണം. അല്ലാത്തവരെ കുത്തിവച്ചു് ഒരാഴ്ച വേർതിരിച്ചു് താമസിപ്പിക്കും. അവിടെനിന്നും പുറത്തുവരുമ്പോഴേയ്ക്കും എല്ലാ 'ക്ഷുദാശ' യും തീർന്നിരിക്കും. മുനിസിപ്പൽ ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽനിന്നുള്ള ഈ കല്പന പൊതുനന്മയെ ലാക്കാക്കി വളരെ കാർക്കശ്യത്തോടെ കാക്കപ്പെട്ടുമെന്നുള്ളതിനു രണ്ടു പക്ഷമില്ല.

**കേന്ദ്രമന്ത്രിമാർ:** ദിവ്യകാരുണ്യകോൺഗ്രസ്സിനെപ്പററി ചർച്ചചെയ്യാൻ ചെന്ന അത്യുന്നത കാർഡിനൽ ഗ്രേഷ്യസ്സിനു കേന്ദ്രമന്ത്രിമാർ വളരെസമയം താല്പര്യപൂർവ്വം അനുവദിച്ചു. തങ്ങളുടെ ഡിപ്പാർട്ടുമെൻറിൻെറ സഹകരണം അവരിൽ പലരും കലവറ കൂടാതെ പറഞ്ഞൊക്കുകയുംചെയ്തു.

**പ്രസിഡൻറ്:** ഇന്ത്യൻ രാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണൻ കോൺഗ്രസ്സിൻെറ ഉത്ഘാടനത്തിൽ സംബന്ധിക്കുമെന്നു മിക്കവാറും തീർച്ചപറയാം. മാർപ്പാപ്പയുടെ പ്രതിനിധി അത്യുന്നത കാർഡിനൽ അഗജിയാനിയൻ ആയിരിക്കും ഉത്ഘാടകൻ.

**മുഖ്യമന്ത്രി മിസ്റ്റർ വി. പി. നായിക്:** സെപ്ററമ്പർ ഒന്നിനു കൂടിയ കോൺഗ്രസ്സിൻെറ വർക്കിങ്ങ് കമ്മിററിയിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി മിസ്റ്റർ വി. പി. നായിക് സംബന്ധിച്ചു. തൻേറയും തൻെറ ഗവണ്മെൻറിൻേറയും എല്ലാ സഹായവും അദ്ദേഹം വാഗ്ദാനവും ചെയ്തു. നന്ദിസ്മാരകമായി നമ്മുടെ കാർഡിനൽ ഗ്രേഷ്യസ് തിരുമേനി അദ്ദേഹത്തിനു മനോഹരമായ ഒരു പുകക്കുഴൽ സമ്മാനിക്കയും ചെയ്തു.

**ഭക്ഷ്യപ്രശ്നം:** കോൺഗ്രസ്സ് ദിനങ്ങളിൽ ബോംബെയിൽ എത്തുന്ന ലക്ഷക്കണക്കിനു തീർത്ഥാടകൎക്കുവേണ്ട ഭക്ഷണം കിട്ടുക വലിയൊരു പ്രശ്നമാണു്. തീർത്ഥാടകരുടെ പേരിൽ ഭക്ഷ്യവിഭവങ്ങൾക്കു വില കൂടാൻ സാധ്യതയുണ്ടു്. ഇപ്പോൾത്തന്നെ പാവപ്പെട്ടവൎക്കു പട്ടിണിയുടെ ചീട്ടുമാത്രമേ സ്വന്തമായിട്ടുള്ളു. അതിനും പുറമെ, തീർത്ഥാടകർകൂടിയാകുമ്പോൾ! കരിഞ്ചന്തക്കാരും കുത്തകക്കാരും ഈ ചുററുപാടിൽ മുതലെടുക്കാൻ നോക്കും. അതിനെ തടയാൻ മഹാരാഷ്ട്രഗവണ്മെൻറ നടപടികളാരംഭിച്ചിട്ടുണ്ടു്.

1) കോൺഗ്രസ്സിന്നു വരുന്ന തീർത്ഥാടകരെ പോററാൻ പര്യാപ്തമായ വിഭവങ്ങൾക്കുവേണ്ടി, കേന്ദ്രത്തോടു് അപേക്ഷിച്ചിട്ടുണ്ടു്.

**SNOW WHITE**

ELECTRIC

**DRY CLEANERS & DYERS**

NEAR NADUVILAL, **TRICHUR - 1.**

with Modern Equipments done to Your Satisfaction by Experts

*A TRIAL WILL CONVINCE YOU.*

2) സന്ദർശകർക്കും തീർത്ഥകർക്കും വേണ്ടിവരുന്ന പാൽ പട്ടണത്തിനു വെളിയിൽനിന്നു ശേഖരിക്കാൻ മിൽക്ക് കമ്മീഷണർ പരിശ്രമിക്കുന്നു. പ്രത്യേക കാർഡുവഴി ഈ പാൽ മുഴുവൻ വിതരണംചെയ്യപ്പെടും.

3) ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ സൂക്ഷിക്കാൻ സ്ഥലസൗകര്യങ്ങൾ ഏർപ്പാടു ചെയ്തുവരുന്നു.

**വാർത്താവിനിമയം:** കോൺഗ്രസ്സിനെ സംബന്ധിച്ച വാർത്തകൾ വിനിമയംചെയ്യാൻ ഒരു കേന്ദ്രം തുറന്നിട്ടുണ്ട്.

കോൺഗ്രസ്സിനെപ്പററിയുള്ള വാർത്തകൾ വിതരണംചെയ്യാൻ ഒരു ബുള്ളററിൻ ഇവർ പ്രസിദ്ധീകരിക്കുന്നു. കോൺഗ്രസ്സ് പരിപാടികൾ റേഡിയോവഴി പ്രക്ഷേപണം ചെയ്യപ്പെടും. ടെലവിഷൻ ഏർപ്പെടുത്തണമെന്നു പല കേന്ദ്രങ്ങളും ആഗ്രഹിക്കുന്നു.

**കോൺഗ്രസ്സ് രംഗം:** കോൺഗ്രസ്സ് മൈതാനത്തിന്റെ മദ്ധ്യത്തിൽ അൾത്താര. അതിനു തൊട്ട്, ഒരുവശത്ത് 500 മെത്രാന്മാർക്ക് കസേരയും മുട്ടുകുത്താനുള്ള പ്രഡ്യൂവും സജ്ജീകരിച്ചിട്ടുള്ള ഉന്നതപീഠം. മറുവശത്ത്, 1000 ഗായകസംഘക്കാർക്ക് (Choir) നിൽക്കുവാനുള്ള മറെറാരു പീഠം. തുടർന്ന്, 80000 പേർക്ക് ഇരിക്കുവാനുള്ള സൌകര്യവും അതിനു ചുററുമായി ഒരു ലക്ഷം പേർക്ക് നിൽക്കുവാനുള്ള സൌകര്യവും ഏർപ്പെടുത്തുന്നതാണ്.

**അരുളിക്ക:** ഒരു ആസ്ട്രിയൻ വ്യാപാരസംഘം കോൺഗ്രസ്സ് ആവശ്യത്തിലേയ്ക്കായി ഒരു വിശേഷതരം അരുളിക്ക സമ്മാനിച്ചിരിക്കുന്നു. രത്നക്കല്ലുകൾ പതിച്ച് അലങ്കരിച്ച പ്രസ്തുത അരുളിക്ക ദിവ്യകാരുണ്യരാജനു യോജിച്ച സിംഹാസനംതന്നെ, സംശയമില്ല.

**കോൺഗ്രസ്സ് സ്മാരകം:** ഭാവി തലമുറകളെ ഈ മഹൽസംഭവത്തെപ്പററി അനുസ്മരിപ്പിക്കുന്നതിന്, അനുയോജ്യമായ ഒരു സ്മാരകം ആവശ്യമാണ്. ഭാരത സഭാമേലദ്ധ്യക്ഷന്മാർ അതിനെപ്പററി ദീർഘമായി ചർച്ച ചെയ്ത് 1963_ൽ ബാംഗ്ളൂരിൽ ആരംഭിച്ച സെൻറ് ജോൺസ് മെഡിക്കൽ കോളെജും ആസ്പത്രിയും കോൺഗ്രസ്സ് സ്മാരകമായി അംഗീകരിച്ചു.

തികച്ചും ആദ്ധ്യാത്മികമായ മണ്ഡലത്തിലും ഒരു കോൺഗ്രസ്സ് സ്മാരകം വേണമെന്ന് അധികാരികൾ ആഗ്രഹിച്ചു. ദിവ്യകാരുണ്യനാഥന്റെ ആരാധനയിൽ കൂടുതൽ സമയം ചെലവഴിക്കുന്ന ദിവ്യകാരുണ്യ വൈദികന്മാരുടെ ഒരു ആശ്രമം ഇന്ത്യയിൽ സ്ഥാപിക്കാൻ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകൊടുക്കും. 2 അച്ചന്മാരും 3 സഹോദരന്മാരും ഇതിനകം ഗോവയിൽ എത്തിക്കഴിഞ്ഞു.



*നിത്യസഹായ മാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.*

— എളിയദാസി,
പുത്തൻചിറ.

*PERMISSU SUPERIORUM*
Edited & Published by Fr. J. Chemmanoor B.A.,
Printed at the
Union Press, Mariapuram, Trichur-5.

## ★ വിജയം വിശേഷാൽപ്രതി ★

*പതിവുപോലെ ഇക്കൊല്ലവും മേരിവിജയം വാർഷികവിശേഷാൽപ്രതി ഡിസംബറിൽ പ്രസിദ്ധീകരിക്കണമെന്നു ഉദ്ദേശിക്കുന്നു. ഒരു ലക്കം മാസികയെങ്കിലും മുടക്കാതെയും വരിക്കാരിൽനിന്നു പ്രത്യേകചാർജ്ജ് ഈടാക്കാതെയും വിശേഷാൽപ്രതി ഇറക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.*

**എന്നാൽ** *ഇക്കൊല്ലത്തെ വരിസംഖ്യ മുഴുവൻ തീർത്തിട്ടില്ലാത്ത ഏജൻറുമാരും വരിക്കാരും ഈ മാസം 20_ാംനു-ക്കു മുമ്പായി കണക്കുവ സാനിപ്പിക്കേണ്ടതാണ്. കൂടുതൽ മണിയോർഡർ ഫാറങ്ങൾ കിട്ടാനില്ലാത്തതുകൊണ്ട്, മുൻകൊല്ലങ്ങളിലെപ്പോലെ, കടിശ്ശികക്കാരുടെ മാസികയിൽ മണിയോർഡർഫാറം വച്ചയക്കുന്നില്ല. അതിനു പകരം വരിക്കാരുടെ കടിശ്ശികസംഖ്യയും മേൽവിലാസനമ്പരും കുറിപ്പിച്ച കാർഡുകൾ ഈ ലക്കം മാസികയിൽ വച്ചയക്കുന്നുണ്ട്. സംഖ്യ അയക്കുമ്പോൾ നിങ്ങളുടെ മേൽവിലാസവും മേൽവിലാസനമ്പരും കാണിക്കേണ്ടതാണ്. വരിസംഖ്യ മുഴുവൻ തീർക്കാത്തവർക്ക് വിശേഷാൽപ്രതി ഞങ്ങൾ അയക്കാറില്ലെന്നു എല്ലാവർക്കും അറിയാമല്ലൊ. സഹായസഹകരണങ്ങൾക്കു നന്ദിപറഞ്ഞുകൊണ്ട്,*

*നിങ്ങളുടെ വിനീതവിധേയൻ,*
**മേരിവിജയം മാനേജർ.**

# OUR PUBLICATIONS

**An Introduction to Physics** — By: V. Goplakrishnan M Sc., C. Radhakrishnan M. Sc. and P. M. Madhusudhanan M. Sc.
for Pre-Degree and Pre-Professional Courses Vol. I — Price: 4—50
Do Do Vol. II — „ 3—50

**Text Book of Algebra** — PRICE: 3—00
(FOR B. Sc. SUBSIDIARY)

**Text Book of Algebra** — By Fr. Thomas Mootheden, M. A., D.D., Principal, St. Thomas' College, Trichur.
For B. Sc. Main and Subsidiary Maths and Pre-Professional Students — PRICE: 3—50

**New Model Questions and Answers in Social Studies** — By C. A. SCARIA, B. A., B. T.
For Std. IX, X. — PRICE: 1—00

**New Model Questions & Answers** — By R. S. Iyer B. A., B. T.
For S.S.L.C. Examination Mathematics I & II Papers — PRICE: 1—50

**A Reference Book of General Knowledge** — By R. S. Iyer B. A., B. T.
For U. S. S. Examination — PRICE: 1—50

**A Guide to Pre-University Sanskrit** — By: E. Raghava Warrier, M. A., B. T., Ret. Principal, Govt. Brennen College, Tellicherry.
(PROSE ONLY) — PRICE: 2—00

**A Guide to Pre-University Hindi Texts** — By: Prof: S. Padmanabh, M. A., B. T. (Sree Kerala Varma College, Trichur)
PRICE: 2—00

**A Guide to S. S. L. C. Hindi** — By: V. Rama Menon B.A., B.Ed., Senior Hindi Teacher.
(TEXT WITH NON-DETAILED) — PRICE: 1—65

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് II** — By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
(MALAYALAM PAPER II) — PRICE: 1—00

**A Guide to S. S. L. C. Sanskrit** — By: Vidwan N. V. Sekhara Warrier
(ACADEMIC AND SANSKRIT SCHOOLS) — PRICE: 2—50


**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് I** — By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
(കേരള പാഠാവലി; വ്യാകരണവൃത്താലങ്കാരങ്ങൾ തുടങ്ങി മലയാളം ഒന്നാം ചോദ്യക്കടലാസ്സിനാവശ്യമായ എല്ലാ വിഷയങ്ങളും അടങ്ങിയതു്.) — PRICE: 3—00

| | | |
|---|---|---|
| പാടിത്തളർന്ന പാതിരാവു് — (നോവൽ) — അരിമ്പൂർ പാപ്പച്ചൻ | .... | വില: 2—00 |
| ആ പ്രകാശം അണഞ്ഞു (നോവൽ) — വണ്ടാനം കെ. കെ. പിള്ള | .... | വില: 1—25 |
| **ആത്മാവിന്റെ ആലിംഗനം** — പുന്നപ്ര ദാമോദരൻ | .... | വില: 1—75 |
| **സ്നേഹത്തിന്റെ കൈത്തിരി** — (സാമൂഹ്യനാടകം) — എം. ദിവാകരൻ ബി.എ., ബി എഡ്. | | വില: 1—75 |

*[ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗൈഡുകൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള പ്രധാന പുസ്തകവ്യാപാരികളിൽനിന്നും കിട്ടുന്നതാണ്. സ്ഥലത്തെ പുസ്തകവ്യാപാരികളിൽനിന്നു കിട്ടാത്തപക്ഷം ഞങ്ങൾക്ക് നേരിട്ടെഴുതുക.]*

## പുലിക്കോട്ടിൽ പബ്ലിഷിങ്ങ് ഹൗസ്സ്, ഹൈറോഡ്, തൃശ്ശൂർ-1.

# നിങ്ങളുടെ കത്തുകളിൽ
## മേൽവിലാസം
## ശരിയായി, പൂർണ്ണമായി എഴുതുക.




**മേൽവിലാസം പൂർണ്ണമായാൽ കത്തുകൾ**
**വേഗത്തിലും വഴിതെററാതേയും എത്തുന്നു**



കമ്പി - തപാൽവകുപ്പ്